# സത്യദൂതൻ

2018 ഫെബ്രുവരി | ലക്കം 2

വില ₹ 30



## റിച്ചാർഡ് ഡാക്കിൻസ് വിമർശിക്കപ്പെടുന്നു

## പരിണാമ സിദ്ധാന്തവും മതങ്ങളും

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly


لا الٰہ الا اللّٰہ محمد رسول اللّٰہ

# സത്യദൂതൻ

2018 ഫെബ്രുവരി
ഹി.ശ.1398 - തബ്ലീഗ്
1439 ജ. അവ്വൽ - ജ. ആഖർ
പുസ്തകം 90 ലക്കം 2
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**റസൂൽ(സ) തിരുമേനിയുടെ ആത്മീയ പ്രഭാവം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 12-01-2018ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**12**
**റിച്ചാർഡ് ഡാക്വിൻസ് വിമർശിക്കപ്പെടുന്നു**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**17**
**ഭ്രൂണവിജ്ഞാനീയം ഖുർആനിലും ഹദീസിലും**
കെയ്ത്തിൻ മൂർ

**20**
മാപ്പിളപ്പാട്ട്
**ആദ്യത്തെ വഹി**
എം. എ. സമദ്

**21**
**കർബല: ചരിത്രത്തിലെ വഴിത്തിരിവ്**
മുഹമ്മദ് ത്വാഹിർ നദീം, യു. കെ

**27**
**ദൈവം ഇല്ല എന്ന് ഉറപ്പിച്ച് പറയാൻ സാദ്ധ്യമല്ല**
റിച്ചാർഡ് ഡാക്വിൻസ് ജോൺ ബിംഗാം

**29**
**മലക്കുകൾ - 5 കാരണങ്ങളുടെ അദൃശ്യമായ കണ്ണികൾ**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**35**
**ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ - 16**
ഇബ്നു വഫ കോഴിക്കോട്

**39**
കുറിപ്പുകൾ
**പരിണാമ സിദ്ധാന്തവും മതങ്ങളും**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026. Cover Photo: Mahmood Mosque, Malmo, Sweden
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



ബോധനം വഴിയോ അല്ലെങ്കിൽ ഒരു മറയുടെ പിന്നിൽ നിന്നോ അതുമല്ലെങ്കിൽ ഒരു ദൂതനെ അയച്ച് അവന്റെ കൽപ്പന പ്രകാരം അവനുദ്ദേശിക്കുന്നവർക്ക് അദ്ദേഹം (ആ ദൂതൻ) ബോധനം നൽകുകയോ ചെയ്യുന്ന മാർഗേണയല്ലാതെ ഒരു മനുഷ്യനോടും അല്ലാഹു സംസാരിക്കുകയുണ്ടാവില്ല. തീർച്ചയായും അവൻ സർവോന്നതനും അഗാധജ്ഞനുമാകുന്നു. (42: 52)



## നബിവചനം

നിങ്ങളിൽ വല്ലവനും താനിഷ്ടപ്പെടുന്ന രീതിയിലുള്ള സ്വപ്നം കണ്ടാൽ തീർച്ചയായും അത് അല്ലാഹുവിൽ നിന്നുള്ളതാണ്. അവൻ അല്ലാഹുവിനെ സ്തുതിക്കുകയും അതിനെ സംബന്ധിച്ച് മറ്റുള്ളവരോട് പറയുകയും ചെയ്യട്ടെ. വല്ലവനും താൻ വെറുക്കുന്ന തരത്തിലുള്ള സ്വപ്നം കണ്ടാൽ തീർച്ചയായും അത് പിശാചിൽ നിന്നുള്ളതാണ്. അതിന്റെ നാശത്തിൽ നിന്ന് അവൻ അല്ലാഹുവിനോട് അഭയം തേടുകയും അത് പറയാതിരിക്കുകയും ചെയ്യട്ടെ; അത് അവന് യാതൊരു ഉപദ്രവവും ചെയ്യുകയില്ല. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

### ദൈവത്തിൽ നിന്നുള്ള ആശ്വാസം



ഇൽഹാമിന്റെ മറ്റൊരു രൂപം ഇതാണ്. മനുഷ്യന്റെ ശബ്ദവുമായി യാതൊരു ബന്ധവുമില്ലാത്ത നിലയിൽ പുറത്തുനിന്നെത്തുന്ന പോലെ ഒരു ശബ്ദം വരുന്നു. ആ ശബ്ദം ഒരു മറയുടെ പിന്നിൽ നിന്ന് ആരോ സംസാരിക്കുന്നത് പോലെ തോന്നും. എന്നാൽ ഈ ശബ്ദം കർണാനന്ദകരവും അതിമനോഹരവും ഒരളവോളം വേഗത കൂടിയതു മായിരിക്കും. ഹൃദയത്തിന് അതൊരു ആനന്ദ നിർവൃതി നൽകുകയും മനുഷ്യൻ ഏതോ ലയത്തിലായിരിക്കുമ്പോൾ പെട്ടെന്നുണ്ടാകുന്ന ഈ നാദം കേട്ട് അത് ഏത് ഭാഗത്ത് നിന്നാണ് വരുന്നതെന്നും ആരാണ് തന്നോട് സംസാരിച്ചതെന്നും മനസ്സിലാകാതെ അയാൾ അമ്പരന്ന് പോകും. വിസ്മയ പരതന്ത്രനായി അയാൾ അങ്ങോട്ടുമിങ്ങോട്ടും നോക്കുകയും ഏതോ മാലാഖയാണ് തന്നോട് സംസാരിച്ചതെന്ന് അപ്പോൾ അയാൾ മനസ്സിലാക്കുകയും ചെയ്യും. ഈ ബഹിർനാദം അധികവും മനുഷ്യൻ ഏതെങ്കിലും കാര്യത്തിൽ വളരെയേറെ വിചാരമഗ്നനും ദുഃഖിതനു മായിരിക്കുമ്പോൾ സുവിശേഷമായിട്ടായിരിക്കും കേൾക്കുക. (ബറാഹീനെ അഹ്മദിയ്യാ)

എഡിറ്റോറിയൽ

# അദൃശ്യങ്ങളിലുള്ള വിശ്വാസം

വിശുദ്ധ ഖുർആനിലെ വിഷയ സാകല്യത്തിന്റെ ഒരു ലഘു മാതൃകയാണ് സൂറ: ബഖറ. അതിലെ പ്രഥമ വചനങ്ങളിൽ വിശ്വാസികളെ സംബന്ധിച്ച് നടത്തിയ പ്രഖ്യാപനം ഇപ്രകാരമാണ്. ***'അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും നമസ്ക്കാരം നിലനിർത്തുകയും നാം അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരതെ അവർ' (വി. ഖുർആൻ 2:4)*** അദൃശ്യങ്ങളിൽ വിശ്വസിക്കുക എന്ന ഖുർആന്റെ സവിശേഷ ശൈലി ഗഹനമായ ഒന്നാണ്. വാസ്തവത്തിൽ ഇസ്‌ലാം മത വിശ്വാസത്തിന്റെ ആകെത്തുക അദൃശ്യത്തിലുള്ള ഈ വിശ്വാസമാണ്. അയുക്തികമായ വിശ്വാസം വെച്ചു പുലർത്തുന്നവരെ അവിശ്വാസികളെന്ന് ഖുർആൻ പറഞ്ഞിരിക്കെ അദൃശ്യത്തിൽ വിശ്വസിക്കുക എന്ന ഖുർആന്റെ കൽപ്പന ശ്രദ്ധേയമാണ്.

ഇവിടെ അദൃശ്യത്തിൽ വിശ്വസിക്കുക എന്നത് അസ്തിത്വം ഇല്ലാത്ത ഒന്നിൽ തെളിവുകളൊന്നും കൂടാതെ വിശ്വസിക്കുക എന്നല്ല. മനുഷ്യന്റെ ഇന്ദ്രിയങ്ങളുടെ പരിമിതി കാരണം അവന്റെ സംവേദനേന്ദ്രിയങ്ങൾക്ക് ഗ്രാഹ്യമാകാത്തതോ ഗോചരീഭവിക്കാത്തതോ ആയ അദൃശ്യയാഥാർത്ഥ്യങ്ങളുണ്ടെന്നും അവയിൽ വിശ്വസിക്കണമെന്നുമാണ് ഖുർആന്റെ കൽപ്പന. ഇന്ദ്രിയങ്ങളുടെ അവസ്ഥയോ ഗുണനിലവാരമോ വീക്ഷണകോണോ മാറുമ്പോൾ പല അദൃശ്യ യാഥാർഥ്യങ്ങളും അനുഭവവേദ്യമായിത്തീരും. ഭൗതിക ലോകത്ത് നിന്ന് തന്നെ നമുക്ക് ഇതിന് ഉദാഹരണങ്ങൾ ലഭിക്കും. അതായത് ആകാശത്ത് നഗ്ന നേത്രങ്ങൾ കൊണ്ട് നോക്കുമ്പോൾ ദൃശ്യമാകുന്ന നക്ഷത്രങ്ങളുടെ എണ്ണത്തേക്കാൾ അധികമാണ് ദൂരദർശിനി കൊണ്ട് നോക്കുമ്പോൾ ലഭിക്കുക. അപ്പോൾ അത്വരെ അദൃശ്യമായി നിന്ന യാഥാർഥ്യങ്ങൾ നമുക്ക് ദൃശ്യമാവുന്നു. അതുപോലെ നമ്മുടെ സ്ഥൂല ശരീരത്തിൽ ആത്മീയ ദർശന ശേഷിയുടെ അപര്യാപ്തതയുണ്ട്. സത്യസന്ധവും സാത്വികവുമായ ജീവിതം നയിച്ച് ഇന്ദ്രിയങ്ങളുടെയും ദേഹേച്ഛകളുടെയും മേൽ ആത്മീയ അധീശത്വം നേടുന്ന ജ്ഞാനികൾക്ക് ഈ ലോകത്ത് വെച്ച് തന്നെ ആത്മീയ ദർശന ശക്തി ആർജിച്ച് അദൃശ്യലോകത്തെ പറ്റി കൂടുതൽ ജ്ഞാനങ്ങൾ ആർജിക്കാൻ കഴിയും. ശരീരത്തിൽ നിന്ന് ആത്മാവ് മോചിപ്പിക്കപ്പെട്ട് മറ്റൊരു സൂക്ഷ്മശരീരത്തിൽ അത് നിവേശിക്കപ്പെടുമ്പോൾ നമുക്ക് അത്വരെ അജ്ഞാതമായിരുന്ന അദൃശ്യലോകം കൂടുതൽ അനുഭവവേദ്യമാവുന്നതാണ്.

ദൃശ്യലോകവും അദൃശ്യ ലോകവും തമ്മിലുള്ള പാരസ്പര്യത്തിന്റെ അനിഷേധ്യമായ ഉദാഹരണങ്ങൾ നമ്മുടെ നിത്യ ജീവിതത്തിലുണ്ട്. ഉദാഹരണത്തിന് നമ്മുടെ സംസാരം അഥവാ ഭാഷണവൃത്തി നോക്കൂ. ഭാഷണത്തിന് മുമ്പായി നടക്കുന്ന ആശയ രൂപീകരണം അമൂർത്തമായ ഒരു മണ്ഡലത്തിൽ വെച്ചാണ് നടക്കുന്നത്. നമ്മുടെ മസ്തിഷ്ക്കത്തിലെ ബ്റോക്കാസ് ഏരിയ (Broca's Area) ഭാഷണ വ്യവഹാരങ്ങളെ നിയന്ത്രിക്കുന്നുണ്ടെങ്കിലും മനുഷ്യ മസ്തിഷ്ക്കത്തിൽ ബോധം ഉത്പാദിപ്പിക്കുന്ന ഭൗതിക അധിഷ്ഠാനമോ ന്യൂറോൺ സംഘാതമോ ഇല്ല. ചിന്ത ഉദ്ഭവിക്കുന്ന അദൃശ്യമണ്ഡലത്തിൽ നിന്ന് മസ്തിഷ്ക്കം അത് പിടിച്ചെടുത്ത് സംസാരമെന്ന മൂർത്തയാഥാർഥ്യമാക്കി മാറ്റുന്നു. അദൃശ്യമണ്ഡലം എന്നത് നമ്മുടെ അസ്തിത്വത്തിലുള്ളതും നമ്മുടെ അനുഭവ യഥാർഥ്യവുമാണ്. കേവലം ഇന്ദ്രിയാധിഷ്ഠിതമായ പ്രത്യക്ഷജ്ഞാനമല്ലാതെ മറ്റൊരു യാഥാർഥ്യവുമില്ലെന്ന വാദം അയുക്തികവും നിരർഥകവുമാണ്. പരലോക നിഷേധികളായ ഭൗതിക വാദികൾ ഉന്നയിക്കുന്ന ഈ വാദം അവരുടെ അറിവില്ലായ്മയാണെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്:

***അവർ പറയുന്നു: 'ജീവിതം എന്നത് നമ്മുടെ ഐഹിക ജീവിതം മാത്രമാണ്. നാം മരിക്കുകയും നാം ജീവിക്കുകയും ചെയ്യുന്നു. കാലം മാത്രമാണ് നമ്മെ നശിപ്പിക്കുന്നത് . വാസ്തവത്തിൽ അവർക്കതിനെക്കുറിച്ച് ഒരറിവുമില്ല. അവർ ഊഹിക്കുക മാത്രമാണ് ചെയ്യുന്നത്.' (വിശുദ്ധ ഖുർആൻ 45: 25)***



ഹദ്റത്ത് അഹ്മദ് (അ)

# മനുഷ്യനും മലക്കുകളും

ഇസ്ലാമിക നിയമത്തിൽ ചില പ്രത്യേക മലക്കുകൾ ചില പ്രത്യേക വ്യക്തികളേക്കാൾ ഔന്നത്യം വഹിക്കുന്നില്ല എന്ന കാര്യം നാം ഓർക്കേണ്ടതാണ്. തീർച്ചയായും രണ്ടാമത് പറഞ്ഞകൂട്ടർ ആദ്യം പറഞ്ഞ കൂട്ടരെക്കാൾ ഉയർന്ന പദവിയിലുള്ളവരാണ്. ആദ്യം പറഞ്ഞ മലക്കുകൾ ഭൗതികവും ആത്മീയവുമായ വ്യവസ്ഥകളിൽ മധ്യവർത്തികളായി പ്രവർത്തിക്കുന്നു എന്നത് അവരുടെ ഔന്നത്യത്തിന്റെ സൂചനയല്ല. വിശുദ്ധ ഖുർആൻ പറയുന്നത് പോലെ ***'അവൻ സൂര്യനെയും ചന്ദ്രനേയും രണ്ടും അവയുടെ കൃത്യങ്ങൾ സ്ഥിരമായി നിർവഹിക്കുന്ന തരത്തിൽ നിങ്ങൾക്ക് സേവനത്തിനേർപ്പെടുത്തിത്തന്നിരിക്കുന്നു.' (വി.ഖുർആൻ 14:34)*** ഒരു പോസ്റ്റ്മാൻ ഭരണാധികാരിയുടെ ഒരു കത്ത് ഗവർണർക്കോ ഗവർണർ ജനറലിനോ എത്തിക്കുന്നു. അതിനർഥം ഭരണാധികാരിക്കും ഗവർണ്ണർ ജനറലിന്നുമിടയിൽ ഒരു ഏജന്റ് എന്നനിലയിൽ വർത്തിക്കുന്ന ഒരു പോസ്റ്റ്മാൻ, ഗവർണർ ജനറലിനെക്കാൾ സമുന്നതമായ പദവി വഹിക്കുന്നയാളാണെന്നല്ല. ഇത്തന്നെയാണ് മദ്ധ്യവർത്തിയുടെയും സ്ഥിതി. ഭൂമിയിലെ ആത്മീയവും ഭൗതികവുമായ വ്യവസ്ഥയിലേക്ക് സർവശക്തനായവന്റെ കൽപ്പനകൾ വഹിച്ച് അവർ സ്വയം അത് നിർവഹിക്കുന്നു. മഹത്വവാനായ ദൈവം വിശുദ്ധ ഖുർആനിൽ ചില സ്ഥലങ്ങളിൽ അക്കാര്യം വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. ആകാശഭൂമികൾക്കിടയിൽ എന്തെല്ലാം സൃഷ്ടിക്കപ്പെട്ടുവോ അതെല്ലാം മനുഷ്യന്റെ നന്മക്കായിട്ടു മാത്രമാണ്. മനുഷ്യനാകട്ടെ പദവിയിൽ അവയെക്കാളെല്ലാം ഉയർന്നു നിൽക്കുകയും ചെയ്യുന്നു. മനുഷ്യൻ അവരാൽ സേവിക്കപ്പെടുകയും ചെയ്യുന്നു. ഖുർആൻ പറയുന്നത് പോലെ

***'അവൻ സൂര്യനേയും ചന്ദ്രനേയും രണ്ടും അവയുടെ കൃത്യങ്ങൾ സ്ഥിരമായി നിർവഹിക്കുന്ന വിധത്തിൽ നിങ്ങൾക്ക് സേവനത്തിന് ഏർപ്പെടുത്തിതന്നിരിക്കുന്നു.' (വി.ഖുർആൻ 14:34).*** മറ്റൊരു സ്ഥലത്ത് ഖുർആൻ പറയുന്നു:

***'നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം ഓർക്കുക: തീർച്ചയായും ഞാൻ കളിമണ്ണിൽ നിന്ന് ഒരു മനുഷ്യനെ സൃഷ്ടിക്കുകയാണ്. അങ്ങനെ ഞാൻ അവയെ ശരിയായി രൂപപ്പെടുത്തുകയും അവനിൽ എന്റെ വചനങ്ങളിൽ നിന്ന് ഒരംശം ഞാൻ അവതരിപ്പിക്കുകയും ചെയ്താൽ നിങ്ങളെല്ലാവരും അനുസരിച്ചുകൊണ്ട് അവന്റെ മുമ്പാകെ കുനിയുവീൻ. അപ്പോൾ മലക്കുകൾ എല്ലാവരും ഒന്നടങ്കം അനുസരിച്ചു. പക്ഷേ ഇബ്‌ലീസ് അനുസരിച്ചില്ല.' (വി. ഖുർആൻ 36: 72, 75)***

മനുഷ്യന് സുജൂദ് ചെയ്യുക എന്നതിന്റെ യഥാർഥ അർഥം മനുഷ്യന് മുമ്പിൽ സാഷ്ടാംഗങ്ങളും പ്രണിപതിച്ചുകൊണ്ട് സ്വയം നിൽക്കുന്നത്പോലെ താഴ്മയോടെ സമർപ്പിതമായ നിലയിൽ സേവനാർഥം നിലകൊള്ളുവാൻ മലക്കുകൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു എന്നാണ്. ആയതിനാൽ പൂർണനായ മനുഷ്യന് മുമ്പിൽ എല്ലാ മലക്കുകളും പ്രണിപതിച്ച് നിന്നു. എന്നാൽ ഈ സൗഭാഗ്യത്തിൽ നിന്ന് ഇബ്‌ലീസ് അകറ്റപ്പെട്ടു.


മലക്കുകളോട് ആദമിന് സുജൂദ് ചെയ്യണമെന്ന ഈ ആജ്ഞ ആദമിന്റെ ആവിർഭാവ സമയവുമായി ബന്ധപ്പെട്ട ഒന്നല്ല. അത് തികച്ചും മറ്റൊരു ആജ്ഞയായിരുന്നു. മനുഷ്യൻ മാനവൻ എന്ന നിലക്ക് അവന്റെ കഴിവുകളും പ്രാപ്തിയും പൂർണ്ണനിലയിലെത്തുകയും പക്വത പ്രാപിക്കുകയും ദൈവത്തിന്റെ ചൈതന്യം അവനിൽ കുടികൊള്ളുകയും ചെയ്യുമ്പോൾ അത്തരം ഒരു പരിപൂർണ മനുഷ്യനിലേക്ക് അവർ സുജൂദ് ചെയ്യണം എന്നതായിരുന്നു ആ ആജ്ഞ. മലക്കുകൾ സ്വർഗീയ പ്രകാശവുമായി അത്തരം വ്യക്തികളിൽ ഇറങ്ങുകയും അവർക്ക് വേണ്ടി അനുഗ്രഹത്തിനായി അർഥിക്കുകയും ചെയ്യും എന്നും പറയുന്നതാണ്. ദൈവം അവന്റെ തിരഞ്ഞെടുത്ത വരിഷ്ഠ ദാസന്മാരുമായി ബന്ധപ്പെട്ട് നടത്തുന്ന ഒരു അനശ്വര നിയമത്തെ പറ്റിയുള്ള സൂചനകളാണിത്. ഏതെങ്കിലും ഒരു കാലഘട്ടത്തിൽ ഒരാൾ ആത്മീയ പക്വത പ്രാപിച്ചാൽ സർവശക്തനായ ദൈവം അവനിൽ പ്രതിഫലിക്കുന്നു. അതായത് അയാൾക്ക് തന്റെ അഹംഭാവം നഷ്ടമാവുകയും ദൈവത്തിന്റെ പക്കലുള്ള അനശ്വര പദവി കൈവരിക്കുകയും ചെയ്യുന്നു. പ്രത്യേകമായ രീതിയിൽ മലക്കുകൾ അയാളിൽ ഇറങ്ങുന്നു. അയാളുടെ ആദ്യകാലസത്യാന്വേഷണത്തിൽ ഈ പ്രത്യേക ആരോഹണാവരോഹണം വളരെ പരിപൂർണവും അവികലവുമാണ്. ആയതിനാൽ അതിനെ സുജൂദ് എന്ന് വിവരിക്കപ്പെടാവുന്നതാണ്. സുജൂദ് സൂചിപ്പിക്കുന്നത് ഒരു പരിപൂർണ മനുഷ്യനേക്കാൾ മലക്കുകൾ ഉന്നതന്മാരല്ല എന്നാണ്. ഒരു രാജകീയ സേവകനെപ്പോലെ ഒരു പരിപൂർണ മനുഷ്യന് മുമ്പിൽ സ്വയം സുജൂദ് ചെയ്തു കൊണ്ട് അവർ ബഹുമാനം അർപ്പിക്കുന്നു.

(തൗസീഫെ മറാം)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 12–01–2018 ന് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വി.വ: മുഹമ്മദ് ഇസ്മായിൽ ആലപ്പി.

# റസൂൽ(സ) തിരുമേനിയുടെ ആത്മീയ പ്രഭാവം

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)




ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി(സ)തിരുമേനിയുടെ ഖുവ്വത്തെ ഖുദ്സി അഥവാ പരിശുദ്ധ ശക്തിയെ സംബന്ധിച്ച് പറയുന്നു:"ലോകത്ത് മറ്റൊരു നബിക്കും ലഭിച്ചിട്ടില്ലാത്ത പരിശുദ്ധ ശക്തിയാണ് നബി(സ)തിരുമേനിക്ക് ലഭിച്ചിട്ടുള്ളതെന്നാണ് എന്റെ മതം. ഇസ്ലാമിന്റെ അഭിവൃദ്ധിയുടെ രഹസ്യവും അതുതന്നെയാണ്. നബി(സ)തിരുമേനിയുടെ വശ്യശക്തി പ്രബലമായിരുന്നു. അവിടത്തെ സംസാരങ്ങളുടെ വശ്യത കാരണത്താൽ അത് കേൾക്കുന്നവർ അതിനോട് ആസക്തിയുള്ളവരാകുമായിരുന്നു. 'താൻ ആകർഷിച്ചെടുത്തവരെ അവിടന്ന് പരിശുദ്ധരാക്കി."

നബി(സ)തന്റെ സ്വഹാബാക്കളിൽ എത്തരത്തിലുള്ള മാറ്റങ്ങളാണുണ്ടാക്കിയതെന്ന് വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: സ്വഹാബാക്കളുടെ അവസ്ഥ നോക്കുകയാണെങ്കിൽ കളവ് പറയുന്ന ആരേയും അവരിൽ കാണുകയില്ല. അറബികളുടെ ആദ്യകാല അവസ്ഥ നോക്കുമ്പോൾ അവർ പാതാളലോകത്ത് കിടന്നിരുന്നവരായി കാണാൻ കഴിയുന്നു. അവർ ബഹുദൈവാരാധനയിൽ മുഴുകിയിരുന്നു. അനാഥരുടെ മുതൽ തിന്നുന്നവരും ദുർവൃത്തികളിലെല്ലാം ശൂരരും കടിഞ്ഞാണില്ലാത്തവരുമായിരുന്നു. കൊള്ളക്കാരെപോലെയായിരുന്നു അവരുടെ ജീവിതം. അതായത് അടിമുതൽ മുടിവരെ മാലിന്യത്തിൽ മുങ്ങിക്കിടന്നിരുന്നു. പക്ഷേ, മറ്റു ജനതകളിൽ ഉദാഹരണം ലഭിക്കാത്ത തരത്തിലുള്ള വിപ്ലവമാണ് അവരിൽ അവിടന്ന് ഉണ്ടാക്കിയത്. നബി(സ)തിരുമേനിയുടെ ഈ അത്ഭുതദൃഷ്ടാന്തം എത്രമാത്രം വലുതായിരുന്നുവെന്നാൽ ലോകത്തിന്റെ കണ്ണുകൾ തുറപ്പിക്കുന്നതിന് അത് മതിയായതായിരുന്നുവെന്ന് അവിടന്ന് ഒരു സ്ഥലത്ത് പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഒരു മനുഷ്യനെ നേരെയാക്കുക എന്നത് ദുഷ്കരമാണ്. ഏതെങ്കിലും ഒരു മനുഷ്യനെപോലും പരിഷ്കരിച്ചെടുക്കുക എന്നത് വളരെയേറെ ബുദ്ധിമുട്ടാണ്. എന്നാൽ, ഇവിടെ ഒരു ജനത തയ്യാറാക്കപ്പെട്ടു. അവർ തങ്ങളുടെ വിശ്വാസത്തിലും ആത്മാർഥതയിലും ആടുമാടുകളെ പോലെ ഈ സത്യത്തിൽ ബലി അറുക്കപ്പെട്ടു. അവർ സ്വീകരിച്ച വ്യക്തി യഥാർഥത്തിൽ ഭൂമിയിൽനിന്നുള്ള ആളായിരുന്നില്ല എന്നതായിരുന്നു വസ്തുത. നബി(സ)തിരുമേനിയുടെ സന്മാർഗത്തിന്റേയും സ്വാധീനംചെലുത്തുന്ന ഉപദേശത്തിന്റേയും അധ്യാപനം അവരെ അതിമാനുഷമായ മഹിമയുള്ളവരാക്കി. പരിശുദ്ധമായ ഗുണവിശേഷ

ങ്ങൾ അവരിൽ ഉണ്ടായി ക്കഴിഞ്ഞിരുന്നു. നമ്മൾ ലോകത്തിന്റെ മുമ്പിൽ സമർപിക്കുന്ന ഇസ്‌ലാമിന്റെ മാതൃക ഇതാണ്." അവിടന്ന് പറയുന്നു: "ഇതേ ഇസ്‌ലാമിന്റേയും സന്മാർഗത്തിന്റേയും കാരണമായിരുന്നു അല്ലാഹു പ്രവചനമെന്ന നിലയിൽ നബി(സ) തിരുമേനിയുടെ നാമം മുഹമ്മദ് എന്നു വെച്ചത്. ഇതുമുഖേന ഭൂമിയിൽ അദ്ദേഹത്തിന് പ്രശംസയുണ്ടായി. കാരണം അവിടന്ന് ഭൂമിയെ ശാന്തിയുടേയും അനുരഞ്ജനത്തിന്റേയും ഉത്കൃഷ്ടസ്വഭാവത്തിന്റേയും സദ്ധർമംകൊണ്ട് നിറച്ചു.

അവരിലുണ്ടായ അസാധാരണമായ മാറ്റങ്ങളെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''സ്വഹാബത്തിന്റെ ഉദാഹരണം നോക്കുക. വാസ്തവത്തിൽ ആദരണീയരായ സ്വഹാബാക്കളുടെ മാതൃകകൾ എല്ലാ നബിമാരുടേയും ഉദാഹരണമാണ്. അല്ലാഹുവിന് കർമങ്ങൾ മാത്രമാണ് ഇഷ്ടം. അവർ ആടുമാടുകളെപോലെ തങ്ങളുടെ ജീവൻ നല്കി. അവരുടെ ഉദാഹരണങ്ങൾ എങ്ങനെയുള്ളതാണെന്നാൽ, നുബുവ്വത്തിന്റെ ഒരു പ്രൗഢി ആദ(അ)മിൽനിന്ന് നടന്നുവരുന്നതാണ്. അതായത് നുബുവ്വത്തിന്റെ രൂപവും ആകൃതിയും സ്ഥാനവും ആദമിന്റെ കാലം മുതൽ നടന്നുവരുന്ന ഒരു ചിത്രമാണ്. പക്ഷേ, അത് മനസ്സിലായിരുന്നില്ല. എന്നാൽ, ആദരണീയരായ സ്വഹാബാക്കൾ അതിനെ തിളക്കമാർന്നതാക്കികാണിച്ചു. സത്യസന്ധതയും കൂറും അതാണെന്ന് പറഞ്ഞു തന്നു.' പിന്നീട് അവിടന്ന് പറയുന്നു: പിന്നീട് അവർ നയിച്ച അവിശ്രമ ജീവിതത്തിനും സമാനത എവിടെയും ലഭിക്കുകയില്ല. ആദരണീയരായ സ്വഹാബാക്കളുടെ സംഘം അത്ഭുതസംഘമായിരുന്നു. ആദരാർഹരും അനുധാവനാർഹരുമായ സംഘമായിരുന്നു. അവരുടെ മനസ്സുകൾ ദൃഢവിശ്വാസംകൊണ്ട് നിറഞ്ഞിരുന്നു. ദൃഢവിശ്വാസമുണ്ടാകുമ്പോൾ പതുക്കെ പതുക്കെ ആദ്യം ധനം തുടങ്ങിയവ കൊടുക്കാൻ ആഗ്രഹിക്കുന്നു. പിന്നീട് അത് വർധിക്കുമ്പോൾ ദൃഢവിശ്വാസമുണ്ടായ വ്യക്തി അല്ലാഹുവിനുവേണ്ടി ജീവൻ കൊടുക്കാൻ തയ്യാറാകുന്നു. പിന്നീട് സ്വഹാബാക്കളുടെ ശ്രേഷ്ഠത വിവരിച്ചുകൊണ്ട് ഒരവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: **ലാ തുൽഹീഹും തിജാറത്തുൻ വലാ ബയ്ഉൻ അൻ ദിക്‌രില്ലാഹ്** വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: അവരെ ഏതെങ്കിലും കച്ചവടമോ മറ്റെന്തെങ്കിലും കൊടുക്കൽ വാങ്ങലുമോ അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്ന് അശ്രദ്ധരാക്കുകയില്ല. അവിടന്ന് ഇത് വിശദീകരിച്ചുകൊണ്ട് പറയുന്നു: അവർ വലിയ വലിയ പരിവർത്തനങ്ങൾ ഉണ്ടാക്കിയിരുന്നുവെന്ന ഒരേയൊരായത്ത് സ്വഹാബാക്കളെ സംബന്ധിച്ചിടത്തോളം മതിയായതാണ്. അവർ എങ്ങനെയുള്ള പുരുഷന്മാരായിരുന്നുവെന്നാൽ കച്ചവടമൊന്നും അവരെ ദൈവസ്മരണയിൽനിന്ന് തടഞ്ഞിരുന്നില്ല. അതായത് ദൈവസ്നേഹത്തിൽ അവർ പരിപൂർണത നേടിയിരുന്നു. ഭൗതികമായ തിരക്കുകൾ എത്ര അധികമായുണ്ടായാലും അവരുടെ അവസ്ഥയിൽ അതിന് വിള്ളലുണ്ടാക്കാൻ കഴിയുമായിരുന്നില്ല.'

പിന്നീട് പറയുന്നു. ഓർമിച്ചുകൊള്ളുക, അല്ലാഹുവിന്റെ പരിപൂർണരായ മനുഷ്യർ ഇവരാണ്. അവരെ സംബന്ധിച്ച് പറയുന്നു, **ലാ തുൽഹീഹും തിജാറത്തുൻ വലാ ബയ്ഉൻ അൻ ദിക്‌രില്ലാഹ്** അല്ലാഹുവിനോട് സത്യസന്ധമായ ബന്ധവും പ്രേമവും ഉണ്ടാക്കിയെടുക്കുമ്പോൾ അത് അവരിൽനിന്ന് ഒരിക്കലും വേർപെടുകയില്ല. അവരുടെ ഈ അവസ്ഥ ഇങ്ങനെ നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഒരാളുടെ കുട്ടി രോഗിയാകുകയും അയാൾ എവിടെയെങ്കിലും പോവുകയും ഏതെങ്കിലും ജോലിയിൽ മുഴുകുകയും ചെയ്താൽ അയാളുടെ മനസ്സ് എപ്പോഴും ആ കുട്ടിയിൽത്തന്നെ നിലനില്ക്കുന്നതായിരിക്കും. ഇപ്രകാരം അല്ലാഹുവിനോട് സത്യസന്ധമായ ബന്ധവും സ്നേഹവും ഉണ്ടാക്കുന്നവർ ഒരവസ്ഥയിലും ദൈവത്തെ വിസ്മരിക്കുകയില്ല.

ആദരണീയരായ സ്വഹാബാക്കൾ രിള്‌വാനുല്ലാഹി അലയ്ഹിം ആ സത്യസന്ധമായ ബന്ധവും സ്നേഹവുമാണ് അല്ലാഹുവുമായിട്ടുണ്ടാക്കിയത്. അപ്പോൾ അവർ ഏതെങ്കിലും രീതിയിൽ അല്ലാഹുവിൽനിന്ന് അശ്രദ്ധരാകുകയോ ഏതെങ്കിലും ത്യാഗത്തിൽനിന്ന് പിന്മാറുകയോ ചെയ്യുന്ന പ്രശ്നം തന്നെ ഉദിക്കുമായിരുന്നില്ല. സഹാബാക്കളുടെ ധാരാളം ഉദാഹരണങ്ങൾ ഉണ്ട്.

ഹദ്റത്ത് ഖബ്ബാബുബ്നുൽ അറത്ത്(റ)നെ കുറിച്ച് വന്നിരിക്കുന്നു. അദ്ദേഹം മരണാസന്നനായപ്പോൾ എത്രമാത്രം പേടിയും ദൈവഭയവുമാണ് അദ്ദേഹത്തിലുണ്ടായിരുന്നതെന്നാൽ തന്റെ കഫൻപുടവ കാണുന്നതിനുവേണ്ടി വരുത്തിച്ചു. അത് വളരെ മേത്തരം തുണിയായിരുന്നു. തന്റെ അന്ത്യസംസ്കാരത്തിനായി ഒരുക്കിവച്ച തുണിനോക്കി അത് ആർഭാടവും അമിതവുമായിപ്പോയോ എന്നോർത്ത് കണ്ണീർതൂവി. പറഞ്ഞു: നോക്കൂ ഇതാണെന്റെ കഫൻ പുടവ. എന്നാൽ, നബി(സ)യുടെ പിതൃവ്യൻ ഹംസ രക്തസാക്ഷിയായപ്പോൾ നീളമില്ലാത്ത ഒരു തട്ടമേ പൊതിയാൻ കിട്ടിയിരുന്നുള്ളൂ. അത് തലയിലിട്ടാൽ കാലു കാണും; കാലിലിട്ടാൽ തല കാണും. അപ്പോൾ നബി(സ) തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് തല മറയ്ക്കുകയും കാലുകൾ പുല്ലുകൾവച്ച് മൂടുകയും ചെയ്തു. പിന്നീട് അങ്ങേയറ്റം ഭയത്തോടുകൂടി പറഞ്ഞു: നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ ഒരു ദീനാറിന്റെ അല്ലെങ്കിൽ ദിർഹമിന്റെ ഉടമസ്ഥനായിരുന്നില്ല ഞാൻ. ഇന്ന് നബി(സ) തിരുമേനിയുടെ അനുഗ്രഹംകൊണ്ട് അല്ലാഹു നല്കിയ സമ്മാനങ്ങളും ത്യാഗങ്ങൾ സ്വീകരിക്കപ്പെട്ടതും കാരണത്താൽ എന്റെ വീടിന്റെ മൂലയിൽ ഇരിക്കുന്ന ആ

പെട്ടിയിൽ 40,000 ദിർഹമുണ്ട്. അദ്ദേഹം കരഞ്ഞു. എന്തിനാണ് കരയുന്നതെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ കൂട്ടുകാർ ദുൻയാവിൽനിന്ന് തീരെ പ്രതിഫലംപറ്റാതെ വിടവാങ്ങി. ഞാൻ ബാക്കിയായി. എനിക്കു സ്വത്തുകിട്ടി. അത് എന്റെ ത്യാഗങ്ങൾക്കുള്ള പ്രതിഫലമായിപ്പോവുമോ എന്നോർത്താണ് ഞാൻ കരയുന്നത്.''

അന്ത്യദശയിൽ അദ്ദേഹം രോഗിയായപ്പോൾ സ്വഹാബാക്കൾ അദ്ദേഹത്തെ കാണുന്നതിനു പോയി. താങ്കളും നമ്മുടെ മഹാത്മാക്കളായ സ്വഹാബാക്കളെ കാണാൻപോകുകയാണെന്ന് തോന്നുന്നുവെന്ന് പറഞ്ഞ് സാന്ത്വനിപ്പിച്ചപ്പോൾ അദ്ദേഹം കരയാൻ തുടങ്ങി. പറഞ്ഞു: 'ഞാൻ മരണത്തെ ഭയന്നു കരയുകയാണെന്ന് നിങ്ങൾ ധരിക്കരുത്. മറിച്ച്, ഏതൊരു സഹാബാക്കളെയാണോ നിങ്ങൾ എന്റെ സഹോദരരെന്ന് പറഞ്ഞത് അവരുടെ സ്ഥാനം വളരെ ഉയർന്നതായിരുന്നു. അവരുടെ സഹോദരനാകാൻ എനിക്ക് അർഹതയുണ്ടോ എന്ന് എനിക്കറിയില്ല. നമുക്ക് മുമ്പേ കഴിഞ്ഞുകടന്നവർ ഭൗതികമായ സമ്പത്തുകളിൽനിന്നും മുതലുകളിൽനിന്നും -അതിൽനിന്നാണ് നമ്മൾ ഇന്ന് ഫലമെടുത്തുകൊണ്ടിരിക്കുന്നത്- അവർ ഫലമെടുത്തില്ല. ഇതോർത്താണ് ഞാൻ കരയുന്നത്.'

ദൈവഭയത്തിന്റേയും ഭയഭക്തിയുടേയും സ്ഥാനമെന്തായിരുന്നുവെന്നാൽ തന്നെ അങ്ങേയറ്റം ദുർബലനായി അദ്ദേഹം മനസ്സിലാക്കിയിരുന്നു. മരിച്ചതിനുശേഷം അല്ലാഹു തൃപ്തിപെടുമോ എന്ന പേടിയും ചിന്തയുമുണ്ടായിരുന്നു. അല്ലാഹു തൃപ്തിപെടണമെന്ന ദുആയായിരുന്നു എപ്പോഴും. അദ്ദേഹത്തിന്റെ ത്യാഗവും ദീനിനുവേണ്ടിയുള്ള സേവനവും ആരിൽനിന്നും ഒട്ടും കുറവായിരുന്നില്ല. ഹദ്റത്ത് അലി (റ) അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. അപ്പോൾ ഹദ്റത്ത് അലി ഖലീഫയായിരുന്നു. അദ്ദേഹത്തെ കുറിച്ച് ഹദ്റത്ത് അലി പറഞ്ഞ ചരിത്രപരമായ കാര്യങ്ങളിൽനിന്നുതന്നെ ഹദ്റത്ത് ഖബ്ബാബിന്റെ സ്ഥാനം നമുക്ക് അളക്കാൻ കഴിയും. അവിടന്ന് പറഞ്ഞു: 'ഖബ്ബാബിന് അല്ലാഹു അനുഗ്രഹം വർഷിക്കട്ടെ. പൂർണമനസ്സോടെ അദ്ദേഹം മുസ്‌ലിമായി. സംതൃപ്തിയോടെ അദ്ദേഹം പലായനം ചെയ്തു. സമരയോദ്ധാവായി അദ്ദേഹം ജീവിച്ചു. പുണ്യം ചെയ്തവരുടെ പ്രതിഫലം അല്ലാഹു പാഴാക്കുകയില്ല.'' ഹദ്റത്ത് ഉമർ(റ)ന്റെ ദൃഷ്ടിയിൽ ഹദ്റത്ത് ഖബ്ബാബിന്റെ സ്ഥാനം എത്രമാത്രം മഹത്തരമായിരുന്നുവെന്നു നോക്കുക. ഒരിക്കൽ ഹദ്റത്ത് ഉമർ ഹദ്റത്ത് ഖബ്ബാബിനെ വിളിപ്പിച്ചു. ഒരു ഉന്നത പീഠത്തിലിരുത്തി. ഹദ്റത്ത് ഉമർ(റ)പറഞ്ഞു: 'ഈ ഇരിപ്പിടത്തിന് ബിലാലിനെ കഴിച്ചാൽ താങ്കളെ അർഹനുള്ളു. ഹദ്റത്ത് ബിലാലും ആരംഭകാലത്ത് ഇസ്‌ലാം സ്വീകരിച്ചുകൊണ്ട് ഒരുപാട് പ്രയാസങ്ങൾ സഹിച്ചിരുന്നു.' ഹദ്റത്ത് ഖബ്ബാബ് പറഞ്ഞു:'അമീറുൽ മുഅ്മിനീൻ!ബിലാലും അവകാശപ്പെട്ടയാളാണെന്നതിൽ സംശയമില്ല. പക്ഷേ, സംഭവമിതാണ്. ബിലാലിനെ ബഹുദൈവവിശ്വാസികളിൽനിന്ന് രക്ഷപ്പെടുത്താൻ ആളുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്കർ അദ്ദേഹത്തെ വിലയ്ക്കു വാങ്ങി സ്വതന്ത്രനാക്കി. പക്ഷേ, എന്നെ ഈ അക്രമത്തിൽനിന്ന് രക്ഷപ്പെടുത്താൻ ആരുമുണ്ടായിരുന്നില്ല. എന്നെ അവിശ്വാസികൾ പിടിക്കുകയും തീയിലിടുകയും എനിക്ക് ആ തീയിൽനിന്ന് പുറത്തുവരാൻ സാധിക്കാത്തവിധം ഒരു അക്രമി എന്റെ നെഞ്ചിൽ കാല് ചവുട്ടിപിടിക്കുകയും ചെയ്ത ഒരു ദിവസവും എനിക്കു വന്നിരുന്നു. എന്റെ പുറം ആ തീക്കനലിൽ കിടന്ന് കിടന്ന് കത്തിപ്പോയി.' തീക്കനൽ കൂട്ടി അദ്ദേഹത്തെ അതിൽ മറിച്ചിട്ടു. പിന്നീട് ഖബ്ബാബ് തട്ടംനീക്കി തന്റെ പുറം കാണിച്ചുകൊടുത്തു. അവിടെ വെളുത്ത വരകളുടെ അടയാളങ്ങളുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: ജ്വലിച്ചുകൊണ്ടിരുന്ന തീക്കനലിൽ കിടത്തിയ കാരണത്താലാണ് ഈ അടയാളങ്ങളുണ്ടായത്. എന്റെ പുറത്തെ മാംസം എല്ലിൽനിന്ന് ഉതിർന്നുവീണു. എന്റെ ദേഹത്തുനിന്ന് ഒലിച്ചിറങ്ങിയ നീരുതട്ടിയാണ് തീ കെട്ടിരുന്നത്. അതിനുശേഷമാണ് ഈ വെളുത്ത തൊലി താഴെനിന്ന് വന്നത്. ഹദ്റത്ത് ഖബ്ബാബ് ബദ്ർ യുദ്ധത്തിലും ഖന്തക്ക് യുദ്ധത്തിലും പങ്കെടുത്തിരുന്നു. ഉഹുദിലും പങ്കെടുത്തിരുന്നു. ഇതെല്ലാം ഉണ്ടായിട്ടും മരണസമയത്ത് അല്ലാഹു തന്നെ ഇഷ്ടപ്പെടുമോ എന്ന ചിന്തയായിരുന്നു അദ്ദേഹത്തിന്.

മുആദുബ്നു ജബൽ ഒരു സ്വഹാബിയായിരുന്നു. അദ്ദേഹത്തെക്കുറിച്ച് പറയുന്നത് തഹജ്ജുദ് നിർവഹിക്കുന്നയാളും ദീർഘമായി ആരാധനാകർമങ്ങൾ അനുഷ്ഠിക്കുന്നയാളുമായിരുന്നു എന്നാണ്. അദ്ദേഹത്തിന്റെ തഹജ്ജുദ് നമസ്കാരത്തെക്കുറിച്ച് അദ്ദേഹത്തിന്റെ അടുത്തയാളുകൾ ഇങ്ങനെയാണ് ചിത്രീകരിക്കുന്നത്: 'അദ്ദേഹം ദൈവസന്നിധിയിൽ അപേക്ഷിക്കുന്നു: എന്റെ അല്ലാഹുവേ! ഈ നേരത്ത് എല്ലാവരും ഉറങ്ങിക്കിടക്കുകയാണ്. കണ്ണുകൾ അടഞ്ഞിരിക്കുകയാണ്. അല്ലാഹുവേ! നീ ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമാണ്. ഞാൻ നിന്നോട് സ്വർഗത്തെ ചോദിക്കുന്നു. എന്നാൽ, അതിൽ കുറച്ച് മടിയുണ്ട്. അതായത് കർമങ്ങൾ ചെയ്യുന്നതിൽ ഞാൻ മടിയനാണ്. തീയിൽനിന്ന് ദൂരത്തേക്ക് ഓടുന്നതിൽ ദുർബലനാണ്. നരകത്തിന്റെ അഗ്നിയും ഉണ്ടെന്ന് എനിക്കറിയാം. അതിൽനിന്ന് രക്ഷപ്പെടുന്നതിന് നന്മകൾ ചെയ്യേണ്ടിവരും. പക്ഷേ, ഞാൻ ദുർബലനാണ്. അല്ലാഹുവേ! നീ എനിക്ക് നിന്റെ അടുക്കൽനിന്ന് സന്മാർഗം നല്കിയാലും; പുനരുത്ഥാനനാളിലും ആ സന്മാർഗം എനിക്ക് ലഭിക്കേണമേ. ആ നാൾ നീ വാഗ്ദാനം ലംഘിക്കുകയില്ല.'' ഹദ്റത്ത് മുആദുബ്നു ജബൽ അല്ലാഹുവിന്റെ വഴിയിൽ ഒരുപാട് ചെലവഴിക്കാറുണ്ടായിരുന്നു. അങ്ങനെ ചെലവഴിച്ച കാരണ

ത്താൽ അദ്ദേഹത്തിന് കടവും വർധിക്കാറുണ്ടായിരുന്നു. ഹദ്റത്ത് കഅ്ബുബ്നു മാലിക്കിന്റെ മകൻ ഹദ്റത്ത് മുആദിനെ കുറിച്ച് പറയുന്നു: ''ഹദ്റത്ത് മുആദിനോടുള്ള അല്ലാഹുവിന്റെ പെരുമാറ്റം അത്ഭുതകരമായിരുന്നു. അദ്ദേഹം അങ്ങേയറ്റം അഴകുള്ള ആളായിരുന്നു. ധർമിഷ്ഠനുമായിരുന്നു. അദ്ദേഹത്തിന്റെ ദുആകളും ഒരുപാട് സ്വീകരിക്കപ്പെട്ടിരുന്നു. അല്ലാഹുവിനോട് എന്ത് ചോദിച്ചാലും അല്ലാഹു അദ്ദേഹത്തിന് നല്കുകയും ചെയ്തിരുന്നു. അദ്ദേഹത്തോട് അല്ലാഹുവിന് പ്രത്യേക ബന്ധമായിരുന്നു. കടം കൂടിയാലും അത് വീട്ടുന്നതിനുള്ള സാഹചര്യവും അല്ലാഹു ഒരുക്കിയിരുന്നു. അത്ഭുതകരമായ ബുദ്ധിയും ജ്ഞാനവും അല്ലാഹു അദ്ദേഹത്തിന് പ്രദാനം ചെയ്തിരുന്നു.'

ഈ സ്വഹാബാക്കൾക്ക് അല്ലാഹുവുമായുള്ള സ്നേഹം കാരണത്താൽ നബി(സ)തിരുമേനിയോടും സ്നേഹമുണ്ടായിരുന്നു. അല്ലെങ്കിൽ നബി(സ)തിരുമേനിയോടുള്ള സ്നേഹം കാരണത്താൽ അല്ലാഹുവിനോടും അവർക്ക് സ്നേഹമുണ്ടായിരുന്നു. കാരണം നബി(സ)തിരുമേനിയുടെ പരിശുദ്ധശക്തിതന്നെയാണ് അവരിൽ അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ഗ്രാഹ്യമുണ്ടാക്കിയിരുന്നത്. മുകളിൽ പറഞ്ഞതുപോലെ നബി(സ)തിരുമേനിയുടെ പരിശുദ്ധശക്തി അവരിൽ ഒരു വമ്പിച്ച വിപ്ലവമുണ്ടാക്കി. ഇല്ലെങ്കിൽ ഈ സമ്പ്രീതിയുടേയും സ്നേഹത്തിന്റേയും വിവരണങ്ങൾ ഒരിക്കലും എഴുതപ്പെടുമായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദും(അ)പറഞ്ഞതുപോലെ, അല്ലാഹുവിനുവേണ്ടി, അവരുടെ നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിനും തുല്യത ലഭിക്കുകയില്ല.

ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് ത്വൽഹായുടെ പ്രീതിയേയും സ്നേഹത്തേയും കുറിച്ച് നമുക്ക് വിവരണം ലഭിക്കുന്നുണ്ട്; ഒരു അമ്പും നബിയുടേമേൽ വന്ന് പതിയാതിരിക്കാൻ എങ്ങനെയാണ് അദ്ദേഹം തന്റെ കൈകൾ നബി(സ) തിരുമേനിയുടെ അനുഗൃഹീതമുഖത്തിനു മുമ്പിൽ മറയായി പിടിച്ചിരുന്നതെന്ന്! അവിടെ ഹദ്റത്ത് ശമ്മാസും വലിയ പങ്കാണ് വഹിച്ചിരുന്നത്. നബി(സ)തിരുമേനിയുടെ മുന്നിൽ മറയായി ഹദ്റത്ത് ശമ്മാസ് നിന്നു. എല്ലാ ആക്രമണങ്ങളും തന്റെമേലേറ്റുവാങ്ങി. നബി(സ)തിരുമേനി ഹദ്റത്ത് ശമ്മാസിനെക്കുറിച്ച് പറഞ്ഞത്, ശമ്മാസിനെ ഞാൻ ഏതെങ്കിലും വസ്തുവിനോട് ഉപമിക്കുകയാണെങ്കിൽ അത് പരിചയോടായിരിക്കുമെന്നാണ്. അദ്ദേഹം ഉഹുദ് രണാങ്കണത്തിൽ എനിക്കൊരു പരിചയായിത്തീർന്നിരുന്നു. അദ്ദേഹം എന്റെ മുമ്പിലും പിമ്പിലും ഇടത്തും വലത്തും കാവൽനിന്നുകൊണ്ട് അവസാന ശ്വാസംവരെ ഏറ്റുമുട്ടിക്കൊണ്ടിരുന്നു.'

സത്യം പറയുകയും അത് പറയുന്നതിൽ ആരേയും ഭയക്കാതിരിക്കുകയും ചെയ്യുക എന്നത് സ്വഹാബാക്കളുടെ ശീലമായിരുന്നു. ഹദ്റത്ത് സഈദുബ്നു സയ്ദിനെ കുറിച്ച് പറയുന്നു. അമീർ മുആവിയ നിയമിച്ച ഗവർണർ ഒരു ദിവസം കൂഫയിലെ ജാമിഅ മസ്ജിദിൽ ഇരിക്കുകയായിരുന്നു. ഹദ്റത്ത് സഈദും അവിടെ വന്നു. ഗവർണർ വലിയ ആദരവോടും ബഹുമാനത്തോടുംകൂടി അദ്ദേഹത്തെ സ്വീകരിച്ചു. തന്റെ അടുത്തിരുത്തി. ആയിടയിൽ കൂഫയിലെ ഒരാൾ അവിടെ വന്നു. അയാൾ ഹദ്റത്ത് അലിയെ ചീത്തപറയാൻ തുടങ്ങി. ഹദ്റത്ത് സഈദ് കുപിതനായി. താൻ ഗവർണരുടെ മുമ്പിലാണ് സംസാരിക്കുന്നതെന്നൊന്നും മിണ്ടാതിരിക്കുന്നതാണ് യുക്തിയെന്നൊന്നും മനസ്സിലാക്കിയില്ല. പറഞ്ഞു: ''അബൂബക്കർ, ഉമർ, ഉഥ്മാൻ, അലി, ത്വൽഹ, സുബയ്റുബ്നുൽ അവ്വാം, സഅ്ദ്, അബ്ദുർറഹ്മാനിബ്നു ഔഫ് എന്നിവർ സ്വർഗത്തിലായിരിക്കുമെന്ന് നബി(സ)യിൽനിന്ന് ഞാൻ കേട്ടിട്ടുണ്ട്.' പറഞ്ഞു: 'പത്താമതൊരാളുമുണ്ട്. അയാളുടെ പേര് ഞാൻ പറയുന്നില്ല.' സമ്മർദം ചെലുത്തി ചോദിച്ചപ്പോൾ പറഞ്ഞു: ആ പത്താമത്തെയാൾ ഞാൻ അതായത് സഈദുബ്നു സയ്ദാണ്. അദ്ദേഹത്തിൽനിന്ന് ഇങ്ങനേയും ഒരു നിവേദനമുണ്ട്.'ഏറ്റവും വലിയ പലിശ അതായത് നിഷിദ്ധവസ്തു മുസ്ലിംകളുടെ അഭിമാനത്തിനുമേൽ അന്യായമായി ആക്രമണം നടത്തുകയാണ്.' ഇന്ന് ഇക്കാര്യത്തെ മുസ്ലിംകൾ മറന്നുകളഞ്ഞു. വലിയ അളവു മുതൽ ചെറിയ അളവുവരെ നമ്മൾ കാണുന്നത് മുസ്ലിം മുസ്ലിമിന്റെ അഭിമാനത്തിനുമേൽ സ്വാർഥനേട്ടത്തിനു വേണ്ടി ആക്രമണം നടത്തുന്നതാണ്.

എല്ലാ ഓരോ സ്വഹാബിക്കും അവരവരുടേതായ ഒരു രീതിയുണ്ട്. ഒരു അവസരത്തിൽ ഹദ്റത്ത് സ്വുഹയ്ബിനോട് ഹദ്റത്ത് ഉമർ(റ) പറഞ്ഞു: നിങ്ങൾ ധാരാളമായി സാധുക്കൾക്ക് ഭക്ഷണം തുടങ്ങിയവ നല്കുന്നു. അതിൽ അമിതത്വമുണ്ടാകുന്നുണ്ടോ എന്ന് ഞാൻ ഭയപ്പെടുന്നു. ഹദ്റത്ത് സ്വുഹയ്ബ് പറഞ്ഞു: ഞാൻ ഈ ആഹാരം കൊടുക്കുന്നതും നബി(സ) തിരുമേനിയുടെ ഒരു നിർദ്ദേശമനുസരിച്ചാണ്. നിങ്ങളിൽ തനിക്ക് ഏറ്റവും ഉത്തമരായവർ ജനങ്ങൾക്ക് ആഹാരം നല്കുന്നവരാണെന്നും സലാം പറയുന്നവരാണെന്നും അവിടന്ന് ഉപദേശിച്ചുകൊണ്ട് പറഞ്ഞിരുന്നു. അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തഹു പറയുന്നത് ഒരു നന്മയും നല്ലവരുടെ അടയാളവുമാണെന്ന് നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നു.' അദ്ദേഹം പറഞ്ഞു: 'ഈ ഉപദേശം ഞാൻ മദീനയിൽ വന്നപ്പോൾ നബി(സ)തിരുമേനിയിൽനിന്ന് കേട്ടതാണ്. അവിടന്ന് എന്നോട് പറയുകയും ഞാൻ അത് മനസ്സിൽ ഉറപ്പിച്ചു വെക്കുകയും ചെയ്തു. ഞാൻ അനുവദനീയമല്ലാത്ത ഒരു ധനവും ചെലവഴിക്കുന്നില്ല. അമിതത്വം പ്രവർത്തിക്കുന്നുമില്ല.' ഹദ്റത്ത് സുഹയ്ബിന്റെ സ്ഥാനം ഹദ്റത്ത് ഉമറി(റ)ന്റെ ദൃഷ്ടിയിലും വളരെ വലുതായിരുന്നു. അങ്ങനെ ഹദ്റത്ത് ഉമർ(റ) തന്റെ ജനാസ

ഹദ്റത്ത് സ്വുഹയ്ബിനെക്കൊണ്ട് നമസ്കരിപ്പിക്കണമെന്ന് വസിയ്യത്ത് ചെയ്തു. അടുത്ത ഖലീഫ തിരഞ്ഞെടുക്കപ്പെടുന്നതുവരെ നമസ്കാരങ്ങളുടെ ഇമാമത്തും ഇദ്ദേഹത്തെക്കൊണ്ടാണ് നിർവഹിപ്പിച്ചിരുന്നത്.

നബി(സ)തിരുമേനി അടിമത്വത്തിൽനിന്ന് മോചിപ്പിച്ച ഹദ്റത്ത് സയ്ദിന്റെ മകനായിരുന്നു ഹദ്റത്ത് ഉസാമ. നബി(സ) തിരുമേനി താൻ സ്നേഹിക്കുന്നുവെന്ന് സർട്ടിഫിക്കറ്റ് നല്കിയ ഭാഗ്യവാനായിരുന്നു അദ്ദേഹം. നബി(സ)തിരുമേനി അദ്ദേഹത്തെ എത്രകണ്ട് സ്നേഹിച്ചിരുന്നുവെന്നാൽ, നബി(സ)തിരുമേനി ഹദ്റത്ത് ഹുസയ്നേയും അദ്ദേഹത്തേയും രണ്ട് തുടകളിൽ ഇരുത്തുകയും എന്നിട്ട് അല്ലാഹുവിനോടു, ഞാൻ ഇവരെ സ്നേഹിക്കുന്നു നീയും ഇവരെ സ്നേഹിച്ചാലും എന്നു ദുആ ചെയ്യുകയും ചെയ്യുമായിരുന്നുവെന്ന് ഉസാമതന്നെ പറയുമായിരുന്നു. പക്ഷേ, തർബിയ്യത്തിന്റേയും ദീനിന്റേയും കാര്യങ്ങൾ വരുന്നിടത്ത് കേവലം അല്ലാഹുവിന്റെ കല്പനകളാണുണ്ടാകുന്നത്. അപ്പോൾ ഈ വ്യക്തിപരമായ സ്നേഹം അവസാനിച്ചുപോകുന്നു. നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ഹദ്റത്ത് ഉസാമ ചെറിയ പ്രായമായിരുന്നു. എന്നല്ല നബി(സ) വഫാത്താകുമ്പോഴും ഉസാമയ്ക്ക് 18 വയസ്സായിരുന്നു. പക്ഷേ, ചില യുദ്ധങ്ങളിൽ പങ്കെടുക്കുന്നതിന് അദ്ദേഹത്തിന് അവസരം കിട്ടിയിട്ടുണ്ട്. ഒരു സംഭവം വിവരിക്കപ്പെടുന്നു: ഒരു യുദ്ധത്തിൽ ഒരു അവിശ്വാസി ഉസാമയുടെ മുമ്പിൽ വന്നുപെട്ടു. അയാൾ ക്ഷണത്തിൽ കലിമ ചൊല്ലി. എന്നാൽ, ഉസാമ എന്നിട്ടും അദ്ദേഹത്തെ വധിച്ചു. മരണം ഭയന്നുകൊണ്ടാണ് കലിമ ചൊല്ലിയത് എന്നാണ് പറഞ്ഞത്. ഹദ്റത്ത് ഉസാമ പറയുന്നു: ഞാൻ ഈ സംഭവം നബി(സ)തിരുമേനിയുടെ സന്നിധിയിൽ വിവരിച്ചു. അവിടന്ന് ചോദിച്ചു: 'അയാൾ കലിമ ചൊല്ലിയതിനുശേഷവും താങ്കൾ അയാളെ വധിച്ചുവോ?' ഞാൻ പറഞ്ഞു: 'അവൻ രക്ഷപ്പെടുന്നതിനുവേണ്ടിയാണ് കലിമ ചൊല്ലിയത്.' നബി(സ) ചോദിച്ചു: താങ്കൾ അയാളുടെ മനസ്സ് പിളർന്നുനോക്കിയിരുന്നോ?' പിന്നീട് ചോദിച്ചു: 'അയാൾ ശഹാദത്ത് കലിമ ചൊല്ലിയിട്ടും നീ അവനെ വധിച്ചുവോ?' ഉസാമ പറയുന്നു: 'നബി(സ)തിരുമേനി ഈ വാക്യം എത്ര തവണ ആവർത്തിച്ചുവെന്നാൽ, അഹോ കഷ്ടം! ഇന്നേക്ക് മുമ്പേ ഞാൻ മുസൽമാനായിരുന്നില്ലെങ്കിൽ എന്ന് ആഗ്രഹിച്ചുപോയി! ഉസാമ പറയുന്നു: 'തുടർന്ന് ഭാവിയിൽ ഒരിക്കലും ഒരു വ്യക്തിയേയും **ലാ ഇലാഹ ഇല്ലല്ലാഹ്** ചൊല്ലിയാൽ വധിക്കുകയില്ലെന്ന് ഞാൻ പ്രതിജ്ഞ ചെയ്തു.'


അഹോ കഷ്ടം!ഈ കാര്യങ്ങൾ ഇന്നത്തെ മുസ്‌ലിംകൾക്ക് മനസ്സിലായിരുന്നെങ്കിൽ! ഇസ്‌ലാമിന്റെ പേരിൽ അന്യരുടെമേൽ എന്തായാലും അക്രമം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അത് അതിന്റെ സ്ഥാനത്താണ്. ഇവിടെ പരസ്പരം മുസ്‌ലിംകൾ മുസ്‌ലിംകളേയും കൊന്നൊടുക്കിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ സിറിയയിൽ യുദ്ധമാണ്. ഇതിനെക്കുറിച്ച് പറയുന്നത്, കഴിഞ്ഞ പല വർഷങ്ങളിലായി ഈ യുദ്ധം തുടങ്ങിയതുമുതൽ ലക്ഷക്കണക്കിന് ആളുകൾ അവിടെ വധിക്കപ്പെട്ടിട്ടുണ്ട്. മുസ്‌ലിംകൾ മുസ്‌ലിംകളെ കൊന്നൊടുക്കി. കലിമ ചൊല്ലുന്നവരെയാണ് കലിമ ചൊല്ലുന്നവർ കൊന്നുകൊണ്ടിരിക്കുന്നത്. അല്ലെങ്കിൽ അതിന്റെ പേരിൽ വധിച്ചുകൊണ്ടിരിക്കുന്നത്. യമനിലും കലിമ ചൊല്ലുന്നവരെ കൊന്നുകൊണ്ടിരിക്കുന്നു. മറ്റു അക്രമങ്ങളും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. പീഢിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വെറും സ്വഹാബാക്കളോടും റസൂലിനോടുമുള്ള സ്നേഹത്തിന്റെ മുദ്രാവാക്യം മുഴക്കുന്നവരാകാതിരിക്കാനും അവരുടെ കർമങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാകാനും മുസ്‌ലിംകൾക്ക് അല്ലാഹു ബുദ്ധി നല്കുമാറാകട്ടെ. പക്ഷേ, യഥാർഥ കാര്യം എന്തണെന്നുവച്ചാൽ ഈ ആളുകൾ ഇസ്‌ലാമിന്റെ പേരിൽ തങ്ങളുടെ സ്വാർഥതയെ സമാധാനിപ്പിക്കുന്നവരാണ്. ഇസ്‌ലാമികാധ്യാപനത്തിന്റെ അലിഫ് ബാ പോലും അവർക്കറിയില്ല. സ്വന്തം മേന്മ സ്ഥാപിക്കാനുള്ള പരിശ്രമമാണ് അവരുടേത്. നാവിൽ അല്ലാഹുവിന്റെ നാമമുണ്ട്. പക്ഷേ, മനസ്സിൽ വെറും സ്വാർഥതയാണ്. ലോകത്ത് ഇക്കാലഘട്ടത്തിൽ യഥാർഥ ദൈവഭക്തിയുണ്ടാക്കുന്നതിനുവേണ്ടി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. അതിനാൽ ഈ മുസ്‌ലിംകളുടെ അവസ്ഥ കാണുമ്പോൾ ഇവർ സ്വീകരിക്കാത്തിടത്തോളം ഇവരുടെ പരിഷ്കരണം നടക്കുകയില്ലെന്ന് തോന്നുന്നു. അവരുടെ ഈ അവസ്ഥ കണ്ടുകൊണ്ട് നമ്മൾ നന്ദി പ്രകടിപ്പിക്കേണ്ടതാണ്. നന്ദിപ്രകടനത്തിന്റെ വികാരത്താൽ നമ്മൾ അഭിവൃദ്ധിപ്പെടേണ്ടതാണ്. ഈ കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ സേവകനായിക്കൊണ്ട് താൻ അയച്ച മാർഗദർശിയെ വിശ്വസിക്കാൻ അല്ലാഹു നമുക്ക് ഭാഗ്യം നല്കി. അവിടന്ന് നമുക്ക് സ്വഹാബത്തിന്റെ പദവിയെക്കുറിച്ചു പറഞ്ഞുതന്നു. അവരുടെ പിന്നാലെ നടക്കാൻ ഉപദേശിച്ചു. സ്വഹാബാക്കളുടെ മാതൃക എത്തരത്തിലുള്ളതാണെന്നും വിവരിച്ചു. നിങ്ങൾ അവരുടെ ജീവിതമാതൃക മനസ്സിലാക്കേണ്ടതാണ്. അവരുടെ പിന്നാലെ നടക്കാൻ ശ്രമിക്കേണ്ടതാണ്. അതിനാൽ ഈയൊരു മാർഗ്ഗമേയുള്ളൂ. അത് നമ്മുടെ മുമ്പിൽ വെക്കുകയും അദ്ദേഹം പറഞ്ഞകാര്യങ്ങൾ മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്താൽ യഥാർഥ മുസ്‌ലിമായിത്തീരുന്നതാണ്.

നമ്മൾ അവിടന്ന് പറഞ്ഞ കാര്യങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും യഥാർഥമായ പിൻഗാമികളും കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരുമാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.


# റിച്ചാർഡ് ഡാക്വിൻസ് വിമർശിക്കപ്പെടുന്നു

ലോകത്ത് ഇന്ന് ജീവിച്ചിരിക്കുന്ന ഏറ്റവും പ്രശസ്തനായ നാസ്തിക വാദിയും കടുത്ത മതവിമർശകനുമായ റിച്ചാർഡ് ഡാക്വിൻസിന്റെ The Blind Watch Maker എന്ന പുസ്തകത്തിലെ പ്രമേയത്തിനെതിരെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫ തന്റെ Revelation Rationality Knowledge and Truth എന്ന പുസ്തകത്തിൽ ഉയർത്തിയ അനിഷേധ്യമായ വിമർശനം.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)


ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

നാം ഇപ്പോൾ The Blind watch maker എന്ന റിച്ചാർഡ് ഡാകിൻസിന്റെ (Richard Dawkins) പുസ്തകത്തെ പരിശോധിക്കുകയാണ്. അദ്ദേഹം ഇപ്പോൾ പ്രൊഫ: ഡാകിൻസ് എന്ന് അറിയപ്പെടുന്നു. തുടക്കത്തിൽ മേൽ പറഞ്ഞ പുസ്തകത്തിന്റെ വായനാനുഭവം ഏറെക്കുറെ വിരസമായിരുന്നു. കാരണം പ്രൊഫ. ഡാകിൻസ് ജീവന്റെ യഥാർത്ഥ പ്രശ്നവുമായുള്ള ഏറ്റുമുട്ടൽ ഈ പുസ്തകത്തിൽ ഒഴിവാക്കുകയാണ് ചെയ്യുന്നത്. പ്രശ്നങ്ങളുടെ, അസ്തിത്വം അദ്ദേഹം അംഗീകരിക്കുന്നു. അതിനെപ്പറ്റി അദ്ദേഹത്തിന് അറിവുമുണ്ട്. എന്നിരിക്കെയാണ് ഈ ഒഴിവാക്കൽ. അദ്ദേഹം തന്നെ സൃഷ്ടിക്കുന്ന ആശയക്കുഴപ്പങ്ങളുടെ പുകമറക്കുള്ളിൽ തന്റെ സിദ്ധാന്തങ്ങൾ അദ്ദേഹം ഒളിപ്പിക്കുകയാണ് ചെയ്തത്. അദ്ദേഹം ഉന്നയിച്ച എല്ലാ വസ്തുതകളും ചർച്ച ചെയ്യാനെടുക്കുക അസാധ്യമാണ്. കാരണം അവയിൽ പലതും അപ്രസക്തവും വിഷയവുമായി ബന്ധമില്ലാത്തവയുമാണ്. എന്നിരുന്നാലും യഥാർഥ ജീവനെക്കുറിച്ചും അത് ആവഹിക്കുന്ന നിഗൂഢതകളെക്കുറിച്ചും ഡാകിൻസ് എഴുതുമ്പോൾ


റിച്ചാർഡ് ഡാക്വിൻസ്

തികച്ചും ഒരു ശാസ്ത്രജ്ഞനെപ്പോലെയാണ് അദ്ദേഹം അത് കൈകാര്യം ചെയ്യുന്നത്. മറ്റു ലക്ഷ്യങ്ങൾ സ്ഥാപിക്കാൻ യഥാർഥ പ്രശ്നങ്ങളിൽ അദ്ദേഹം കൈകടത്തുന്നില്ല. ഇവിടെ ഡാകിൻസ് വളരെ നല്ല നിലപാടു സ്വീകരിക്കുന്നു. ആ സാമർഥ്യമൊന്നും പ്രകൃതിനിർദ്ധാരണത്തിന്റെ സമർഥനത്തിൽ അദ്ദേഹം പ്രകടിപ്പിക്കുന്നതായി കാണുന്നില്ല. മുമ്പേ നിലകൊള്ളുന്ന

ഒരു ധൈഷണിക ബോധത്തിന്റെ അസ്തിത്വമില്ലാതെ ജീവൻ അതിന്റെ എല്ലാ സങ്കീർണതക ളോടും കൂടി, സൃഷ്ടിക്കപ്പെടുക സാധ്യമല്ല. ജീവന്റെ ഈ സൃഷ്ടി നടത്തിയത് ഒരിക്കലും പ്രകൃതി നിർദ്ധാരണമല്ല. ജീവിത യാഥാർഥ്യ ത്തിന്റെ സത്യസന്ധമായ എല്ലാ അനുഭവങ്ങളും ഈ ആശയത്തിലേ ക്കാണ് നമ്മെ നയിക്കുക. ഈയൊരു അനിവാര്യമായ യുക്ത്യാധിഷ്ഠിത നിഗമനം ഒഴിവാ ക്കാൻ വേണ്ടി അദ്ദേഹം സ്വയം തന്നെ സൃഷ്ടിച്ച അയഥാർഥമായ സ്വപ്നലോകത്തേക്ക് പലായനം ചെയ്യുകയാണ്. അതായത് കമ്പ്യൂ ട്ടർ ഗെയിമുകളുടേയും വിചിത്ര ജീവികളുടേയും ലോകം. പിന്നീട് അദ്ദേഹം മനുഷ്യ നിർമിത യന്ത്രങ്ങ ളും പ്രകൃതിയിലെ പ്രത്യക്ഷമായ സങ്കീർണതകളും തമ്മിൽ ഒരു വിഭ ജനരേഖ വരക്കാൻ ശ്രമിക്കുന്നുണ്ട്. മനുഷ്യൻ നിർമ്മിച്ച അത്ഭുതങ്ങ ളുടെ സങ്കീർണതകളെല്ലാം യാഥാർഥ്യങ്ങളും ലക്ഷ്യത്തോടു കൂടിയവയും നന്നായി ആസൂ ത്രണം ചെയ്തവയുമാണെന്നും എന്നാൽ, പ്രകൃതിയിലുള്ള സങ്കീർണതകളിൽ അത്ഭുതങ്ങളുടെ ഘടകങ്ങൾ വളരെ കൂടുതലാണെ ങ്കിലും ഉദ്ദേശ്യരഹിതവും അനാസൂ ത്രിതവുമാണെന്നും അവകാശ പ്പെട്ടു കൊണ്ട് വായനക്കാരെ അദ്ദേഹം വഴിതെറ്റിക്കുന്നു. പ്രകൃതി യിലെ വസ്തുക്കൾക്ക് എന്തെ ങ്കിലും ലക്ഷ്യപ്രാപ്തിക്ക് വേണ്ടി യുള്ള സങ്കീർണതകളോ മുൻകൂട്ടി യുള്ള രൂപകൽപനയോ ഉണ്ടെന്നു ള്ളത് ഒരു പ്രതീതി മാത്രമാണെന്ന് വായനക്കാരനെ വിശ്വസിപ്പിക്കാ നാണ് അദ്ദേഹത്തിന്റെ ശ്രമം. അവ ധാനതയില്ലാത്ത വായനക്കാരനെ മുന്നോട്ടും പിന്നോട്ടും ഓടിച്ച് മന സ്സിൽ ആശയക്കുഴപ്പമുണ്ടാക്കുക യാണ് ഡാകിൻസ് ചെയ്യുന്നത്. അതായത് അവലോകന ദർശനത്തിൽ നിന്ന് ദീർഘ ദർശന ത്തിലേക്കും ദീർഘ ദർശനത്തിൽ നിന്ന് അവലോകന ദർശനത്തിലേക്കുമുള്ള വഞ്ചനാത്മ കമായ ഒരു ശ്രമമാണിത്. മനുഷ്യ നിർമിതമായ എല്ലാ വസ്തുക്കളും ദീർഘ ദൃഷ്ടിയോടുകൂടിയാണ് സൃഷ്ടിക്കപ്പെട്ടതെന്ന് ലോകം വിശ്വ സിക്കണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. അതായത് ഒരു ബോധമനസ്സിന്റെ ഉൽപ്പന്നമായ അവക്ക് ലക്ഷ്യവും രൂപകൽപ നയും സാങ്കേതിക സങ്കീർണതയു മുണ്ട്. പ്രകൃതി നിർമിത വസ്തുക്ക ളിലേക്ക് തിരിയുമ്പോൾ അതിൽ മനുഷ്യ നിർമിത വസ്തുവിനേ ക്കാൾ ആയിരക്കണക്കിന് കാര്യങ്ങ ളിൽ അത്ഭുതങ്ങളുടെ മഹത്തായ ഘടകങ്ങളുണ്ടെന്ന് അദ്ദേഹം സമ്മ തിക്കുന്നു. എങ്കിലും മനുഷ്യ നിർമിത വസ്തുക്കളിൽ രൂപകൽപ ന കാണാൻ നാം അനുശീലനം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ നമ്മുടെ അവലോകന ദൃഷ്ടി പ്രകൃതി വസ്തുക്കളിലേക്ക് നോക്കുമ്പോൾ ഇതേ ലക്ഷ്യബോധത്തിന്റേയും രൂപ കൽപനയുടേയും മിഥ്യാബോ ധത്തെ നമ്മിൽ ജനിപ്പിക്കുകയാണ് ചെയ്യുന്നതെന്ന് അദ്ദേഹം ഊന്നിപ്പ റയുന്നു. അതുകൊണ്ട് പ്രകൃതി വസ്തുക്കൾക്കും ഒരു ബോധാത്മ കനായ രൂപസന്ദായകനുണ്ടാകണ മെന്ന് വിശ്വസിക്കാൻ നാം കബളിപ്പിക്കപ്പെടുന്നു. വ്യക്തമായും അദ്ദേഹം സ്വയം ആധികാരികമായ ചില വാക്കുകൾ പ്രസ്താവിക്കുക യല്ലാതെ ഈ മിഥ്യാവാദത്തെ സംബന്ധിച്ച് യാതൊരു വാദമുഖ ങ്ങളും അവതരിപ്പിക്കുന്നില്ല. നേരെ മറിച്ച്, യഥാർഥ ജീവിതവുമായി ബന്ധപ്പെട്ട് അദ്ദേഹം നിരത്തിയ ഉദാഹരണങ്ങളെല്ലാം സ്വന്തം അദ്ദേ ഹത്തിന്റെ തന്നെ നിഗമനത്തെ ഖണ്ഡിക്കുകയാണ് ചെയ്യുന്നത്.

ഉദാഹരണത്തിന് വവ്വാലിനെ പറ്റിയുള്ള അദ്ദേഹത്തിന്റെ പണ്ഡി തോചിതമായ പഠനമെടുക്കാം. നാം വവ്വാലിനെക്കുറിച്ചും അത് സംബ ന്ധമായ ചില കൗതുകങ്ങളെ ക്കുറിച്ചും ചർച്ച ചെയ്തു കഴിഞ്ഞു. നാമിവിടെ ആ വിഷയത്തിൽ ഡാകിൻസ് നിരീക്ഷിച്ച ചില വസ്തുതകൾ പരാമർശിക്കുക മാത്രമാണ് ചെയ്യുന്നത്. മാത്രമല്ല പ്രൊഫ. ഡാകിൻസ് തന്റെ പുസ്തകത്തിന്റെ ആമുഖത്തിന്റെ ആദ്യ പേജിൽ നൽകിയ വാഗ്ദാനം അദ്ദേഹത്തെ ഓർമിപ്പി ക്കുകയും ചെയ്യുന്നു. അദ്ദേഹ ത്തിന്റെ വാക്കുകൾ ഇപ്രകാരമാ ണ്.

.....ഇത്തരം മിഥ്യകൾ കെട്ടിപ്പൊക്കിയതിന് ശേഷം, അതിന് പരിഹാരം നിർദ്ദേശിച്ചു കൊണ്ട് അത് വിപാടനം ചെയ്യുക യാണ് എന്റെ ഉദ്ദേശ്യം

ഖേദകരമെന്ന് പറയട്ടെ ഇത് അദ്ദേഹം പാലിക്കാത്ത വാഗ്ദാനമാ ണ്. വവ്വാലിനെ പറ്റിയുള്ള വിവര ണത്തിനാണ് പ്രസ്തുത പുസ്തക ത്തിലെ Good Design (നല്ല രൂപ കൽപന) എന്ന അധ്യായത്തിലെ നല്ലൊരു പങ്കും അദ്ദേഹം വിനിയോ ഗിച്ചത്. അദ്ദേഹം എഴുതുന്നു:

അവയുടെ മസ്തിഷ്ക്കം വളരെ ലോലമായി ക്രമീകരിച്ചു നിറുത്തിയ ഒരു കൂട്ടം ഇലക്ട്രോ ണിക് ഇന്ദ്രജാലങ്ങളുടെ ഒരു കൊച്ചു പ്രപഞ്ചമാണ്. പ്രതിധ്വനിക ളുടെ ലോകം കൃത്യസമയത്ത് വിസ ങ്കേതനം (Decode) അഥവാ വിശ കലനം ചെയ്യാനാവശ്യമായ രീതിയിൽ പ്രോഗ്രാം ചെയ്യപ്പെട്ട വിപുലമായ ഒരു സോഫ്റ്റ് വെയർ ആണത്. അനിതര സാധാരണമായ രീതിയിൽ ഉദ്ദിഷ്ട ദിശയിലേക്ക് അൾട്രാ സൗണ്ടുകൾ പ്രസരിപ്പിക്കുന്ന ഉപകരണങ്ങളാണ് അവയെന്ന് നാം തിരിച്ചറിയുന്നത് വരെ, പള്ളിമേടക്ക് മുകളിൽ വാ പി ളർന്ന് മുഖം വികൃതമാക്കി തൂക്കി യിട്ടിരിക്കുന്ന തൂക്കുപാവ (Gargoyle)യെ പോലെയെ നാം വവ്വാലിനെ കാണുന്നുള്ളൂ.

വളരെ സമർഥമായി അദ്ദേഹം ഈ സമസ്യകൾ ഉപസം ഹരിക്കുന്നുണ്ട്. ശബ്ദത്തിന്റെ മേൽ നിയന്ത്രണമുള്ള വവ്വാലിന്റെ കഴി വുകളെ അനിതര സാധാരണമായ നിലയിൽ അദ്ദേഹം പ്രശംസിക്കു ന്നത് കാണുക:-

ഒരു കൊച്ചു തവിട്ടു നിറമുള്ള വവ്വാൽ തന്റെ ശബ്ദ പ്രതിധ്വനിയിലൂടെ ഒരു കീടത്തെ കണ്ടുപിടിക്കാനാരംഭിക്കുമ്പോൾ അതിന്റെ ശബ്ദത്തിന്റെ കമ്പന നിരക്ക് അധികമാകുന്നു. ഒരു മെഷീൻ ഗണ്ണിനേക്കാൾ വേഗത്തിൽ ആയിരിക്കും അതിന്റെ വേഗം. സെക്കന്റിൽ പരമാവധി 200 പൾസ് നിരക്കിൽ ശബ്ദ തരംഗങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് വവ്വാൽ ചലിക്കുന്ന ഇരയുടെ അടുത്തെത്തുന്നു.

അവിടെ അദ്ദേഹം ഉയർത്തുന്ന ചോദ്യം,

വവ്വാലുകൾക്ക് സെക്കന്റിൽ 200 വരെ പ്രത്യേക സന്ദർഭങ്ങളിൽ സ്പന്ദനങ്ങളയക്കാൻ കഴിയുന്നുവെങ്കിൽ എന്തുകൊണ്ട് ഇത് എല്ലാ സമയവും നിലനിറുത്തുന്നില്ല? കാരണം വവ്വാലുകൾക്ക് അതിന്റെ സ്ട്രോബോസ്കോപ് (Stroboscope) പൾസ് നിരക്ക് ക്രമീകരിക്കുന്ന ഒരു സംവിധാനമുണ്ട്. വവ്വാലിന് അടിയന്തിരമായ സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ വേണ്ടിയും ലോകത്തെ സൂക്ഷ്മമായി അറിയുവാനും ഈ സംവിധാനം എന്തുകൊണ്ട് സ്ഥിരമായി പരമാവധി ആവൃത്തിയിൽ പ്രവർത്തിച്ചുകൂടാ?

അദ്ദേഹം വായനക്കർക്ക് വേണ്ടി സ്വയം ഉത്തരം നൽകുന്നു.

ഒരു കാരണമിതാണ്. ഈ ഉന്നതനിരക്കിലുള്ള തരംഗങ്ങൾ അടുത്തെത്തിയ ഇരകൾക്ക് നേരെ മാത്രമേ അനുയോജ്യമാവൂ. തന്റെ മുന്നിൽ ദൂരെയുള്ള ഇരകൾക്ക് നേരെ ഉന്നത നിരക്കിൽ കമ്പനങ്ങളയക്കുകയാണെങ്കിൽ അതിൽ തട്ടി പ്രതിധ്വനിക്കുന്ന തരംഗങ്ങൾ മറ്റു ശബ്ദ തരംഗങ്ങളുമായി ഇടകലർന്ന് പോകുന്നത് കൊണ്ടായിരിക്കാം അടുത്തുള്ള ഇരകൾക്ക് നേരെ മാത്രം ഉന്നത നിരക്കിലുള്ള കമ്പനങ്ങളയക്കുന്നത്.

വവ്വാലുകളുടെ വൈമാനികവും ശാബ്ദികവുമായ അത്ഭുത കഴിവുകളെ പറ്റി പറഞ്ഞു കൊണ്ട് അദ്ദേഹം ഉപസംഗ്രഹിക്കുന്നത് ഇങ്ങനെയാണ്..........കൃത്രിമമായ ഉപകരണങ്ങളിലൂടെയും കടലാസുകളിലെഴുതിയ ഗണിത ക്രിയകളിലൂടെയും ഒരു പരിധി വരെ മാത്രമേ നമുക്കത് മനസ്സിലാക്കാൻ സാധിക്കൂ. ഒരു കൊച്ചു ജീവി അതെല്ലാം തന്റെ തലയിൽ ചെയ്യുന്നുവെന്ന് സങ്കൽപിക്കാൻ പ്രയാസമാണ്.

സാങ്കേതിക സങ്കീർണതകളെക്കുറിച്ച് പറയുമ്പോൾ മനുഷ്യനിർമിത യന്ത്രങ്ങൾ അതിനോട് സാമ്യമുണ്ടെങ്കിലും സങ്കീർണത അതിനേക്കാൾ കുറവാണെന്ന കാര്യം അദ്ദേഹം ഇങ്ങനെ നിരീക്ഷിക്കുന്നു:

തീർച്ചയായും ഈ ചെപ്പിന്റെ (വവ്വാലിന്റെ) വയറിങ്ങ് ഒരു നവീകൃതമായ ബോധാത്മക മസ്തിഷ്ക്കം ചെയ്തിട്ടുള്ളതായിരിക്കണം.(അല്ലെങ്കിൽ ചുരുങ്ങിയത് വയറിങ്ങിന്റെ രൂപകൽപനയെങ്കിലും അത്തരമൊരു മസ്തിഷ്ക്കം ചെയ്തതായിരിക്കണം). പക്ഷേ, ഈ കൊച്ചു പേടകത്തിന്റെ അനുനിമിഷമുള്ള പ്രവർത്തനത്തിൽ യാതൊരു ബോധാത്മക മസ്തിഷ്ക്കവും ഇടപെട്ടിട്ടില്ല.

.....നമ്മുടെ സാങ്കേതിക വിദ്യയുമായുള്ള അനുഭവ പരിചയം പരിഷ്കൃതമായ ഒരു യന്ത്രം കാണുമ്പോൾ ബോധപൂർവം പ്രവർത്തിക്കുന്ന ഒരു രൂപസന്ദായകൻ അതിനുണ്ടാകണം എന്നു കരുതാൻ നമ്മെ തയ്യാറാക്കിയിരിക്കുന്നു.

ഇവിടം മുതലാണ് അദ്ദേഹത്തിന്റെ അസംബന്ധാത്മകമായ നിഗമനങ്ങൾ ആരംഭിക്കുന്നത്. കാരണം രൂപകൽപന ചെയ്യുന്നത് ബോധശൂന്യമായ പ്രകൃതി നിർദ്ധാരണമാണെന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. അതായത് അന്ധനായ ഒരു ഘടികാര നിർമാതാവ്, അന്ധവും ബോധശൂന്യവുമായ ഡാർവിൻ തത്ത്വങ്ങൾക്ക് വവ്വാലിന്റെ ശബ്ദ സംവിധാനത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ സാധ്യമല്ല എന്ന പ്രശ്നത്തെ അഭിമുഖീകരിച്ചുകൊണ്ട് ഡാകിൻസ് എഴുതുന്നു.

എങ്ങനെയാണ് ഒരു അവയവത്തിന് സാങ്കേതിക സങ്കീർണതകൾ കൈവരുന്നത്?

അദ്ദേഹം നൽകുന്ന ഉത്തരമിതാണ്;

ഇത് ഒരു വാദമുഖമല്ല. അവിശ്വാസത്തിന്റെ പ്രഖ്യാപനമാണ്.

ഡാകിൻസിനോട്, അദ്ദേഹം ജോലി ചെയ്യുന്ന 64 കിലോബൈറ്റ് കമ്പ്യൂട്ടർ, ബോധമുള്ള ഒരാളുടേയും സൃഷ്ടിയല്ലെന്നും അതിന് യാതൊരു വിധ ഡിസൈനിങ്ങിന്റെയും ആവശ്യമില്ലെന്നും പറയപ്പെട്ടാൽ അദ്ദേഹം ഈ വാദം അംഗീകരിക്കുമോ? ഒരിക്കലും അദ്ദേഹമത് അംഗീകരിക്കില്ല. അദ്ദേഹത്തിന്റെ കമ്പ്യൂട്ടറാകട്ടെ, വവ്വാലിന്റെ ശബ്ദ സംവിധാനത്തേക്കാൾ സാങ്കേതിക സങ്കീർണതകൾ വളരെ കുറഞ്ഞതുമാണ്.

വിദഗ്ധനും ബുദ്ധിമാനുമായ ഒരു ഡിസൈനറുടെ ആവശ്യമില്ലാതെ ഏതൊരു കമ്പ്യൂട്ടറും നിർമിച്ചെടുക്കാമെന്ന അഭിപ്രായത്തെ അദ്ദേഹം നിരാകരിക്കുന്നുവെങ്കിൽ, ജീവന്റെ സ്രഷ്ടാവിലുള്ള വിശ്വാസത്തെ നിരാകരിക്കുന്നതിന് അദ്ദേഹം സത്യസന്ധമായ കാരണം സ്വയം കണ്ടുപിടിക്കേണ്ടതുണ്ട്. അദ്ദേഹത്തിന് കണ്ടെത്താൻ കഴിയുന്ന ഉത്തരം കമ്പ്യൂട്ടറിന്റെ വളരെ സങ്കീർണമായ ഘടനയും ക്രമീകൃതമായ നിർമാണവും സ്വയം ഉണ്ടായതല്ല എന്നതാണ്. എന്നാൽ ജീവന്റെ കാര്യത്തിലേക്ക് വരുമ്പോൾ അദ്ദേഹം തന്റെ നിലപാടുകൾ മുഴുവനും മാറ്റുന്നു. ഒരു രൂപാന്തര പ്രക്രിയക്ക് വിധേയമായത് പോലെയാണ് അദ്ദേഹത്തിന്റെ ഈ മാറ്റം. ഒരു ജീവശാസ്ത്രജ്ഞൻ എന്നനിലക്ക് കമ്പ്യൂട്ടറിനേക്കാൾ എത്രയോ സാങ്കേതിക സങ്കീർണതകൾ നിറഞ്ഞതാണ് ജീവൻ എന്ന് അദ്ദേഹം അറിയേണ്ടതായിരുന്നു.

ശതകോടിയെ ശതകോടി തവണ പെരുക്കിയാൽ കിട്ടുന്ന സംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ ജീവന്റെ സങ്കീർണതക്കു മുന്നിൽ അതൊന്നുമായിരിക്കില്ല. ജീവന്റെ എണ്ണമറ്റ സാങ്കേതിക സങ്കീർണതകൾ ഒരു മിഥ്യയാണെങ്കിൽ കമ്പ്യൂട്ടറിനെ അതിനേക്കാൾ വലിയ മിഥ്യയായി കണക്കാക്കാനുള്ള അവകാശമുണ്ട്. ഡാകിൻസിന്റെ വിധി തീർപ്പ് ശരിയാണെങ്കിൽ അദ്ദേഹത്തിന്റെ സ്വന്തം മനസ്സ് തന്നെ അതിന്റെ എല്ലാ സങ്കീർണ്ണതകളോടും കൂടിയ ഒരു മിഥ്യയാണെന്ന് പറയേണ്ടി വരും. ഈ കാര്യം ഒരു നിമിഷ നേരത്തേക്ക് പോലും അദ്ദേഹത്തിന് മറക്കാൻ കഴിയുന്നതെങ്ങനെ? ഞങ്ങൾ അതിൽ ഒരഭിപ്രായവും പറയുന്നില്ല. അതുകൊണ്ട് അദ്ദേഹം സ്വയം സംസാരിക്കട്ടെ. അദ്ദേഹത്തിന്റെ മസ്തിഷ്ക്കം ക്രമരഹിതമായി സംഘടിക്കപ്പെട്ട ഒരു കൂട്ടം തവിട്ടു നിറമുള്ള കോശങ്ങളുടെ (Grey Cells) മിഥ്യയാണെന്ന് പറയുവാൻ അദ്ദേഹം ഇഷ്ടപ്പെടുമോ? അല്ലെങ്കിൽ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ ആരോഗ്യമുള്ള ഒരു മനസ്സിന്റെ മിഥ്യാഭ്രമങ്ങളാണെന്ന് പറഞ്ഞ് തള്ളിക്കളയുമോ? രണ്ടിൽ ഏതൊന്നിനെയാണ് അദ്ദേഹം തിരഞ്ഞെടുക്കുക? എങ്ങനെ ആലോചിച്ചിട്ടും അദ്ദേഹത്തിന് മൂന്നാമതൊരുത്തരം തിരഞ്ഞെടുക്കാനുള്ള അവസരമുള്ളതായി നാം കാണുന്നില്ല. മനുഷ്യമനസ്സ് ഒരു മിഥ്യയാണെങ്കിൽ അതിന്റെ ഉൽപന്നങ്ങളും അതിൽ നിന്ന് ഉയർന്നുവന്ന മിഥ്യകളായിരിക്കും. ഒരു ഭ്രാന്തന്റെ സ്വപ്നങ്ങൾ സൃഷ്ടിക്കുന്ന സ്വപ്ന ധാരാളിത്വം പോലെയായിരിക്കുമത്. അല്ലെങ്കിൽ മിഥ്യാഭ്രമം പോലെയായിരിക്കുമത്. അദ്ദേഹത്തെ പോലെ പരിണതപ്രജ്ഞനായ, മഹാനായ ഒരു പണ്ഡിതന്റെ മനസ്സിനെ മിഥ്യയെന്ന് വിളിക്കാൻ നാം ഇഷ്ടപ്പെടുന്നില്ല. ഇവിടം മുതലാണ് ഡാകിൻസ് തന്റെ വാക്കുകൾ കൊണ്ടുള്ള ഇന്ദ്രജാലം ആരംഭിക്കുന്നത്. ജീവൻ സങ്കീർണമായതല്ല എന്നായിരിക്കും അദ്ദേഹത്തിന്റെ ലളിതമായ ഉത്തരം. അത് സങ്കീർണമാണെന്ന് കരുതുന്നത് ഒരു മിഥ്യമാത്രമാണെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. സങ്കീർണമല്ലാത്തതു കൊണ്ട് തന്നെ അത് സ്വയമേവ സൃഷ്ടിക്കപ്പെടാവുന്നതുമാണ്. ജീവന്റെ സാങ്കേതിക സങ്കീർണതകൾ ഒരു മിഥ്യയാണെന്നും കമ്പ്യൂട്ടറിന്റെ മെക്കാനിസമാണ് സാങ്കേതിക സങ്കീർണതയെന്നും പറയുന്നത് യുക്തിയെ തലകീഴായി നിറുത്തുന്നതിന് സമമാണ്. രാത്രിയെ പകലെന്നും പകലിനെ രാത്രിയെന്നും വിളിക്കുന്നതിന് തുല്യമാണത്. ഡാകിൻസിന്റെ ഈ മലക്കം മറിച്ചിലിൽ വിവേകത്തിന്റെ കണിക പോലുമില്ല. വിശ്വാസത്തെ സംശയ ദൃഷ്ടിയോടെ നോക്കുന്നതാണ് പ്രശ്നത്തിന്റെ കാതൽ. ഇവിടെ വളരെ വ്യക്തമായും ബോയിംങ്ങ് 747 വിമാനം സ്വയം നിർമിക്കപ്പെട്ടതാണെന്ന് വിശ്വസിക്കാൻ ഡാകിൻസിന് കഴിയുന്നില്ല. എന്നാൽ, അതിനേക്കാൾ കൂടുതലായ പ്രകൃതിയിലെ സങ്കീർണതകൾ ഒരു സ്രഷ്ടാവിനെ കൂടാതെ സ്വയം ഉണ്ടായതാണെന്ന് അദ്ദേഹം വിശ്വസിക്കുകയും ചെയ്യുന്നു. ഈ ഒരു പ്രശ്നത്തിൽ നിന്ന് രക്ഷപ്പെടാനും ദൈവത്തിനെതിരെയുള്ള അദ്ദേഹത്തിന്റെ മുൻവിധി മറച്ചു വെക്കാനും പ്രകൃതിയുടെ സാങ്കേതിക സങ്കീർണതകളെ മതത്തിൽ അമിതമായി വിശ്വസിക്കുന്നവരുടെ ഒരു മിഥ്യാ വാദമായി അദ്ദേഹം കാണുന്നു. പക്ഷേ, ഇതിനു മുമ്പേ ബോയിംങ്ങ് 747ന്റെ നിർമാതാക്കളെ അദ്ദേഹം നിഷേധിക്കേണ്ടതുണ്ട്. അത് അദ്ദേഹത്തിന്റെ തന്നെ മനസ്സിന്റെ ഒരു മിഥ്യാ സങ്കൽപമായി കാണാം. ദൈവത്തിൽ വിശ്വസിക്കുന്ന ആളുകൾക്കെതിരെ അദ്ദേഹം ഉന്നയിക്കുന്ന അതേ വാദം തന്നെ അതിനേക്കാൾ ശക്തമായി അദ്ദേഹത്തിനെതിരേയും ഉന്നയിക്കാവുന്നതാണ്. ഒരു ലളിതമായ കമ്പ്യൂട്ടർ പോലും സ്വയം നിർമിക്കപ്പെടുക എന്നത് ന്യായീകരിക്കാൻ കഴിയില്ല എന്നിരിക്കെ, ബോയിംങ്ങ് 747ന്റെ നിർമാണം അതിനേക്കാൾ അസാധ്യമായ ഒന്നാണ്. എങ്കിലും ഡാകിൻസ് ഈ അസാധ്യതകളിലാണ് വിശ്വസിക്കുന്നത്. അദ്ദേഹം അതിൽ വിശ്വസിക്കാൻ കാരണം, സാങ്കേതിക സങ്കീർണതകളുള്ള ഒരു രൂപകൽപന ധൈഷണിക ബോധമുള്ള ഒരു മനസ്സിനെ ആവശ്യപ്പെടുന്നു. പ്രകൃതിയുടെ കാര്യം വരുമ്പോൾ മുമ്പേയുള്ള ഒരു ധൈഷണിക ബോധത്തിൽ വിശ്വസിക്കുന്നതിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി അദ്ദേഹം പ്രകൃതിയുടെ സാങ്കേതിക സങ്കീർണതകൾ ഒരു മിഥ്യയാണെന്ന് പറഞ്ഞ് തള്ളിക്കളയുകയാണ് ചെയ്യുന്നത്. ബോയിങ്ങ് 747ന്റെ കാര്യം വരുമ്പോൾ അത് സ്വയം സൃഷ്ടിക്കപ്പെട്ടതാണെന്ന കാര്യം അദ്ദേഹത്തിന് വിശ്വസിക്കുവാൻ കഴിയുന്നുമില്ല. ജീവൻ സ്വയം സൃഷ്ടിക്കുക എന്നത് അതിനേക്കാൾ അസാധ്യമായ കാര്യമാണ്. ദൈവത്തിൽ വിശ്വസിക്കാതിരിക്കുക എന്ന അദ്ദേഹത്തിന്റെ മുൻധാരണയേയാണ് ഇത് തുറന്നു കാട്ടുന്നത്.

ഡാകിൻസ് തന്റെ അവകാശവാദങ്ങളും, തന്നെ എതിർക്കുന്നവരുടെ അവകാശവാദങ്ങളും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുകയും തുറന്നു കാട്ടുകയും ചെയ്യേണ്ടതുണ്ട്. അദ്ദേഹം സ്വയം ന്യായീകരിക്കാനുപയോഗിക്കുന്ന അതേ യുക്തി തന്നെയായിരിക്കണം മറ്റുള്ളവർക്കും ബാധകമാക്കേണ്ടത്. ഡാകിൻസ് തന്റെ രക്ഷക്കായി പണിതുയർത്തുന്ന വാദം താഴെ പറയുന്ന കാര്യങ്ങളാണ് ഉൾക്കൊള്ളുന്നത്.

.......പരിണാമത്തിനായുള്ള സമയ ദൈർഘ്യത്തെക്കുറിച്ച് അന്തർജ്ഞാന പരമായ ഗ്രാഹ്യതയൊന്നും ഞങ്ങൾക്കില്ല.

ഈ പ്രസ്താവനയിലൂടെ അദ്ദേഹം അർഥമാക്കുന്നത് ബോയിങ്ങ് 747ന്റെ നിർമാണത്തിനെടുക്കുന്ന സമയത്തെ സംബന്ധിച്ച് നമുക്ക് അന്തർജ്ഞാനപരമായ ഗ്രാഹ്യതയുണ്ടെന്നാണ്. അദ്ദേഹ

ത്തിന്റെ സമയദൈർഘ്യത്തെക്കുറിച്ചുള്ള വാദം അപ്രസക്തമാണെന്ന് നമുക്ക് തെളിയിക്കാനാവും. സമയത്തിന്റെ ദൈർഘ്യവും ഹ്രസ്വതയും പ്രകൃതിയിലെ നിർമാണ സങ്കീർണതയുമായി യാതൊരു ബന്ധവുമില്ല. ബോയിങ്ങ് 747ന്റെ കാര്യത്തിൽ ഒരു ധൈഷണിക ബോധമുള്ള മനസ്സ് അതിന്റെ നിർമാണത്തിനു മുമ്പേ പ്രവർത്തിക്കേണ്ടതുണ്ടെന്ന് അദ്ദേഹത്തിനറിയാം. ആ ഒരൊറ്റ കാരണം കൊണ്ടാണ് അദ്ദേഹം, മുൻകൂട്ടിയുള്ള രൂപഘടനാ നിർമാണത്തിലും ലക്ഷ്യത്തിലും വിശ്വസിക്കുന്നത്. സാങ്കൽപികമായി അദ്ദേഹത്തിന്റെ ഈ വാദത്തിൽ സമയം എന്നത് തികച്ചും അപ്രസക്തമാണെന്ന് നമുക്ക് തെളിയിക്കാനാവും. പ്രകൃതിയുടെ പുരാവസ്തു ശേഖരത്തിൽ അരദശലക്ഷം വർഷങ്ങൾക്ക് മുമ്പേ കുഴിച്ചു മൂടപ്പെട്ട നിലയിൽ ഇത്തരമൊരു യന്ത്രഭാഗം കണ്ടെത്തിയെന്നിരിക്കട്ടെ. അപ്പോൾ ഇത് സമയം രൂപപ്പെടുത്തിയെടുത്തതാണെന്ന് അദ്ദേഹം പറയുമോ? തീർച്ചയായും അല്ല എന്നായിരിക്കും അദ്ദേഹത്തിന്റെ ഉത്തരം. അദ്ദേഹം സ്വബോധ മനസ്സോടെ അജ്ഞാതനായ അതിന്റെ നിർമാതാവിൽ വിശ്വസിക്കേണ്ടി വരും. ഡാകിൻസിന് സമയം എണ്ണമറ്റ ദൈർഘ്യത്തോളം വേണമെങ്കിൽ വലിച്ചു നീട്ടാം. പക്ഷേ, ബോയിംങ്ങ് 747ന്റെ ഒരു ചക്രം പോലും ക്രമേണ ക്രമേണയായി സൃഷ്ടിക്കപ്പെട്ടുവെന്ന് വിശ്വസിക്കാൻ സാധ്യമല്ല. ജീവനുള്ളതോ ഇല്ലാത്തതോ എന്ന കാര്യം ഇവിടെ അപ്രസക്തമാണ്. സാങ്കേതിക സങ്കീർണതയും, രൂപകൽപനയും, യാന്ത്രിക അത്ഭുതങ്ങളുമാണ് ഇവിടെ ഉള്ളടങ്ങിയിട്ടുള്ള വിഷയം.

വവ്വാലിനെ സൃഷ്ടിച്ചത് ബോധശൂന്യമായ പ്രകൃതി ശക്തികളാണെന്ന വാദമുയർത്തുന്നത് അദൃശ്യനും ബോധാത്മകനുമായ ഒരു സ്രഷ്ടാവിനു പകരം ബോധശൂന്യവും അന്ധവുമായ ഡാർവിൻ നിയമത്തെ പ്രതിഷ്ഠിക്കാനുള്ള ശ്രമം മാത്രമാണ്. യുക്തിബോധത്തിനായി സമർപ്പിക്കപ്പെട്ട അവരുടെ മഹത്തായ പാണ്ഡിത്യമെല്ലാം ഒരു നിമിഷ നേരത്ത് മാറ്റിവെച്ചു കൊണ്ടാണ് ദൈവാസ്തിത്വത്തിന്റെ യാഥാർഥ്യത്തിൽ നിന്ന് ഒളിച്ചോടാൻ വേണ്ടി ഈ സങ്കൽപത്തെ അവർ അംഗീകരിക്കുന്നത്.

ജീനുകളുടെ സങ്കീർണമായ ആഭ്യന്തര പ്രവർത്തനത്തിൽ പ്രകൃതി നിർദ്ധാരണത്തിന് യാതൊരു പങ്കും നിർവഹിക്കാനില്ല എന്ന പ്രകൃതി നിർദ്ധാരണ തത്ത്വങ്ങൾക്കെതിരെ ഉന്നയിക്കപ്പെടുന്ന പൊതുവായ വിമർശനത്തെ ഡാകിൻസ് തന്റെ സൂത്രപ്പണിയിലൂടെ ഖണ്ഡിക്കാൻ ശ്രമിക്കുന്നുണ്ട്. ഇതാണ് അദ്ദേഹം ഡാർവിനിസത്തിന് ചെയ്ത മുഖ്യ സേവനം. ഇതാണ് വാസ്തവത്തിൽ ജീവശാസ്ത്രത്തിലേക്കുള്ള അദ്ദേഹത്തിന്റെ സമീപനത്തിലെ മുഖ്യചാലകശക്തി. പ്രകൃതി നിർദ്ധാരണവും ജീനുകളും തമ്മിലുള്ള ബന്ധത്തിൽ അദ്ദേഹം തികച്ചും ഒരു പുതിയ ആശയമാണ് നിർദേശിക്കുന്നത്. ജീനുകളുടെ ഉൽപരിവർത്തനാത്മകമായ മാറ്റങ്ങളോ (Mutative Changes), വികാസത്തേയോ അദ്ദേഹം നിഷേധിക്കുന്നില്ല. ഈ മാറ്റങ്ങളൊന്നും തന്നെ പ്രകൃതിനിർദ്ധാരണത്തിന് നേരിട്ട് വിധേയപ്പെട്ടതാണ് എന്ന് അദ്ദേഹം പ്രത്യക്ഷത്തിൽ വാദിക്കുന്നുമില്ല. എന്നാൽ ഒഴുക്കൻ മട്ടിൽ ലളിതമായി അദ്ദേഹം പറയുന്ന കാര്യം ജീനുകൾ ഉണ്ടാക്കുന്ന എല്ലാ ശാരീരിക വ്യതിയാനങ്ങളും പ്രകൃതി നിർദ്ധാരണത്തിന് വിധേയമാണെന്നുമാണ്. ശരീരത്തിലുണ്ടാക്കുന്ന അത്തരം മാറ്റങ്ങളെ പ്രകൃതി നിർദ്ധാരണം അംഗീകരിക്കുമ്പോൾ മാത്രമാണ് അവ അതിജീവനത്തിനുള്ള യോഗ്യത നേടുന്നത്. ഈ അംഗീകാരം സ്വാഭാവികമായും അവ പ്രാബല്യത്തിൽ വരുത്തുകയും ചെയ്യുന്നു. ആകസ്മികതയുടെ ശാസ്ത്രമുപയോഗിച്ച് അദ്ദേഹം ചെയ്തു കഴിഞ്ഞ കാര്യമിതാണ്. ഹിമോഗ്ലോബിന്റെ സൃഷ്ടിപ്പിനെ പറ്റി പ്രതിപാദിക്കവേ, വെറും യാദൃച്ഛിക ഘടകങ്ങളാണ് അത് നിർവഹിക്കുന്നതെന്ന കാര്യം അസാധ്യമാണെന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു. ഇക്കാര്യം ഒരിക്കലും സംഭവിക്കാൻ സാധ്യതയില്ല. അതിശക്തമായി തന്റെ പുസ്തകത്തിന്റെ 45-ാം പേജിൽ അദ്ദേഹം ഇതിന്റെ അസംഭവ്യത വിശദമാക്കുന്നു. അമിനോ അമ്ലത്തിന്റെ നാല് കണ്ണികൾ കൂടി പിണച്ച് 146 അമിനോ അമ്ലങ്ങൾ ഒരൊറ്റ ഹിമോഗ്ലോബിൻ കോശത്തിൽ അടക്കം ചെയ്യപ്പെട്ടിരിക്കുന്നുവെന്ന് അദ്ദേഹം എഴുതുന്നു. ഇവിടെ അദ്ദേഹം താരതമ്യേന സങ്കീർണമായ ഗണിത ക്രിയ നടത്തി യാദൃച്ഛികതയുടെ വിളയാട്ടത്തിലൂടെ ഹിമോഗ്ലോബിൻ കോശം സൃഷ്ടിക്കാൻ ഏറെക്കുറെ അസാധ്യമാണെന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. അദ്ദേഹത്തിന്റെ സ്വന്തം വാക്കുകൾ ഇപ്രകാരമാണ്.

ഇത് ആളുകളിൽ അമ്പരപ്പുണ്ടാക്കുന്ന വിധത്തിലുള്ള വലിയ നമ്പറാണ്. ഒരു മില്ല്യൻ എന്നാൽ 1 ന് ശേഷം 6 പൂജ്യങ്ങളാണ്. ഒരു ബില്യൻ(1,000 മില്യൻ) 1 ന് ശേഷം 9 പൂജ്യമാണ്. നാം അന്വേഷിക്കുന്ന ഹിമോഗ്ലോബിൻ നമ്പർ 1 ന് ശേഷം 190 പൂജ്യങ്ങളാണ്. ഇത് തന്നെ യാദൃച്ഛികതക്ക് ഭാഗ്യമുണ്ടെങ്കിൽ മാത്രമേ ഹിമോഗ്ലോബിനിൽ സംഭവിക്കാൻ സാധ്യതയുള്ളൂ. *ഹിമോഗ്ലോബിൻ തൻമാത്രയാകട്ടെ ജീവനുള്ള ശരീരത്തിന്റെ സാങ്കേതിക സങ്കീർണതയുടെ ഏറ്റവും സൂക്ഷ്മമായ ഒരു ഘടകം മാത്രമാണ്.*

ഡാർവിൻ സിദ്ധാന്ത പ്രകാരം ജീവന്റെ പ്രഹേളിക പരിഹരിക്കാൻ അദ്ദേഹം പ്രയോഗിക്കുന്ന ഒരു സൂത്രപണിയാണ് ഈ വാദം. പക്ഷേ ഒരിക്കലും അത് പരിഹൃതമാവുന്നില്ല എന്നതാണ് സത്യം. ഈ രീതിയിൽ ഹിമോഗ്ലോബിൻ അടങ്ങിയ ജീനുകളുടെ അസ്തിത്വം മേൽ വാദപ്രകാരം തന്നെ അസാ

ശേഷം പേജ് 28 ൽ


# ഭ്രൂണവിജ്ഞാനീയം ഖുർആനിലും ഹദീസിലും

കാനഡയിലെ ടൊറൊന്റോ യൂണിവേഴ്സിറ്റിയിൽ അനാട്ടമി വിഭാഗം പ്രൊഫസറും മെഡിസിൻ വിഭാഗത്തിന്റെ ചെയർമാനുമാണ് ലേഖകൻ.

**കെയ്ത്തിൻ മൂർ**

മനുഷ്യൻ എവിടെ നിന്ന് വന്നു, ജനനത്തിന്ന് മുമ്പ് അവൻ എങ്ങനെ രൂപപ്പെട്ടു എന്നീ കാര്യങ്ങളെക്കുറിച്ചറിയാൻ അവൻ എന്നും ഉത്സുകനായിരുന്നു. ലൈംഗിക സംയോഗം വഴിയാണ് മനുഷ്യ പ്രജനനം നടക്കുന്നതെന്ന് പ്രാകൃത മനുഷ്യൻ മനസ്സിലാക്കിയിരുന്നു. എന്നാൽ അവ ന്റെ ഈ ധാരണ മുഴുക്കേ ഊഹങ്ങളും മിഥ്യാസങ്കൽപ്പങ്ങളുമായിരുന്നു. ഭ്രൂണ വളർച്ചയെക്കുറിച്ചുള്ള മനുഷ്യന്റെ അജ്ഞതയും അന്ധവിശ്വാസവും കാരണം അവന്റെ ജനന പൂർവ ഘട്ടത്തെക്കുറിച്ച് തികച്ചും അശാസ്ത്രീയമായ ഒരു കാഴ്ച്ചപ്പാടായിരുന്നു പൗരാണിക ലോകം വെച്ചുപുലർത്തിയിരുന്നത്.

നമുക്ക് അറിയപ്പെട്ടിടത്തോളം ബി.സി. നാലാം നൂറ്റാണ്ടിൽ അരിസ്റ്റോറ്റിലായിരുന്നു ഭ്രൂണ വിജ്ഞാനീയത്തെ (Embryology) പറ്റി പുസ്തകമെഴുതിയത്. അതിൽ താരതമ്യാത്മക ഭ്രൂണ ശാസ്ത്രത്തെക്കുറിച്ച് പ്രത്യേകിച്ച് കോഴിയുടെ ഭ്രൂണ വളർച്ചയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. മനുഷ്യ ഭ്രൂണം നിശ്ചിത രൂപമില്ലാത്ത വസ്തുവിൽ നിന്നും രൂപം കൊണ്ടതാണെന്നും ആർത്തവ രക്തവും ബീജവും തമ്മിലുള്ള കൂടിച്ചേരൽ മൂലമാണ് ഗർഭധാരണം നടക്കുന്നതെന്ന തെറ്റായ നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേർന്നത്.




കഴിഞ്ഞ രണ്ടായിരം വർഷക്കാലമായി ഭ്രൂണ ശാസ്ത്ര രംഗത്ത് പുരോഗമന ക്ഷമമായ യാതൊരു ചലനവും ഇല്ലായിരുന്നു. 17ാം നൂറ്റാണ്ടിൽ സൂക്ഷ്മദർശിനിയുടെ കണ്ടുപിടുത്തത്തോടു കൂടിയാണ് മനുഷ്യ ഭ്രൂണത്തെ പറ്റിയുള്ള വിശദമായ പഠനങ്ങൾ സാധ്യമായത്. 18-ാം നൂറ്റാണ്ടോടുകൂടി ഭ്രൂണ കോശങ്ങളെ വേർ തിരിച്ചറിയാൻ കഴിഞ്ഞു.

ഏകദേശം ഒരു വർഷം മുമ്പ് മനുഷ്യ പ്രജനനത്തെ സംബന്ധിച്ചും ഭ്രൂണ വളർച്ചയെ പറ്റിയും ഖുർആനിലെ ചില വചനങ്ങളും ഹദീസും ഞാൻ വായിക്കാനിടയായി. ഏഴാം നൂറ്റാണ്ടിൽ അവതരിച്ച ഈ സൂക്തങ്ങളിലെ അതി സൂക്ഷ്മമായ ചില ശാസ്ത്രീയ പ്രതിപാദനങ്ങൾ എന്നെ അത്ഭുതസ്തബ്ദനാക്കി. അൽപ്പം ചില വചനങ്ങൾ എന്റെ സ്വന്തം വ്യാഖ്യാനത്തോടെ ഞാൻ വിവരിക്കാം.

***‘ഒരു സൃഷ്ടിക്ക് ശേഷം മറ്റൊരു സൃഷ്ടിയായി മൂന്നു തരം ഇരുട്ടുകളിൽകൂടി നിങ്ങളുടെ മാതാക്കളുടെ ഗർഭാശയങ്ങളിൽ നിന്ന് അവൻ നിങ്ങളെ സൃഷ്ടിക്കുന്നു. അതാണ് നിങ്ങളുടെ നാഥനായ അല്ലാഹു.’*** *(39:7)*

ഗർഭപാത്രത്തിലെ ഭ്രൂണ വളർച്ചയുടെ ഘട്ടങ്ങളെ പറ്റി 15 ാം നൂറ്റാണ്ടു വരെ ചർച്ച ചെയ്യപ്പെട്ടിരുന്നില്ല. എ. ഡി. രണ്ടാം നൂറ്റാണ്ടിൽ

ഗാലൻ തന്റെ ഗർഭസ്ഥശിശുവിന്റെ രൂപാന്തരണം എന്ന (On the Formation of the Foetus) എന്ന ഗ്രന്ഥത്തിൽ മറുപിള്ള (Placenta) യെക്കുറിച്ചും ഗർഭസ്ഥ ശിശുവിന്റെ ആവരണത്തെക്കുറിച്ചും (Foetal membaranes) പ്രതിപാദിക്കുന്നുണ്ട്. ഗർഭപാത്രത്തെക്കുറിച്ചും അദ്ദേഹത്തിന് അറിവുണ്ടായിരിക്കണം.

17-ാം നൂറ്റാണ്ടിൽ സൂക്ഷ്മ ദർശിനിയുടെ കണ്ടുപിടുത്തത്തോടെ കോഴിയുടെ ഭ്രൂണവളർച്ചയുടെ വിവിധ ഘട്ടങ്ങൾ നിരീക്ഷിച്ച് രേഖപ്പെടുത്താൻ കഴിഞ്ഞു. 1940 വരെ മനുഷ്യ ഭ്രൂണത്തിന്റെ ദശാപരിണാമങ്ങളെക്കുറിച്ച് ആരും പരാമർശിച്ചിട്ടില്ല. കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഈ ആധുനിക കാലഘട്ടത്തിൽ പോലും ലോകവ്യാപകമായി ഭ്രൂണത്തിന്റെ വളർച്ചാഘട്ടങ്ങളെക്കുറിച്ച് അവബോധമുണ്ടായിട്ടില്ല എന്നതാണ് വാസ്തവം.

ഖുർആൻ പ്രത്രിപാദിച്ച മൂന്ന് മറയെ സംബന്ധിച്ച് യുക്തിപരമായി ഇങ്ങനെ വ്യാഖ്യാനിക്കാവുന്നതാണ്. 1) മാതാവിന്റെ ഉദരഭിത്തി (Mother's Abdominal Wall). 2) ഗർഭപാത്രഭിത്തി (Uterus Wall) 3) ഭ്രൂണസ്തരം (Aminochorionic Membarane) ഈ മൂന്നു ശാരീരിക ഭിത്തികളാണ് ബാഹ്യ സമ്മർദ്ദങ്ങളിൽ നിന്നും ഭ്രൂണത്തിന്ന് സുരക്ഷ നൽകുന്നത്

**പിന്നീട് നാം നുത്ഫയെ (സംയോജിത ലിംഗകോശങ്ങളെ -സിക്താണ്ഡത്തെ) ഒരു സുരക്ഷിത സ്ഥാനത്ത് നിക്ഷേപിച്ചു. പിന്നീട് ആ നുത്ഫയെ (സിക്താണ്ഡത്തെ) ഒട്ടിപ്പിടിക്കുന്ന വസ്തുവായും ആ വസ്തുവിനെ ചവച്ചരക്കപ്പെട്ട മാംസപിണ്ഡമായും അസ്ഥികളായും നാം രൂപാന്തരപ്പെടുത്തി. അനന്തരം അസ്ഥികളെ നാം മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് നാം അതിനെ മറ്റൊരു സൃഷ്ടിയായി രൂപാന്തരപ്പെടുത്തി. അതിനാൽ ഏറ്റവും നല്ല നിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹ സമ്പൂർണനാണ്.** (23 14,15)

ബീജസങ്കലനത്തിന് ശേഷം 24 ദിവസത്തേക്ക് ഭ്രൂണം ഒരു അട്ടയെപോലെ (Leech) യാണ്. (അറബിയിൽ അലഖ് - ഒട്ടിപിടിച്ചു നിൽക്കുന്ന വസ്തു) അതിന് ശേഷം അവ ചവച്ചരക്കപ്പെട്ട മാംസക്കഷണം പോലെ ആയിത്തീരുന്നു. (അറബിയിൽ മുള്ഗ -ചവച്ചരക്കപ്പെട്ട മാംസം) നാലാഴ്ച്ചകൾക്ക് ശേഷം സോമൈസ്റ്റ്സ് (Somites ഭ്രൂണത്തിലെ നോട്ടോ കോർഡിന്റെ (Notochord)യും, നാഡീനാളി (Herural tube)യുടെയും ഇരുവശങ്ങളിലും കാണപ്പെടുന്ന കോശ വളർച്ച രൂപം പ്രാപിക്കുന്നു.

ഭ്രൂണാവസ്ഥയിൽ തന്നെ മനുഷ്യശിശുവിന് അസ്ഥികൾ, പേശികൾ മുതലായ ശാരീരിക പ്രത്യേകതകൾ രൂപം പ്രാപിക്കാൻ തുടങ്ങുന്നു. ഭ്രൂണാവസ്ഥയുടെ അവസാനത്തോടെ മുഖ്യമായ അവയവങ്ങളുടെ വ്യവസ്ഥകൾ രുപപ്പെട്ടുകഴിയുന്നു. ഭ്രൂണത്തിന്റെ ബാഹ്യ ദൃശ്യത്തിൽ മസ്തിഷ്ക്കം, ഹൃദയം, കരൾ,സോമൈറ്റ്സ്, അസ്ഥി, അവയവങ്ങൾ , ചെവി, മൂക്ക്, കണ്ണ്, മുതലായവയുടെ രൂപരേഖ വ്യക്തമായി കഴിഞ്ഞിട്ടുണ്ടാകും. ഈ പ്രത്യേകതകളോടുകൂടിയ ഘടന രൂപം പ്രാപിക്കുന്നതോടെ സുവ്യക്തമായ മനുഷ്യമുദ്രകൾ അതിൽ പതിയുന്നു. അങ്ങനെ ആ ഭ്രൂണം അനിഷേധ്യമായ ഭ്രൂണമായി മാറുന്നു. ബാഹ്യവും ആന്തരികവുമായ എല്ലാ ശാരീരിക ഘടകങ്ങളും ഈ ഭ്രൂണാവസ്ഥയിലാണ് രൂപം കൊള്ളുന്നത്. ഈ അഞ്ച് ആഴ്ച്ചക്കാലം വളർച്ചയുടെ ഏറ്റവും നിർണായകമായ കാലഘട്ടമാകുന്നു. ഈ കാലഘട്ടത്തിൽ തന്നെയാണ് ജന്മജാത വൈകല്യങ്ങളും ഉടലെടുക്കുന്നത്.

ഭ്രൂണഘട്ടം പിന്നിട്ടു കഴിഞ്ഞാൽ രണ്ടാമത്തെ മുഖ്യ ഘട്ടം ഗർഭസ്ഥ ശൈശവ ഘട്ടമാണ് (Fetal Stage). ഈ ഘട്ടത്തിൽ ഗർഭസ്ഥശിശു ശീഘ്ര വളർച്ച പ്രാപിക്കുകയും വ്യതിരിക്തതനേടുകയും ചെയ്യുന്നു. ഇരുപത്തിനാല് ആഴ്ച്ചകൾക്കൊണ്ട് അതിന് കണ്ണ് തുറക്കാൻ കഴിയുന്നു. ഈ അവസരത്തിൽ ഗർഭകാലം തികയുന്നതിന് മുമ്പ് പ്രസവിച്ചാലും ശിശുവിന് അതിജീവിക്കാനാവും.

പുരുഷ ബീജവും സ്ത്രീയുടെ അണ്ഡവും തമ്മിൽ യോജിച്ച് സിക്താണ്ഡം (Zygote) എന്ന് വിളിക്കപ്പെടുന്ന ഏകകോശത്തിൽ നിന്നാണ് ഭ്രൂണം ജന്മമെടുക്കുന്നത്. ഖുർആൻ പറയുന്നു: **'പിന്നീട് അവന്റെ ശിശുവിനെ നിസ്സാരമായ ദ്രവവസ്തുവിൽ നിന്നുള്ള ഒരു സത്തിൽ നിന്നും അവൻ സൃഷ്ടിച്ചു.'**(32:9) **'ഉൽസർജിക്കുന്ന ശുക്ലത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലേ അവൻ. പിന്നെ ഒട്ടിപിടിക്കുന്ന സക്തമാംസമായി തീർന്നു. അങ്ങനെ അവൻ അതിനെ രൂപപ്പെടുത്തി പരിപൂർണ്ണനാക്കി.'** (75:38,39) ഈ ഖുർആൻ വചനങ്ങളും ഒരു ഹദീസും ഇക്കാര്യം വ്യക്തമാക്കുന്നു. പുരുഷ ലിംഗത്തിൽ നിന്നും ഉൽസർജിക്കുന്ന തുച്ഛമായ ശുക്ലത്തിൽ നിന്നാണ് ബീജകോശങ്ങൾ വരുന്നതെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. മൂത്രമാർഗേണ (Urethra) തന്നെയാണ് നിസ്സാരദ്രവം എന്ന് വിളിക്കപ്പെടുന്ന ബീജം സ്രവിക്കുന്നത്.

ഖുർആനിൽ മനുഷ്യനെ ഒരുസത്തിൽ നിന്ന് രൂപപ്പെടുത്തിയെടുത്തു എന്ന പ്രതിപാദനം കാണാം. 'അത്ഫ്' സ്രവിക്കപ്പെടുന്ന ശുക്ലത്തിൽ നിന്ന് വേർതിരിച്ചെടുക്കപ്പെടുന്ന അൽപ്പമാത്രമായ ബീജസത്ത് എന്ന വ്യഖ്യാനം ഏറ്റവും അനുയോജ്യമായതാണ്. കോടാനുകോടി ബീജങ്ങളിൽ നിന്നു ഗർഭപാത്രക്കുഴലിൽ വെച്ച് അണ്ഡത്തെ സമീപിക്കുന്നത് ഏതാനും എണ്ണം അണ്ഡം മാത്രമാണ്.

**'സത്യമായും ഞാൻ മനുഷ്യനെ സങ്കലിതമായ ഇന്ദ്രിയ ബിന്ദു (നുത്ഫത്തിൽ അംശാജീൻ) നിന്നും സൃഷ്ടിച്ചിരിക്കുന്നു.'** (76:3)

ഇവിടെ സങ്കലിതമായ ഇന്ദ്രിയ (Mixed fluid) എന്ന ഖുർആന്റെ വിശേഷണം അൽപ്പം അളവ് ബീജത്തോടൊപ്പം അണ്ഡത്തിന്ന് ജന്മമേകുന്ന കോശങ്ങൾക്കും അതിന്റെ കൂടെയുള്ള ഫോളിക്കിൾ ദ്രവത്തിന്നും (Follicular Fluid) കൂടി ഒന്നിച്ചുള്ള വിശേഷണമാകാം. ഖുർആന്റെ മറ്റൊരു പരാമർശം മിശ്രിത ദ്രവത്തിൽ (Mingled fluid) നിന്നാണ് മനുഷ്യൻ രൂപം കൊണ്ട ത് എന്നാണ്. ഇത് തീർച്ചയായും സ്ത്രീ–പുരുഷന്മാരുടെ ലൈംഗിക കോശദ്രവങ്ങളെയും സ്ഖലനത്തെ യും സങ്കലനത്തെയും കുറിച്ചാണ്. ആർത്തവ ഘട്ടത്തിൽ അണ്ഡകോ ശങ്ങൾ പുറന്തള്ളപ്പെടുമെന്ന് നമുക്കറിയാം. അണ്ഡകോശവും ഫോളിക്ക് അല്ലവും ഗർഭാശയ ക്കുഴലിലൂടെ പ്രവേശിക്കുന്ന ഘട്ട ത്തിൽ പുരുഷനുമായി ഇണച്ചേരൽ സംഭവിച്ചാൽ അണ്ഡം ഏതാനും ബീജങ്ങളുമായി കൂടി ചേരുന്നു. ഈ ബീജങ്ങളിലൊന്ന് അണ്ഡത്തി ലേക്ക് തുളഞ്ഞുകയറുകയും ഭ്രൂണ ത്തിന്റെ ആദി രൂപമായ സിക്താ ണ്ഡം രൂപപ്പെടുകയും ചെയ്യുന്നു.

17–ാം നൂറ്റാണ്ടിൽ വ്യാപകമാ യി പ്രചരിച്ച ഒരാശയം ബീജത്തിൽ തന്നെ നാം മനുഷ്യന്റെ കൊച്ചു രൂപം ഉള്ളടക്കം ചെയ്തിരിക്കുന്നു എന്നാണ്. അത്പോലെ മറ്റൊരു വിശ്വാസം സ്ത്രീയുടെ അണ്ഡത്തി ൽ മനുഷ്യന്റെ പ്രാഗ്‌രൂപം നിഗൂഢനം ചെയ്യപ്പെട്ടിരിക്കുന്നു എന്നാണ്. പുരുഷ ബീജം അതിനെ വളരാൻ സഹായിക്കുക മാത്രമാണ് ചെയ്യുന്നതെന്നായിരുന്നു അവരുടെ വിശ്വാസം.

18–ാം നൂറ്റാണ്ടിൽ സ്പെല്ലൻ സനി എന്ന ശാസ്ത്രജ്ഞൻ ആണി ന്റെയും പെണ്ണിന്റെയും ലൈംഗിക കോശങ്ങൾ രണ്ടും കൂടിചേർന്നാൽ മാത്രമേ ഗർഭധാരണം നടക്കുകയു ള്ളു എന്ന് പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ തെളിയിക്കുക യുണ്ടായി. നായ്ക്കളിൽ കൃത്രിമ ഗർഭധാരണം നടത്തിയതുൾപ്പെടെ ബീജവും അണ്ഡവും കൂടി ചേർന്നാൽ മാത്രമേ ഗർഭധാരണം നടക്കൂ എന്ന കാര്യം അദ്ദേഹം സ്ഥിരീകരിക്കുകയുണ്ടായി. ഏഴാം നൂറ്റാണ്ടിൽ അവതരിക്കപ്പെട്ട ഖുർആന്റെ **'സങ്കലിത ദ്രവം'** എന്ന ആശയത്തിന്റെ വിവക്ഷിതം പതി നൊന്ന് നുറ്റാണ്ടുകൾക്ക് ശേഷം മാത്രമാണ് വിശദീകരിക്കപ്പെട്ടത്. ഖുർആന്റെ ഈ അർഥപൂർണമായ പ്രയോഗത്തെ ആൺപെൺ ലൈംഗിക കോശങ്ങളുടെ സങ്കലന മാണെന്ന് അക്കാലത്ത് വ്യാഖ്യാനി ക്കാൻ പറ്റുമായിരുന്നില്ല.

**'ഒരു രേതസ്ക്കണത്തിൽ നിന്നുമാണ് (നുത്ഫ) അവൻ അവനെ സൃഷ്ടിച്ചിട്ടുള്ളത്. എന്നിട്ട വൻ (അല്ലാഹു) അവന് തോത് നിശ്ചയിച്ചു. പിന്നെ അവന് വളർച്ചാ മാർഗ്ഗം സുഗമമാക്കിക്കൊടുത്തു.' (80:20)** ഈ വാക്യത്തിൽ ക്രോമോ സോമിന്റെ നിശ്ചിത എണ്ണത്തില ധിഷ്ഠിതമായ ഒരു ജനിതക പദ്ധതി (Genitic plan) അനുസരിച്ചാണ് ബീജ സങ്കലനത്തിന് ശേഷമുള്ള അണ്ഡം അഥവാ സിക്താണ്ഡം വളരുന്നതെന്ന് ഖുർആൻ പറയു ന്നു. പത്തൊമ്പതാം നൂറ്റാണ്ട് വരെ ശാസ്ത്ര ലോകത്തിന് ഇക്കാര്യം അറിയില്ലായിരുന്നു. ഖുർആനിലെ ഈ വാക്യം നുത്ഫയിൽ അടങ്ങി രിക്കുന്ന ജനിതക ഘടന അനുസരി ച്ചാണ് ഭാവിയിലെ വ്യക്തിയുടെ രൂപവും സ്വഭാവവും നിർണയിക്കു ക എന്നകാര്യം ഉണർത്തുന്നു.

**'രേതസ്കണം ഉൽസർജ്ജി ക്കപ്പെടുമ്പോൾ അതിൽ നിന്ന് ആണ് പെണ്ണ് എന്നീ രണ്ട് ഇണക ളെ സൃഷ്ടിക്കുന്നവനും അവൻ തന്നെയാണ്.' (53: 46,47)** ഈ ഖുർആനിക വചനത്തിൽ ബീജ സങ്കലന വേളയിലാണ് ലിംഗനിർണ യം നടക്കുന്നതെന്ന് സൂചിപ്പിക്കു ന്നു. അറുപത് വർഷത്തിന് മുമ്പ് ക്രോമസോം കണ്ടുപിടിച്ചതിന് ശേഷം മാത്രമാണ് ഇക്കാര്യം ലോകത്തിന് അറിയാൻ സാദ്ധ്യമായ ത്. ബീജ സങ്കലനത്തിന്റെ മുഖ്യ ഫലം; പിന്നീട് വളരുന്ന ഭ്രൂണ ത്തിന്റെ ലിംഗം ഏതെന്ന് നിർണയി ക്കപ്പെടുന്നു എന്നതാണ്. പുരുഷ ലിംഗ നിർണയത്തിന് **Y** ക്രോമോ സോമുകളുടെ സ്വാധീനം ഏകദേ ശം ഒരു ദശകം മുമ്പു മാത്രമാണ് കണ്ടുപിടിക്കപ്പെട്ടത്

ബീജസങ്കലനത്തിന് ശേഷം ആദ്യദശയിലെ ഭ്രൂണം (Blasto-cyst) പത്ത് ദിവസം കഴിഞ്ഞ് ഗർഭപാത്രത്തിൽ ഒട്ടിചേരുന്നു. അത് എട്ട് ആഴ്ചകൾക്ക് ശേഷം മനുഷ്യന്റെ രൂപം പ്രാപിക്കാൻ ആരംഭിക്കുന്നു. 'നുത്ഫ' ഗർഭ പാത്രത്തിലെത്തിയതിന് ശേഷം 40 –45 രാവുകൾ കഴിഞ്ഞാൽ ദൈവം ഒരു മലക്കിനെ അയച്ച് കേൾവി, കാഴ്ച്ച, ത്വക്ക്, മാംസം, അസ്ഥി എന്നിവ നൽകുമെന്ന് ഒരു ഹദീസിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾ വിശ്വസിക്കുന്നു.

അല്ലയോ ദൈവമേ, ആണോ പെണ്ണോ എന്ന് മലക്കുകൾ ചോദി ക്കുമെന്ന് ഹദീസിൽ രേഖപ്പെടുത്തു ന്നു. 50 മുതൽ 55 ദിവസങ്ങൾ കഴിഞ്ഞതിന് ശേഷമാണ് വ്യക്ത മായ മനുഷ്യരൂപം ഭ്രൂണത്തിന് ലഭിക്കുന്നത്. അതിന് മുമ്പേയുള്ള മനുഷ്യ ഭ്രൂണത്തിന്റെ അവസ്ഥ മറ്റു സസ്തനികളിൽനിന്നും തിരിച്ചറിയാൻ സാദ്ധ്യമല്ല.

**'നിങ്ങളുടെ ഭാര്യമാർ നിങ്ങ ൾക്ക് ഒരു കൃഷിയിടമാകുന്നു. അത്കൊണ്ട് നിങ്ങൾ ആഗ്രഹി ക്കും വിധം നിങ്ങൾ കൃഷിയിടത്തി ലേക്ക് ചെന്നു കൊള്ളുക.'(2:224)** ഇവിടെ സ്ത്രീയെ ഒരു കൃഷിയി ടത്തോടാണ് ഉപമിച്ചിരിക്കുന്നത്. ബീജസങ്കലനത്തിന് ശേഷം ഒരു വിത്ത് കൃഷിയിടത്തിൽ നടുന്നത് പോലെ ഭ്രൂണകോശം (Blastocyst) ഗർഭ പാത്രത്തിൽ നിക്ഷേപിക്ക പ്പെടുന്ന പ്രതിഭാസമാണ് ഇവിടെ ഏറ്റവും ഉചിതമായ വാക്കുകളിൽ ഖുർആൻ വരച്ചു കാട്ടുന്നത്. മണ്ണ് വിത്തിനെ ആവരണം ചെയ്യുന്നത് പോലെ ഗർഭ പാത്രത്തിലെ എപ്പി ത്തീലിയം (Epithelium) ഭ്രൂണത്തെ ആവരണം ചെയ്യുന്ന കോശകല അവിടെ വിതക്കപ്പെട്ട ഭ്രൂണത്തെ ആവരണം ചെയ്യുന്നു. അതിന്

ശേഷം ഭ്രൂണം മാതാവിന്റെ രക്തത്തിൽ നിന്ന് പോഷണം ലഭിക്കുവാൻ വിത്തിൽ നിന്ന് മുള പൊട്ടുന്നത് പോലെ ക്രിയോണിക്ക് വില്ലി (Chrionicvilli) എന്ന കോശകലകൾ രൂപപ്പെടുന്നു.

**'പിന്നീട് നുത്ഫ ഒട്ടിപ്പിടിക്കുന്ന വസ്തുവായും പിന്നെ ആ സക്തവസ്തുവിനെ ചവക്കപ്പെട്ട മാംസ പിണ്ഡമായും പിന്നെ മാംസ പിണ്ഡത്തെ അസ്ഥികളായും നാം രൂപാന്തരപ്പെടുത്തി. അതിനാൽ ഏറ്റവും നല്ലനിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹ സമ്പൂർണനാകുന്നു.'** **(23:15)** ഗർഭ പാത്രത്തിൽ ഭ്രൂണ നിക്ഷേപം നടത്തുന്ന കാലയളവിൽ വളരെക്കുറച്ച് മാറ്റങ്ങളെ ഉണ്ടാവുകയുള്ളൂ. പിന്നീട് ക്രമേണ ഭ്രൂണ പരിണാമം ആരംഭിക്കണം. ഖുർആനിൽ വിവരിക്ക പ്പെട്ട ഭ്രൂണത്തിന്റെ ഈ വളർച്ചാഗതി അത്ഭുതകരമായ കണിശതയുള്ളതാണ്. 40 വർഷങ്ങൾക്ക് മുമ്പു വരെ ഭ്രുണത്തിന്റെ ദശാപരിണാമങ്ങളെക്കുറിച്ച് സൂക്ഷ്മമായ അറിവ് മനുഷ്യനുണ്ടായിരുന്നില്ല.

ഈ വചനത്തിൽ, അട്ടയെ പോലെ രുപമുള്ളതും ഒട്ടിനിൽക്കുന്നതുമായ ഭ്രൂണഘട്ടത്തെക്കുറിച്ചും തുടർന്ന് ചവച്ചരക്കപ്പെട്ട മാംസപിണ്ഡത്തെ പോലെയുള്ള അവസ്ഥയെക്കുറിച്ചും വിവരിക്കുന്നുണ്ട്.

**'പിന്നീട് നുത്ഫയിൽ നിന്നും പിന്നീട് ഒട്ടിപ്പിടിക്കുന്ന സക്തവസ്തുവിൽ നിന്നും പിന്നീട് രൂപം പൂണ്ടതും അല്ലാത്തതുമായ ചവച്ചരക്കപ്പെട്ട മാംസപിണ്ഡത്തിൽ നിന്നും നാം സൃഷ്ടിച്ചിരിക്കുന്നു.'** **(22:5)** ഇവിടെ രൂപം പൂണ്ടതും അല്ലാത്തതുമായ ഭ്രുണാവസ്ഥ എന്നവചനം ഏറ്റവും ശ്രദ്ധേയമാണ്. ഈ അവസ്ഥയിൽ മസ്തിഷ്ക്കവും ഹൃദയവും ഭാഗികമായി മാത്രമേ രൂപപ്പെട്ടിട്ടുണ്ടാവുകയുള്ളൂ. അപ്പോൾ ഭ്രൂണം ചവച്ചരച്ച് മാംസ പിണ്ഡം പോലെ തോന്നിപ്പിക്കുന്നു.

**ശേഷം പേജ് 26 ൽ**

മാപ്പിളപ്പാട്ട്

# ആദ്യത്തെ വഹി

എം. എ. സമദ്

അഹ്മറിൽ അബിയളായ, അഷ്റഫുൽ ഖൽഖായ
അൽ അമീനായ ഷബാബൊരു നാളിൽ
ഹിറയെന്ന ഗുഹയിൽ തസ്ബീഹിലിരുന്നപ്പോൾ
ഇഖ് റഅ് എന്നൊരു നാദം കേട്ടുണർന്നു.

ലൈലത്തുൽ ഖദ്റിന്റെ റഹ്മത്തീ ഭുവനത്തിൽ
ആയത്തുൽ ഖുർആനെ ഖുദ്റത്താക്കി,
ഖലമിനാൽ ഇൻസാനെ ജ്ഞാനിയെന്നറിയിച്ചു
ഖദ്റോടെ ഖുദ്സായ റൂഹിറങ്ങി.

ജിബ്രീലിൻ സ്വരത്തിൽ രിസാലത്തിന്നനുഗ്രഹം
ജന്നത്തിൻ കവാടങ്ങൾ തുറന്നിറങ്ങി,
മുഹമ്മദിൻ കരളൊന്ന് പിടച്ചുകൊണ്ടറിയാതെ
മുസമ്മിലായ് കിടക്കുവാൻ കൊതിച്ചുപോയി.

വിറക്കുന്ന മെയ്യുമായി വിഷാദനാം റസൂലുല്ലാഹ്
വിശുദ്ധയാം ഖദീജയോടുണർത്തി വാർത്ത
ഭക്തനാം വറക്കതൻ സവിധത്തിലവരെത്തി
ഭയത്തോടെ സുവാർത്തതൻ നിജമറിഞ്ഞു.

അജ്ഞാന തമസ്സിന്റെ കൊടുംതാപമാറ്റുവാൻ
അർഹമുർറാഹീമിന്റെ നൂറാണത്,
മാനവവംശത്തിന്റെ ഭവിഷ്യനാം രക്ഷകനാകാൻ
മുഹമ്മദിനിറങ്ങിയ വഹിയാണത്.

സിറാജും മുനീർ താനെന്നറിഞ്ഞൊരാ നേരത്ത്
സിരയാകെയൊരു മിന്നൽ കടന്നുപോയി
സുബ്ഹാനെ സ്തുതിക്കുന്ന കരളിന്റെ തുടിപ്പോടെ
സുജൂദിൽ കിടന്ന് താഹാ കരഞ്ഞുപോയി.

# കർബല: ചരിത്രത്തിലെ വഴിത്തിരിവ്

റസൂൽ തിരുമേനി (സ) അഗാധമായി സ്നേഹിച്ചിരുന്ന തന്റെ പൗത്രൻ ഹദ്റത്ത് ഇമാം ഹുസ്സയി(റ)ന്റെ രക്തസാക്ഷിത്വം കരളലിയിപ്പിക്കുന്നതും അതീവ ദുഃഖമുളവാക്കുന്നതുമാണെങ്കിലും ഖിലാഫത്തിന്റെ പരിശുദ്ധതക്ക് വേണ്ടി അവിടുന്ന് അനുഷ്ഠിച്ച നിസ്തുല ത്യാഗം ചരിത്രത്തിൽ തുല്യതയില്ലാത്തതാണ്. ആ രക്തസാക്ഷിത്വത്തിന്റെ മഹത്തായ പാഠങ്ങളെക്കുറിച്ച് ലേഖകൻ വിശദീകരിക്കുന്നു. വിവ: ***കെ വി ഹസ്സൻ കോയ, കോഴിക്കോട്***

**മുഹമ്മദ് ത്വാഹിർ നദീം, യു. കെ**

ഒരു മുസ്‌ലിമിന് ഒരിക്കലും മറക്കാൻ സാധിക്കാത്ത വളരെ ദുഃഖകരമായ എണ്ണമറ്റ സംഭവങ്ങൾ ഇസ്‌ലാമിന്റെ ചരിത്രത്തിൽ ഉണ്ട്. നിരവധി വർഷങ്ങൾ കടന്നു പോയെങ്കിലും അവയുണ്ടാക്കിയ തീവ്രവേദന ഇന്നും മാറിയിട്ടില്ല. വിജയം പ്രാപിച്ചതും സമൃദ്ധിയുള്ളതുമായ ഒരു രാഷ്ട്രത്തിന്റെ അടയാളമെന്തന്നാൽ സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും കാലത്ത് പോലും ആ രാജ്യം കടന്ന് പോയ ഇരുണ്ട ദിനങ്ങൾ നിരന്തരം ഓർമിച്ചു കൊണ്ടിരിക്കുമെന്നതാണ്. വിശുദ്ധ പ്രവാചകനെ (സ) യഥാർഥത്തിൽ സ്നേഹിക്കുന്നവർക്ക് തിരുമേനി(സ) യുടെ വ്യസനകരമായ വഫാത്തിനെക്കുറിച്ചും തിരുമേനിയുടെ സഹാബാക്കളെക്കുറിച്ചും ഖലീഫമാരുടെ രക്തസാക്ഷിത്വത്തെക്കുറിച്ചും ഓർക്കുമ്പോൾ ദുഃഖസ്മരണകളുണ്ടാകും. തിരുമേനി (സ) യുടെ സഹാബാക്കളുടെ മേൽ നടത്തപ്പെട്ട ഭയാനകമായ പീഢനത്തിന്റെ വിവരണങ്ങൾ കേൾക്കുമ്പോൾ ഒരു മുസ്‌ലിമിന്റെ ഹൃദയം അനുകമ്പയാൽ നിറയുകയും കണ്ണുകളിൽ നിന്ന് അശ്രുധാര ചൊരിയുകയും ചെയ്യും. എന്നാലും ഈ മഹാത്മാക്കളുടെ വിവരണങ്ങൾ ഭാവി തലമുറകൾക്ക് പുതിയ വഴികൾ തുറന്നു കൊടുക്കുകയും പുതിയ ലക്ഷ്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. അത്തരം സംഭവങ്ങളിലൊന്നാണ് ഇസ്‌ലാമിന്റെ പ്രഥമ നൂറ്റാണ്ടിൽ കർബലയിൽ അരങ്ങേറിയത്.

### കർബല

ഇറാഖിലെ യൂഫ്രട്ടീസ് നദിക്ക് സമീപത്തുള്ള കർബല ഹിജ്റക്ക് മുമ്പ് 61-ാം വർഷം ഒരു തരിശു ഭൂമിയായിരുന്നു. ബാഗ്ദാദിൽ നിന്ന് ഏകദേശം ഒരു നൂറു കിലോമീറ്റർ അകലെയുള്ള ആ പ്രദേശം പിന്നീട് ജനസാന്ദ്രതയുള്ള ഒരു പ്രദേശമായി മാറുകയായിരുന്നു. ഓരോ വർഷവും ഇസ്‌ലാമിക കലണ്ടറിലെ വിശുദ്ധ മാസമായ മുഹറത്തിൽ അത് പ്രത്യേകം സ്മരിക്കപ്പെടുന്നു. ഈ നഗരത്തിന്റെ യശസ്സ് ഇമാം ഹുസ്സയി(റ)ന്റെയും സഹചരന്മാരുടെയും രക്തസാക്ഷിത്വം കാരണത്താലുണ്ടായതാണ്. അങ്ങേയറ്റം ദൗർഭാഗ്യകരമായ ആ ദുരന്തം സംഭവിച്ചത് കർബലയിൽ വെച്ചായിരുന്നു. അവരുടെ കബറിടവും അവിടെ സ്ഥിതിചെയ്യുന്നു.

### ഹദ്റത്ത് ഇമാം ഹുസ്സയിൻ (റ)

ഹദ്റത്ത് ഇമാം ഹുസ്സയിൻ (റ) ഹദ്റത്ത് അലി (റ) യുടെയും ഹദ്റത്ത് ഫാത്തിമ (റ) യുടെയും മകനാണ്. ഹദ്റത്ത് അലി (റ) ആകട്ടെ ഖുലഫാ ഉർറാശിദയിൽ പെട്ട നാലാമത്തെ ആളായിരുന്നു. ഹദ്റത്ത് ഫാത്തിമ (റ) റസൂൽ തിരുമേനി(സ) യുടെ മകളും. ഹുസ്സൈൻ (റ) ഭൂജാതനായപ്പോൾ റസൂൽ തിരുമേനി (സ) അദ്ദേഹത്തിന്റെ വലത് ചെവിയിൽ ബാങ്കും ഇടത് ചെവിയിൽ ഇഖാമത്തും കൊടുത്തു. ഇത് മുസ്‌ലിംകൾ ഇന്നും പിന്തുടരുന്ന ഒരു ആചാരമാണ്. അദ്ദേഹത്തിന്റെ ആദ്യത്തെ പോഷണമായി റസൂൽ തിരുമേനി (സ)യുടെ പരിശുദ്ധ ഉമിനീരായിരുന്നു എന്ന ബഹുമതിയുമുണ്ട്.

തിരുമേനി തന്നെ ആ ശിശുവിന് ഹുസ്സയിൻ എന്ന് പേരിട്ടു. കൊച്ചു ഹുസൈന് വേണ്ടി അഖീഖ (ഒരു ശിശു ജനിച്ചാൽ ഇസ്‌ലാമികാചാര പ്രകാരം മൃഗബലി നടത്തി മാംസം വിതരണം ചെയ്യുന്ന ആചാരം) നടത്തി. ഏഴാമത്തെ ദിവസം ആ ശിശുവിന്റെ ആദ്യ മുടി നീക്കം ചെയ്തു. അതിന്റെ തൂക്കത്തിന് തുല്യമായി വെള്ളിയുടെ വില ദാനം ചെയ്തു. ആ ശിശുവിന്റെ വിളിപ്പേര് അബുഅബ്ദുല്ല എന്നായിരുന്നു. 1

തിരുനബി(സ) തന്റെ പേരക്കുട്ടികളായ ഹുസ്സയിൻ (റ), ഹസ്സൻ (റ) എന്നിവരെ വളരെയധികം സ്നേഹിച്ചിരുന്നു. ഹദ്റത്ത് അനസ് (റ) തിരുമേനി(സ) യുടെ ഒരു ഭക്തസേവകനായിരുന്നു. നബി (സ) യുടെ കുടുംബാംഗങ്ങളിൽ അവിടുന്ന് ഏറ്റവും കൂടുതൽ സ്നേഹിച്ചിരുന്നത് മേൽ പറഞ്ഞ തന്റെ പേരക്കുട്ടികളെയായിരുന്നുവെന്ന് ഹദ്റത്ത് അനസ് (റ) പറയുന്നു. നബി (സ) പലപ്പോഴും അവരെ കാണാൻ അവരുടെ വീട് സന്ദർശിക്കുമായിരുന്നു. അവരുടെ കുസൃതികൾ ആസ്വദിക്കുമായിരുന്നു. അവരെ ചുംബിക്കുകയും അവരെ കൈയിലെടുക്കുകയും ചെയ്യുമായിരുന്നു. ചില സന്ദർഭങ്ങളിൽ നബി (സ) പള്ളിയിൽ (മസ്ജിദുന്നബവി) അവരെ കൊണ്ടുപോകും. പലപ്പോഴും തിരുമേനി(സ) സുജൂദിലായിരിക്കുമ്പോൾ അവർ തിരുമേനി(സ) യുടെ പുറത്ത് കയറി ഇരിക്കും. ഒരിക്കൽ നബി (സ) വെള്ളിയാഴ്ച്ച ഖുത്ബ നടത്തിക്കൊണ്ടിരിക്കുമ്പോൾ ഹുസ്സയിൻ പള്ളിയിലേക്ക് നടന്നു വരികയായിരുന്നു അവനെ കണ്ടയുടൻ നബി (സ) തിരുമേനി മിംബറിൽ നിന്ന് അവനെയെടുത്ത് നെഞ്ചോട് ചേർത്ത് നിർത്തി. പലപ്പോഴും തിരുമേനി (സ) അവർക്ക് വേണ്ടി ഇങ്ങനെ പ്രാർഥിക്കാറുണ്ടായിരുന്നു: 'അല്ലയോ അല്ലാഹുവേ ഞാനവരെ വളരെയധികം സ്നേഹിക്കുന്നു. നീ അവരോട് സ്നേഹത്തോടും ദയയോടും പെരുമാറണമേ' 2

മറ്റൊരവസരത്തിൽ തിരുമേനി (സ) പറഞ്ഞു: 'ഹുസ്സയിൻ എന്നിൽ നിന്നുള്ളവനാണ് ഞാൻ ഹുസ്സയിന്റേതാണ്' ഹുസ്സയിനെ സ്നേഹിക്കുന്നവരെ അല്ലാഹു സ്നേഹിക്കട്ടെ.3 ഹദ്റത്ത് അബ്ദുല്ലാ (റ) നിവേദനം ചെയ്യുന്നു: 'തിരുനബി (സ) പറഞ്ഞു: ഹസ്സനും ഹുസ്സയിനും സ്വർഗത്തിൽ യുവാക്കളുടെ നേതാക്കന്മാരായിരിക്കും.'4

ഹദ്റത്ത് ഇമാം ഹുസ്സയിൻ (റ) വളരെയധികം അറിവും കരുണയും പ്രസംഗവൈഭവവുമുള്ള ആളായിരുന്നു. വളരെ ധർമിഷ്ഠനും ഇബാദത്ത് ചെയ്യുന്നയാളും തഹജ്ജുദ് നമസ്ക്കരിക്കുന്ന പുണ്യാത്മാവുമായിരുന്നു. ഹദ്റത്ത് അനസ് (റ) ന്റെ അഭിപ്രായ പ്രകാരം ഹദ്റത്ത് ഹസ്സനും ഹുസ്സയിനും (റ) മറ്റാരേക്കാളും നബിതിരുമേനി(സ)യുടെ രൂപവുമായി സാദൃശ്യമുള്ള ആളായിരുന്നു.5 ഹസ്സനും ഹുസ്സയിനും ലോകത്തിലെ ഏറ്റവും നല്ല സുഗന്ധം പോലെയായിരുന്നുവെന്ന് നബി(സ) പലപ്പോഴും പറയാറുണ്ടായിരുന്നു.6 ഹദ്റത്ത് ഇമാം ഹുസ്സയിന് (റ) ഏകദേശം ഏഴ് വർഷത്തോളം നബി(സ) യുടെ സ്നേഹ പരിചരണത്തിൽ കഴിയാനുള്ള സൗഭാഗ്യം ലഭിച്ചു. നബി തിരുമേനി(സ) യുടെ വഫാത്തിന് ശേഷം ഖുലഫാ ഉർറാശിദിങ്ങളിൽപ്പെട്ട ഹദ്റത്ത് അബൂബക്കറും (റ) ഹദ്റത്ത് ഉമറും ഹദ്റത്ത് ഇമാം ഹുസ്സയിനെ വളരെയധികം പരിഗണിക്കുമായിരുന്നു. തിരുമേനി(സ) യുമായുള്ള അടുത്ത ബന്ധമായിരുന്നു കാരണം. ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലത്ത് ഹദ്റത്ത് ഇമാം ഹുസ്സെയിൻ(റ) ഒരു യുവാവായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്താണ് ഹദ്റത്ത് ഹുസ്സെയിൻ (റ) ആദ്യമായി ജിഹാദിൽ പങ്കെടുത്തത്. ഹിജ്റ വർഷം 31ൽ മുസ്‌ലിം സൈന്യത്തിന്റെ ഭാഗമായി അദ്ദേഹം തിബിരിസ്താന്റെ ഭാഗത്തേക്ക് യാത്ര ചെയ്തു. ഹദ്റത്ത് ഉസ്മാൻ (റ) വിനെതിരെയുള്ള വിപ്ലവത്തിന്റെ തുടക്കത്തിൽ ഹദ്റത്ത് ഹസ്സനും(റ) ഹദ്റത്ത് ഹുസ്സയിനും (റ) ഹദ്റത്ത് അലി(റ) യുടെ വീട്ടിൽ കാവൽ നിന്നുകൊണ്ട് അദ്ദേഹത്തിന്റെ വസതിക്ക് ചുറ്റും വലയം തീർത്തതിനാൽ വിപ്ലവകാരികൾക്ക് അതിൽ പ്രവേശിക്കാൻ സാധിച്ചില്ല.7

## ചില വ്യക്തികളുടെ വിവരണം

ഹദ്റത്ത് ഇമാം ഹുസ്സയിന്റെ (റ) രക്തസാക്ഷിത്വത്തിന് ഇടയായ സംഭവത്തിന്റെ വിശദീകരണങ്ങൾ സൂചിപ്പിക്കുന്നതിന് മുമ്പ് സംഭവവുമായി ബന്ധപ്പെട്ട ചില വ്യക്തികളെക്കുറിച്ച് പറയുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. അതിൽ ഭൂരിപക്ഷവും അബ്ദുമനാഫിന്റെയും അബ്ദു ശാസിന്റെയും സന്തതികളായിരുന്നു. അബ്ദുമനാഫിന്റെ സന്തതികളിൽ ഒരാളായിരുന്നു ഹാശിം. ഹാശിമിന്റെ മകനായിരുന്നു അബ്ദുൾ മുത്തലിബ്. അബ്ദുൽ മുത്തലിബിന്റെ മക്കളിൽ ഒരാളായിരുന്നു അബ്ദുല്ല. അദ്ദേഹമായിരുന്നു നബി തിരുമേനി(സ) യുടെ പിതാവ്. അബ്ദുൾ മുത്തലിബിന്റെ മറ്റൊരു മകനായിരുന്നു അബൂതാലിബ്. ഹദ്റത്ത് അലി(റ)യും അദ്ദേഹത്തിന്റെ സഹോദരൻ ഹദ്റത്ത് അഖീൽ (റ) യും അബൂത്താലിബിന്റെ മക്കളായിരുന്നു. അബ്ദുമനാഫിന്റെ മറ്റൊരു മകൻ അബ്ദുശ്ശംസ് ആയിരുന്നു. അദ്ദേഹത്തിന്റെ മകനായിരുന്നു ഉമയ്യ. അബൂ സുഫ്‌യാൻ (റ) ഉമ്മയ്യയുടെ മകനായിരുന്നു. അദ്ദേഹം ഹദ്റത്ത് മുആവിയായുടെ പിതാവായിരുന്നു. ഹദ്റത്ത് മുആവിയാ(റ) യുടെ മകനായിരുന്നു യസീദ് എന്നകാര്യം പ്രധാനപ്പെട്ടതാണ്.

## കർബല സംഭവത്തിന്റെ പശ്ചാത്തലം

ഹിജ്റ 40 ാം വർഷത്തിൽ ഹദ്റത്ത് അലി(റ) യുടെ രക്തസാക്ഷിത്വത്തിന് ശേഷം 20000 ൽ പരം ആളുകൾ ഹദ്റത്ത് ഹസ്സന് (റ) ബൈഅത്ത് ചെയ്തു.

എന്നിരിക്കിലും ഹദ്റത്ത് ഹസ്സൻ (റ) ഹദ്റത്ത് മുആവിയാക്ക് വേണ്ടി ഈ പദവിയിൽ നിന്ന് പിൻവാങ്ങി. മുസ്ലിംകളിലെ രണ്ട് പക്ഷങ്ങൾ തമ്മിലുള്ള തർക്കത്തിന്റെ ഫലമായി ഉണ്ടായേക്കാവുന്ന രക്തചൊരിച്ചിൽ ഇല്ലാതാക്കാനാണ് അദ്ദേഹം ഇങ്ങനെ ചെയ്തത്. ഹദ്റത്ത് മുആവിയ തന്റെ ജീവിത കാലത്ത് തന്നെ തന്റെ എല്ലാ ഗവർണർമാരിൽ നിന്നും തന്റെ പിൻഗാമിയായി നിയമിക്കപ്പെടുന്ന മകൻ യസീദിന് വേണ്ടി സത്യപ്രതിജ്ഞവാങ്ങിയിരുന്നു. അങ്ങനെ ഹിജ്റ 60ൽ ഹദ്റത്ത് മുആവിയാ (റ) യുടെ ചരമ ശേഷം സമ്മതിക്കപ്പെട്ട നിയമന പ്രകാരം യസീദ് അധികാരമേൽക്കുകയും തനിക്ക് അനുസരണ പ്രതിജ്ഞയെടുക്കാനും തന്നോട് കൂറ് പുലർത്താനും മുസ്ലിംകളോട് നിർദേശിച്ചു. മുസ്ലിംകളിൽ ഒരു വലിയ വിഭാഗം യസീദിന് ബൈഅത്ത് ചെയ്തു. എന്നിരിക്കിലും നബി തിരുമേനി (സ) യുടെ പ്രമുഖരും മുതിർന്നവരുമായ ചില സഹാബാക്കൾ ഈ നിയമനത്തിന്റെ രീതി ഇഷ്ടപ്പെടാത്തതിനാൽ യസീദിന് ബൈഅത്ത് ചെയ്യാൻ വിസമ്മതിച്ചു. അവരിൽ പെട്ടവരായിരുന്നു ഇമാം ഹുസ്സയിൻ (റ), ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ(റ), ഹദ്റത്ത് അബ്ദുല്ലാ ഹിബ്നു സുബൈർ(റ) എന്നിവർ. മദീനയിലെ ഗവർണർ യസീദിന് ബൈഅത്ത് ചെയ്യാൻ നിർബന്ധിച്ചപ്പോൾ ഹദ്റത്ത് ഇമാം ഹുസ്സയിനും (റ) കുടുംബവും മദീന വിട്ട് മക്കയിലെ ശിഅ്ബ് അബീത്താലിബിൽ താമസമാക്കി. യസീദിന് ബൈഅത്ത് ചെയ്യില്ലെന്ന ഹദ്റത്ത് ഇമാം ഹുസ്സയി(റ)ന്റെ തീരുമാനം കൂഫയിലെ ജനങ്ങൾ അറിഞ്ഞപ്പോൾ അതുവഴി തങ്ങൾ അദ്ദേഹത്തോട് കൂഫയിൽ വരാനും അതുവഴി തങ്ങൾ അദ്ദേഹത്തെ അമീറും ഖലീഫയുമാക്കാമെന്നും അറിയിച്ചുകൊണ്ട് കത്തെഴുതി. ഹദ്റത്ത് ഇമാം ഹുസ്സയിൻ കൂഫയിലെ അവസ്ഥ അറിയാൻ ഹദ്റത്ത് മുസ്ലിമിബ്നു അഖീലിനെ (റ) അയച്ചു. അദ്ദേഹം കൂഫയിൽ എത്തിയപ്പോൾ ഹദ്റത്ത് മുസ്ലിമിബ്നു അഖീലിനും ഊഷ്മളമായ സ്വീകരണം ലഭിച്ചു. അദ്ദേഹം ഇമാം ഹുസ്സയിന് എഴുതുകയും കൂഫയിലേക്ക് വരാൻ അഭ്യർഥിക്കുകയും ചെയ്തു.

കൂഫയിലെ അവസ്ഥ കൈവിട്ടു പോയിരുന്നു. ഒടുവിൽ മുസ്ലിമിബ്നു അഖീൽ (റ) അറസ്റ്റ് ചെയ്യപ്പെടുകയും വളരെ ക്രൂരമായ നിലയിൽ രക്തസാക്ഷിയാക്കപ്പെടുകയും ചെയ്തു. അതിന് ശേഷം ഹദ്റത്ത് ഇമാം ഹുസ്സയിനോട് കൂറു പുലർത്തിയവരെ അന്വേഷിച്ചു പിടിച്ചു കൊല്ലുകയും ചെയ്തു. സാഹചര്യങ്ങളിൽ വന്ന നാടകീയമായ ഈ മാറ്റം കാരണം ഹദ്റത്ത് ഇമാം ഹുസ്സയിൻ (റ) കൂഫവിട്ടിട്ടുണ്ടായിരുന്നു. അദ്ദേഹം തൽബിയയിൽ എത്തിയപ്പോൾ ഹദ്റത്ത് മുസ്ലിമിബ്നു അഖീലിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചറിഞ്ഞു. സംഗതികളുടെ ഗൗരവം മനസ്സിലാക്കുകയും ചെയ്തു. മടങ്ങിപ്പോകണമെന്നും കൂഫയിലേക്ക് പോകരുതെന്നും അദ്ദേഹത്തിനവിടെ പിന്തുണയുണ്ടാവില്ലെന്നും അംഗരക്ഷകർ ഉപദേശിച്ചു. യാത്രക്കിടയിൽ ഇമാം ഹുസ്സയിനെ പിന്തുണക്കുന്നവർ വഴിയിൽ വെച്ച് അദ്ദേഹത്തോടൊപ്പം ചേർന്നു. കുറച്ചു ദൂരം യാത്രചെയ്ത ശേഷം തന്നെ പിന്തുണച്ചവരുടെ രക്തസാക്ഷിത്വത്തെക്കുറിച്ചുള്ള കൂടുതൽ വാർത്തകൾ ലഭിച്ചു. മുന്നിൽ മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയെക്കുറിച്ചും അറിഞ്ഞു. അദ്ദേഹം ഒരു സ്ഥലത്ത് നിൽക്കുകയും ജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് ആരെങ്കിലും വിട്ടുപോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കങ്ങനെ ചെയ്യാമെന്ന് പ്രസ്താവിച്ചു. ഇത് കേട്ടയുടൻ വഴിയിൽ വെച്ച് ആ സംഘത്തിൽ ചേർന്നവർ മുഴുവൻ പിരിഞ്ഞുപോയി. മക്കയിൽ നിന്ന് യാത്ര പുറപ്പെടുമ്പോൾ ഉണ്ടായിരുന്നവരാണ് ശേഷിച്ചത്. ഈ ഗ്രൂപ്പിൽ പെട്ടവരിൽ മിക്കവരും അഹലെ ബൈത്തിൽ (പ്രവാചകന്റെ കുടുംബത്തിൽ) പെട്ടവരും തിരുമേനി(സ) സഹാബാക്കളുമായിരുന്നു.

ഹദ്റത്ത് ഇമാം ഹുസ്സയിനും (റ) സംഘവും അശ്റാഫിൽ എത്തിച്ചേർന്നപ്പോൾ വിശുദ്ധ മാസമായ മുഹറം തുടങ്ങിക്കഴിഞ്ഞിരുന്നു. ഹുർബിയിൽ യസീദും ആയിരം പേരടങ്ങുന്ന സൈന്യവും ഹദ്റത്ത് ഇമാം ഹുസ്സയിൻ (റ) നേയും സംഘത്തെയും വളഞ്ഞിരുന്നു. കൂഫയിലെ ജനങ്ങളുടെ അപേക്ഷ അനുസരിച്ചാണ് താനും സംഘവും കൂഫയിലേക്ക് വന്നതെന്ന് ഇമാം ഹുസ്സയിൻ (റ) പറഞ്ഞു. അദ്ദേഹത്തിന് കൂഫയിലെ ജനങ്ങൾ അയച്ച കത്തും ഹദ്റത്ത് ഹുസ്സയിൻ ഹുർബിൽ യസീദിനു കാണിച്ചുകൊടുത്തു. ഇമാം ഹുസ്സയിൻ (റ) സൈന്യത്തെ അഭിസംബോധന ചെയ്തു കൊണ്ട് അവരുടെ അഭിപ്രായത്തിൽ മാറ്റമുണ്ടെങ്കിൽ താൻ മടങ്ങിപ്പോകുമെന്ന് പറഞ്ഞു. എന്നിരിക്കിലും അവരെ മടക്കിവിടാൻ അനുവദിക്കലല്ല തനിക്കുള്ള കൽപ്പനയെന്ന് സൈന്യതലവൻ പറഞ്ഞു. മുഹറം രണ്ടിന് ബസറയിലെ അമീറായ ഇബ്നു സിയാദിന്റെ ദൂതൻ ഹൂറിന്റെ അടുക്കൽ വന്ന് ഹദ്റത്ത് ഇമാം ഹുസ്സയിനെ(റ) വളയാനും അവർക്ക് വെള്ളം ലഭ്യമല്ലാതാക്കാനും കോട്ടയില്ലാത്ത ഒരു തരിശുഭൂമിയിലേക്ക് കൊണ്ടുപോകാനുമാണ് കൽപ്പനയെന്നറിയിച്ചു. അതുകൊണ്ട് ഇമാം ഹുസ്സയിൻ (റ) യും സഹചരന്മാരെയും കർബലയിൽ കൊണ്ടു പോയിടാൻ തീരുമാനിക്കപ്പെട്ടു. മുഹറം മൂന്നിന്ന് ഉമർ ബിൻ സആദും 4000 സൈന്യങ്ങളോടൊപ്പം കൂഫയിൽ നിന്ന് വന്നു. ഹദ്റത്ത് ഇമാം ഹുസ്സയിനും അനുചരന്മാരും യസീദിന് അനുസരണ പ്രതിജ്ഞ ചെയ്യാൻ കൽപ്പിക്കപ്പെട്ടു. മറ്റു കാര്യങ്ങൾ പിന്നീട് കൈകാര്യം ചെയ്യാമെന്നും പറഞ്ഞു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ വേറൊരു കൽപ്പന പ്രകാരം ഹദ്റത്ത് ഇമാം ഹുസ്സയിനും (റ) സഹചരന്മാരും യൂഫ്രട്ടീസ് നദി

യിൽ നിന്ന് വെള്ളമെടുക്കുന്നത് തടഞ്ഞു. മാത്രമല്ല ഹദ്റത്ത് ഇമാം ഹുസ്സയിനെയും സഹചരന്മാരെയും ആ വലിയ സൈന്യം മറ്റു പല വിധ പീഢനങ്ങൾക്കും വിധേയമാക്കി.

## അശൂറാ ദിനം

അശൂറാ ദിനത്തിൽ മുഹറം പത്തിന് സൂര്യോദയ സമയം ഹദ്റത്ത് ഇമാം ഹുസ്സയിൻ (റ) ന്റെ സൈന്യം യസീദിന്റെ സൈന്യത്തിനു മുമ്പിൽ അണിനിരന്നു. സത്യവും വ്യാജവും തമ്മിലുള്ള യുദ്ധം തുടങ്ങാൻ തയ്യാറായി. ഹദ്റത്ത് ഇമാം ഹുസ്സയിനി(റ)ൽ അർപ്പണം ചെയ്ത 22 അനുചരന്മാർ 4000 വരുന്ന സൈന്യത്തിനു മുമ്പിൽ തയ്യാറായി നിന്നു. യുദ്ധം തുടങ്ങിയപ്പോൾ ധൈര്യശാലികളായ സേനാം ഗങ്ങൾക്ക് ഹദ്റത്ത് ഇമാം ഹുസ്സയിന്റെ(റ) അനുഗ്രഹം ലഭിക്കുകയായിരുന്നു. ഒരാൾക്ക് പിന്നിൽ ഒരോരുത്തരായി യുദ്ധ രംഗത്ത് പ്രവേശിച്ചു. ദീർഘയാത്ര കാരണം ക്ഷീണിതരായും ദാഹ വിവശരായും ഈ സിംഹങ്ങൾ നിർഭയം യുദ്ധം ചെയ്തു. ധൈര്യത്തിൽ മഹത്തായ വൈദഗ്ധ്യം പ്രകടിപ്പിച്ചു. ഒടുവിൽ എല്ലാവരും രക്തസാക്ഷികളായി. ഇനി അടുത്ത ഊഴം തിരുനബി (സ) യുടെ കുടുംബാംഗങ്ങൾക്കായിരുന്നു. ഹദ്റത്ത് ഇമാം ഹുസ്സയിന്റെ (റ) പുത്രൻ അലി അക്ബർ യുദ്ധ രംഗത്തേക്ക് കാൽവെച്ചതേയുള്ളൂ ശത്രുക്കൾ അദ്ദേഹത്തെ തുണ്ടം തുണ്ടമാക്കി. പിന്നീട് അഹലെ ബൈത്തിലെ അംഗങ്ങൾ ശഹീദാക്കപ്പെടാൻ ആരംഭിച്ചു. അലി അക്ബറിന് ശേഷം പിന്നെ അബ്ദുല്ല(റ), അബ്ദുർറഹ്മാൻ(റ), ഖാസിം (റ-ഹദ്റത്ത് ഇമാം ഹുസ്സയിന്റെ പുത്രൻ) അദ്ദേഹത്തിന്റെ സഹോദരന്മാരായ അബൂബക്കർ, ജാഫർ, ഉസ്മാൻ, അബ്ബാസ് എന്നിവരും ശഹീദായി.

## ഹദ്റത്ത് ഇമാം ഹുസ്സയിന്റെ രക്തസാക്ഷിത്വം

ശത്രുക്കൾ ഇമാം ഹുസ്സയി(റ)ന്റെ സൈന്യത്തെ മറികടന്നപ്പോൾ അദ്ദേഹം തന്റെ കുതിരയെ യൂഫ്രട്ടീസ് നദിയുടെ ദിശയിൽ വെച്ചിട്ടുണ്ടായിരുന്നു എന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. സൈന്യം ഹദ്റത്ത് ഇമാം ഹുസ്സയിന്റെ(റ) വഴി തടഞ്ഞു. അദ്ദേഹം നദിക്കടുത്തെത്തുന്നതും തടഞ്ഞു. അദ്ദേഹത്തിന്റെ മുഖത്ത് സനാൻ ബിൻ അനസ് കുന്തം കൊണ്ട് കുത്തി. അത് താടിയിലേക്ക് ആഴ്ന്നിറക്കി. അതിന് ശേഷം വാളുകളുടെ വർഷം നാലു ഭാഗത്തുനിന്നുമുണ്ടായി. അനസ് മുന്നോട്ടാഞ്ഞു. നബി (സ) തിരുമേനിയുടെ അനുഗൃഹീതമായ അധരങ്ങൾ കൊണ്ട് ചുംബനമേറ്റ അദ്ദേഹത്തിന്റെ ശിരസ് വെട്ടി മാറ്റി. ഹദ്റത്ത് ഇമാം ഹുസ്സയിന്റെ (റ) യുദ്ധത്തിലുള്ള അവസ്ഥയെക്കുറിച്ച് പറയപ്പെടുന്നത്: ഒരു തലപ്പാവണിഞ്ഞ് അദ്ദേഹം ശത്രുനിരയിലേക്ക് ക്ഷുഭിതനായ അശ്വാരൂഢനെപ്പോലെ പാഞ്ഞുകയറി. തന്റെ രക്തസാക്ഷിത്വത്തിന് മുമ്പ് ഹദ്റത്ത് ഹുസ്സയിൻ പറഞ്ഞു: 'അല്ലാഹുവാണേ, എനിക്ക് ശേഷം നിങ്ങൾ ആരേയും കൊല്ലുകയില്ല. അയാളുടെ മരണം എന്റെ മരണത്തേക്കാൾ ദൈവത്തിന്റെ അനിഷ്ടത്തിന് കാരണമാകും. അല്ലാവാണേ അല്ലാഹു അയാളെ അപാനിക്കുകയും എനിക്ക് ബഹുമതി നൽകുകയും ചെയ്യും. പിന്നെ എന്റെ മരണത്തിന് പ്രതികാരം ചോദിക്കും. എങ്ങനെയെന്നാൽ താങ്കളെ അമ്പരപ്പിക്കും. അല്ലാഹുവാണെ താങ്കൾ എന്നെ കൊല്ലുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്കിടയിൽ ഒരു യുദ്ധം പൊട്ടിപുറപ്പെടുവിക്കും. താങ്കളുടെ രക്തം ചൊരിയും. എന്നാലും അവൻ തൃപ്തനാകുകയില്ല. പിന്നെ ശിക്ഷ ശതഗുണീഭവിപ്പിക്കും.' ശത്രുക്കൾ ഹദ്റത്ത് ഇമാം ഹുസ്സയിന്റെ(റ) ക്യാമ്പിൽ ചെന്ന് കൊള്ള നടത്തി. സ്ത്രീകളുടെ പർദകൾപ്പോലും കൊണ്ടുപോയി. ഉമർ ബിൻ സഅദ് പിന്നെ ഒരു പ്രഖ്യാപനം നടത്തി. അവരിലുള്ള ചിലരോട് ഹദ്റത്ത് ഇമാം ഹുസ്സയിന്റെ(റ) ശരീരം ചവിട്ടി മെതിക്കാൻ ആവശ്യപ്പെട്ടു. ഈ പ്രഖ്യാപനം കേട്ട ഉടൻ പത്ത് കുതിരപ്പടയാളികൾ സ്വയം മുന്നോട്ട് വന്നു. അദ്ദേഹത്തിന്റെ ശരീരം ചവിട്ടി മെതിച്ചു. എത്രത്തോളമെന്നാൽ ഹദ്റത്ത് ഇമാം ഹുസ്സയിന്റെ (റ) നെഞ്ചും പുറവും തകർന്നൊടിഞ്ഞു. ഈ യുദ്ധത്തിന്റെ ഫലമായി ഹദ്റത്ത് ഇമാം ഹുസ്സയിന്റെ (റ) ശരീരത്തിൽ 45 പരിക്കുകൾ ഉണ്ടായിരുന്നു. വേറൊരു നിവേദന പ്രകാരം 33 മുറിവുകളാണ് ഉണ്ടായത്. അമ്പു കൊണ്ടുള്ള പരുക്കുകൾ കൂടാതെ 43 പരുക്കുകൾ വാളുകൾ കൊണ്ടുള്ളതായിരുന്നു. അതു മാത്രമല്ല അദ്ദേഹത്തിന്റെ ശിരസ്സ് വെട്ടി കൂഫയിലെ ഗവർണർക്ക് അയച്ചു കൊടുത്തു. 8

## അല്ലാഹുവിന്റെ പ്രതികാരം

വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പ്രഖ്യാപിക്കുന്നു. പാപിയായ യസീദ് ഈ അന്യായം നബി (സ)യുടെ പൗത്രന്റെ മേൽ നടത്തി. പക്ഷേ അല്ലാഹു പെട്ടെന്ന് തന്നെ അയാളിൽ തന്റെ കോപമിറക്കി. 9

സർവ ശക്തനായ ദൈവം യസീദിനെയും അനുചരന്മാരെയും ശിക്ഷിച്ചെങ്കിലും മറ്റൊരു വിധത്തിലുള്ള ദൈവികശിക്ഷ വഴികേടിലായവരുടെ സന്തതികളിൽ ഇറക്കുകയായിരുന്നു. അതവർ സ്വീകരിക്കുകയും തങ്ങളുടെ പൂർവ പിതാക്കളുടെ തെറ്റ് സമ്മതിക്കേണ്ടിയുമിരുന്നു. അതു തന്നെയാണ് ശരിക്കും സംഭവിച്ചത്. അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ യായിരുന്ന ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) തന്റെ ഖിലാഫത്തെ റാശിദ എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: യസീദിന്റെ ഖിലഫത്തിനെക്കുറിച്ച് മറ്റുള്ളവരുടെ പോകട്ടെ അയാളുടെ സ്വന്തം പുത്രൻ തന്നെ അതംഗീകരിച്ചില്ല. സിംഹാസനാരോഹണം കഴിഞ്ഞ ഉടൻ അയാൾ ഏകാന്ത വാസത്തിന് പോയി. സിംഹാസന മുപേക്ഷിച്ചു. ഇത് പ്രസിദ്ധമായ

ചരിത്ര സംഭവമാണ്. മുസ്‌ലിം ചരിത്രകാരന്മാർ ഇത് എന്താണ് എടുത്ത് കാണിക്കാത്തത് എന്ന് എനിക്ക് തീർച്ചയില്ല. അവർ അത് പലപ്പോഴും ആവർത്തിക്കേണ്ടതായിരുന്നു. എന്തെന്നാൽ യസീദിന്റെ കൊടും ക്രൂരതക്കുള്ള മറ്റൊരു തെളിവാണത്. യസീദിന്റെ മരണത്തിന് ശേഷം അദ്ദേഹത്തിന്റെ മകൻ മുആവിയ (പിതാമഹന്റെ പേരാണിത്) സിംഹാസനാരോഹണം കഴിഞ്ഞ് ബൈഅത്ത് വാങ്ങി വീട്ടിലേക്ക് പോയി. നാൽപ്പത് ദിവസത്തോളം അയാൾ പുറത്തേക്ക് വന്നില്ല. അദ്ദേഹം പുറത്ത് വന്നശേഷം മിമ്പറിൽ കയറി ജനങ്ങളെ അഭിസംബോധന ചെയ്ത് കൊണ്ട് പറഞ്ഞത് താൻ അവരിൽ നിന്ന് ബൈഅത്ത് വാങ്ങിയിട്ടുണ്ടെന്നും എന്നാൽ താനതിന് അർഹനല്ലെന്നും ജനങ്ങളിൽ ഭിന്നിപ്പുണ്ടാക്കരുതെന്ന് വെച്ചാണ് താൻ അത് സ്വീകരിച്ചതെന്നുമാണ്. ബൈഅത്ത് വാങ്ങാൻ അർഹനായ ഒരാളെ കണ്ടെത്താൻ അദ്ദേഹം നിരന്തരം ധ്യാനിക്കുകയായിരുന്നു. അങ്ങനെ അദ്ദേഹം സ്ഥാനമൊഴിഞ്ഞു കൊടുത്തു. തനിക്ക് സ്വതന്ത്രമാകണമെന്നായിരുന്നു അയാളുടെ ചിന്ത. അദ്ദേഹമെത്രപണിപ്പെട്ടിട്ടും അങ്ങനെയൊരാളെ കണ്ടെത്താനായില്ല. അതിനാൽ അയാൾ പറഞ്ഞു: അല്ലയോ ജനങ്ങളെ ശ്രദ്ധാപൂർവം കേൾക്കുവിൻ, ഞാനീ പദവിക്കർഹനല്ല. എന്റെ പിതാവും പിതാമഹനും ഈ പദവിക്ക് അർഹനല്ലെന്നുകൂടി ഞാൻ പറയുന്നു. എന്റെ പിതാവ് ഹുസ്സയിനെക്കാൾ തരം താണവനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഹസ്സനെക്കാളും ഹുസ്സയിനെക്കാളും തരംതാണവനായിരുന്നു. ഹദ്‌റത്ത് അലി(റ) തന്റെ പിതാമഹനെക്കാൾ ഖിലാഫത്തിനർഹനായിരുന്നു. അതിന് ശേഷം ഹസ്സൻ(റ), ഹുസ്സയിൻ(റ) എന്നിവർ എന്റെ പിതാവിനെക്കാൾ അർഹനായിരുന്നു. അതിനാൽ ഞാനീ മുഖ്യ സ്ഥാനത്ത് നിന്ന് വിരമിക്കുന്നു. നിങ്ങൾ തിരഞ്ഞെടുക്കുന്ന ആളിന് ഞാൻ ബൈഅത്ത് ചെയ്യാം. 10

## എന്താണ് ഹദ്‌റത്ത് ഇമാം ഹുസ്സയിൻ (റ) ഉദ്ദേശിച്ചത്

ഹദ്‌റത്ത് ഇമാം ഹുസ്സയിന് (റ) അധികാരവും ഭരണവും കിട്ടാൻ യാതൊരാഗ്രഹവും ഇല്ലായിരുന്നു. ക്രമേണ രാജഭരണമായി മാറിക്കൊണ്ടിരിക്കുകയും ഖിലാഫത്തിന്റെ പേരിൽ ജനങ്ങളെ ബൈഅത്ത് ചെയ്യാൻ നിർബന്ധിക്കുന്നതുമായ പ്രവണത ഇല്ലാതാക്കാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. ഹദ്‌റത്ത് മിർസാ ഗുലാം അഹ്മദ് (അ) ഒരുസ്ഥലത്ത് പറയുന്നു: ...... ഹദ്‌റത്ത് ഇമാം ഹുസ്സയിൻ (റ) വഴികേടിൽ ആയ ഒരാൾക്ക് ബൈഅത്ത് ചെയ്യാൻ ആഗ്രഹിച്ചിരുന്നില്ല. അല്ലാത്തപക്ഷം മതത്തിന് അത് ഒരപമാനം ഉണ്ടാകുമായിരുന്നു.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഞ്ചാം ഖലീഫ ഹദ്‌റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു .....) 2010 ഡിസംബറിൽ ചെയ്ത ഖുത്ബയിൽ ഇപ്രകാരം പ്രസ്താവിച്ചു. ഹദ്‌റത്ത് ഇമാം ഹുസ്സയിന് (റ) ഒരുദ്ദേശ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം അധികാരം ആഗ്രഹിച്ചിരുന്നില്ല. സത്യം സ്ഥാപിക്കാൻ ശ്രമിച്ചു. അതാണദ്ദേഹം ചെയ്തത്. ഹദ്‌റത്ത് മുസ്‌ലിഹ് മഊദ് മിർസ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) വളരെ മനോഹരമായ ഒരു വിശദീകരണം നൽകിയിട്ടുണ്ട്. അത് ഇപ്രകാരമാണ്: 'ഹദ്‌റത്ത് ഇമാം ഹുസ്സയിന്റെ(റ) നിലപാട് തത്ത്വാധിഷ്ഠിതമായിരുന്നു. ഖലീഫയെ തിരഞ്ഞെടുക്കാനുള്ള അവകാശം മുഴുവൻ സമുദായത്തിലും നിക്ഷിപ്തമാണ്. ഒരു പുത്രന് ഇത് തന്റെ പിതാവിൽ നിന്നും അനന്തരാവകാശമായി കിട്ടുന്നതല്ല. അന്നെന്നപോലെ ഇന്നും ഈ തത്വത്തിന് പ്രാധാന്യമുണ്ട്. യഥാർഥത്തിൽ ഇമാം ഹുസ്സയിന്റെ (റ) രക്ത സാക്ഷിത്വം ഈ അവകാശം കൂടുതൽ പ്രാധാന്യമുള്ളതാക്കിത്തീർക്കുന്നു. അത്കൊണ്ട് ഇമാം ഹുസ്സയിനാണ് വിജയിച്ചത്, യസീദല്ല.'

ഹദ്‌റത്ത് ഇമാം ഹുസ്സയിന് യുദ്ധം ചെയ്യാനോ രക്തചൊരിച്ചിൽ ഉണ്ടാക്കാനോ ഉദ്ദേശ്യമുണ്ടായിരുന്നില്ല. ഞാൻ യുദ്ധം ചെയ്യുന്നതിൽ നിന്നും മാറിനിൽക്കുമെന്ന അദ്ദേഹത്തിന്റെ നിരന്തരമായ പ്രസ്താവന അദ്ദേഹത്തിന്റെ ഉദ്ദേശ്യങ്ങളുടെ ശക്തമായ വാദമാണ്. ഹുസൂർ തിരുമനസ്സ് (അയ്യദഹു..) വീണ്ടും പ്രസ്താവിക്കുന്നു: ബൈഅത്ത് ചെയ്യാൻ വൈമുഖ്യം കാണിച്ചിട്ടും ഹദ്‌റത്ത് ഇമാം ഹുസ്സയിൻ(റ) നിരന്തരം അനുരഞ്ജനത്തിന് ശ്രമിക്കുകയുണ്ടായി. മുസ്‌ലിം രക്തചൊരിച്ചിലിന്റെ അപകടം മനസ്സിലാക്കിയ അദ്ദേഹം തന്റെ കൂടെയുള്ളവർ തിരിച്ചു പോകണം എന്നു പറഞ്ഞിട്ടും അദ്ദേഹ ത്തിന്റെ കൂടെ നിൽക്കാൻ ശഠിച്ച വർ ഏകദേശം 30 മുതൽ 40 വരെ ആളുകളാണ്. കൂടാതെ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും അദ്ദേഹത്തിന് പിന്നിൽ നിന്നു. അതിലുപരി അദ്ദേഹം യസീദിന്റെ പ്രതിനിധികളോട് പറഞ്ഞത് താൻ യുദ്ധം ചെയ്യാൻ ആഗ്രഹിക്കുന്നില്ലെന്നും തന്നെ മടങ്ങിപ്പോകൻ അനുവദിക്കണമെന്നുമാണ്. അതുവഴി അദ്ദേഹത്തിന് പോകാനും അല്ലാഹുവിനെ ആരാധിക്കാനോ അല്ലെങ്കിൽ ദൈവമാർഗത്തിൽ ജിഹാദ് നടത്തി ഇസ്‌ലാമിന്റെ മാർഗത്തിൽ രക്തസാക്ഷിത്വം വരിക്കാനുമാണ്. അല്ലെങ്കിൽ അവർ തന്നെ യസീദിന്റെ അടുക്കൽ എത്തിക്കണം. അങ്ങനെ കാര്യങ്ങളുടെ നിജസ്ഥിതി അയാളെ അറിയിക്കാനുമായിരുന്നു. എന്നാൽ പ്രതിനിധികൾ അദ്ദേഹത്തിന്റെ ഒരു വാക്കും ചെവിക്കൊണ്ടില്ല.

## വിശുദ്ധ മാസമായ മുഹറം എങ്ങനെയാണ് സ്മരിക്കപ്പെടേണ്ടത്

ഹദ്‌റത്ത് ഇമാം ഹുസ്സയിൻ (റ) അങ്ങേയറ്റം ഭക്തനും മഹാനുഭാവനും ആയിരുന്നു. അദ്ദേഹ

ത്തെ പോലെയുള്ളവരുടെ മാതൃക പിൻപറ്റാൻ ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. വാഗ്ദത്ത മസീഹ്, ഹദ്റത്ത് മിർസാ ഗുലാം (അ) പ്രസ്താവിക്കുന്നു: 'ഹുസ്സയിൻ (റ) ഭക്തനായ ഒരു മനുഷ്യനും സർവശക്തനായ അല്ലാഹു സ്വന്തം കരങ്ങളാൽ പരിശുദ്ധരാക്കുകയും തന്റെ സ്നേഹം നിറക്കുകയും ചെയ്ത മഹാനുഭാവനും സ്വർഗത്തിലെ നേതാക്കന്മാരിലൊരാളുമായിരുന്നു. അദ്ദേഹവുമായി നിസ്സാരമായ പക വെച്ചു പുലർത്തുന്നവരുടെ വിശ്വാസം അപകടത്തിലാണ്. അദ്ദേഹത്തിന്റെ സാത്വികത, ദൈവസ്നേഹം, ക്ഷമ, ഭക്തി, ഇബാദത്ത് എന്നിവ നമുക്ക് സമഗ്ര മാതൃകയാണ്. അദ്ദേഹത്തിന് നൽകപ്പെട്ട മാർഗ ദർശനത്തിന്റെ പിൻഗാമികളാണ് നാം. അദ്ദേഹത്തോട് ശത്രുത പുലർത്തുന്ന ഹൃദയം പൂർണമായും നശിപ്പിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തോട് തന്റെ പ്രവർത്തനങ്ങളാൽ സ്നേഹം വെച്ച് പുലർത്തുകയും അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ അടയാളങ്ങൾ തന്നിൽ പൂർണമായി പ്രതിഫലിപ്പിക്കുകയും ചെയ്യുന്നയാൾ തീർച്ചയായും വിജയിച്ചിരിക്കുന്നു.' 12

ഹദ്റത്ത് ഇമാം ഹുസ്സയിനെ (റ) സ്മരിക്കുന്നതിനുള്ള ശരിയായ രീതി എന്താണ്? ഈ വിഷയം വിശദീകരിച്ചു കൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) എഴുതുന്നു:

'പ്രവാചകന്മാരെയും സദ്വൃത്തന്മാരേയും സ്നേഹിക്കുക എന്നത് ഏത് വരെ അവരുടെ ഗുണങ്ങൾ സ്വാംശീകരിക്കുന്നില്ലയോ അതുവരെ വെറും ഭാവനാവിലാസം മാത്രമാണ്.' 13

മുഹറം അനുസ്മരിക്കുന്നതിനുള്ള ഏറ്റവും നല്ല വഴി സ്വഭാവത്തിൽ ഹദ്റത്ത് ഹുസ്സയി(റ)നെപ്പോലെയായി തീരുകയെന്നതാണ്. അദ്ദേഹത്തിന്റെ ഗുണങ്ങൾ കൈകൊള്ളുകയാണ്. അതിന് ഒരാളുടെ ജീവിതകാലം മുഴുവൻ വ്യാപിച്ചു കിടക്കുന്ന നിരന്തരമായ കഠിനാദ്ധ്വാനം ആവശ്യമാണ്. ഹദ്റത്ത് മിർസാ മസ്റൂറ് അഹ്മദ് (അയ്യദഹു.... ) 2012 ഡിസംബർ 10 ന് ചെയ്ത ഖുത്ബയിൽ ഈ ദിവസങ്ങളിൽ ഒരു മുസ്ലിം അനുഷ്ഠിക്കേണ്ട പ്രവർത്തനങ്ങൾ എന്താണെന്ന് വിശദീകരിക്കുകയുണ്ടായി. അദ്ദേഹം പ്രസ്താവിച്ചത് ദുറൂദു ശരീഫ് (തിരു നബി (സ) യുടെയും അദ്ദേഹത്തിന്റെ ഭൗതികവും ആത്മീയവുമായ സന്തതികൾക്ക് വേണ്ടി സലാത്തും സലാമും, ചൊല്ലലാണ്. ഇതാണ് ഒരാളുടെ വികാരങ്ങൾ പ്രകടിപ്പിക്കാനുള്ള ഉത്തമ മാർഗം. കർബല സംഭവം കൊണ്ട് തോന്നുന്ന മാനസിക പിരിമുറുക്കം ശമിപ്പിക്കാനുള്ള വഴി ഇതാണ്. വിശുദ്ധ പ്രവാചകന്റെ ഭൗതികവും ആത്മീയവുമായ സന്തതികൾക്ക് വേണ്ടി ആശ്വാസമേകാനുള്ള മാർഗവും ഇത് തന്നെയാണ്. നബി (സ)യുടെ പ്രിയങ്കരന്മാരോട് സ്നേഹം കാണിക്കാനുള്ള വഴിയും ഇത്തന്നെയാണ്. സർവശക്തനായ അല്ലാഹു കഴിയുന്നത്ര ദുറൂദ് ആവാഹിക്കാൻ നമ്മെ പ്രാപ്തരാക്കട്ടെ. ഈ ദുറൂദ് നമുക്ക് അനുഗ്രഹങ്ങൾക്കും കാരണമാകട്ടെ. സർവ ശക്തനായ അല്ലാഹു നബി (സ) തിരുമേനിയുടെ സന്തതികളെ സ്നേഹിക്കാൻ നമ്മെ പ്രാപ്തരാക്കട്ടെ. എല്ലായ്പ്പോഴും ദുറൂദ് ചൊല്ലാൻ നമുക്ക് കഴിയുമാറാകട്ടെ.

(The Review of Religions, Oct 2017 - )

Reference:


1. *Seerat Al-Sahaba*, vol. 6 (Lahore: Idaarah Islamiyaat), 146-147.
2. *Sahihul Bukhari*, Kitabul Fazail.
3. *Sunan At-Tirmadhi*, Kitabul Munafiq, Hadith No 3775.
4. Al-Mustadrik Al-Haakam, Kitabul Ma'rifah Ashaab Wa Min Munaaqib Al-Hasan wa Al-Hussain, Hadith No. 4840.
5. *Sahihul Bukhari*, Kitabul Fazail.
6. *Sahihul Bukhari*, Kitabul Fazail.
7. Jalal ul Din Sayuti, *Tarikh ul Khulafa*.
8. *Tarikhut Tabari*, vol.6, (Beirut: Darul Fikr, 2002), 243-250.
9. Hazrat Mirza Bashir Ahmad[ra], *Seerat Tayyiba*, 36-37.
10. Hazrat Mirza Bashir-Ud-Din Mahmud Ahmad[ra], *Khilafat-e-Rashidah, Anwar Ul Uloom*, , vol.15, 557-558.
11. Hazrat Mirza Ghulam Ahmad[as], *Malfuzat*, vol. 4, 580.
12. Hazrat Mirza Ghulam Ahmad[as], *Majmoo'a Ishtiharaat*, vol.2, 653-654.
13. Hazrat Mirza Ghulam Ahmad[as],*Malfoozat*, vol.4, 533.


**പേജ് 20 ൽ നിന്ന് തുടർച്ച**

ചവച്ചരക്കപ്പെട്ടത് പോലെയുള്ള ഘട്ടം പിന്നിട്ടതിന് ശേഷം അസ്ഥികൾ രൂപം കൊള്ളുകയും (23:15) ആറാമത്തെ ആഴ്ച്ച അസ്ഥികൾ ഭ്രൂണത്തിന് മനുഷ്യരൂപം നൽകുകയും ചെയ്യുന്നു.

കാതുകളും കണ്ണുകളും നാലാമത്തെ ആഴ്ച്ച തന്നെ രൂപപ്പെടാൻ ആരംഭിക്കുന്നു. ആറാമത്തെ ആഴ്ച്ച വ്യക്തമായ അവയവം രൂപം പ്രാപിക്കുന്നു. സിക്താണ്ഡത്തിന്റെ അഥവാ നുത്ഫ 42 ദിവസം ദിവസം പിന്നിട്ടാൽ ലിംഗം ഏതാണെന്ന് തിരിച്ചറിയപ്പെടുന്നില്ല. ഇതാണോ നേരത്തെ പരാമർശിക്കപ്പെട്ട മലക്കുകളുടെ ചോദ്യത്തിന് ആധാരം എന്ന് ഞാൻ സംശയിക്കുന്നു. നുത്ഫ 42 ദിവസം അവ്യക്തമായി മനുഷ്യരൂപം തിരിച്ചറിയാൻ സാധിക്കുമെങ്കിലും എട്ട് ആഴ്ച്ചകഴിഞ്ഞാൽ മാത്രമേ വ്യക്തമായി തിരിച്ചറിയാൻ സാദ്ധ്യമാവൂ. ലിംഗാവയവങ്ങളുടെ വ്യത്യാസം 12 ആഴ്ച്ചകൾക്ക് ശേഷമേ വ്യക്തമായി തിരിച്ചറിയാൻ സാദ്ധ്യമാവുകയുള്ളു.


ഖുർആനിലും ഹദീസിലും ഭ്രൂണ വിജ്ഞാനീയത്തെ പറ്റി നിരർഥകമെന്ന് നമുക്ക് തോന്നുന്ന പല പ്രസ്താവനകളും കാണാം. പക്ഷേ നമ്മുടെ ജ്ഞാനം കൂടുതൽ വികസിതമാവുമ്പോൾ തീർച്ചയായും അതിന് അർഥപൂർണിമ കൈവരും ഇക്കാര്യം സമ്മതിക്കാതെ തരമില്ല. മതവും ശാസ്ത്രവും തമ്മിൽ ദീർഘകാലമായി നിലനിൽക്കുന്ന വിടവ് കുറച്ച് കൊണ്ട് വരാൻ ഖുർആനിലേയും ഹദീസിലേയും പ്രസ്താവനകൾ സഹായകമാണ്. ***വിവ: എ.എം.***

# ദൈവം ഇല്ല എന്ന് ഉറപ്പിച്ച് പറയാൻ സാദ്ധ്യമല്ല

ലോക പ്രശസ്ത നാസ്തികൻ റിച്ചാർഡ് ഡാക്വിൻസ് ആധുനിക നിരീശ്വര വാദികളുടെ പരമാചാര്യനാണ്. ആംഗ്ലിക്കൻ പ്രൊട്ടസ്റ്റന്റ് സഭയുടെ ആഗോള തലവനായ കാന്റർബറി ആർച്ച് ബിഷപ്പ് ഡോ. റോവൻ വില്യംസുമായി ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ വെച്ച് നടത്തിയ ഒരു സംവാദത്തിൽ റിച്ചാർഡ് ഡാക്വിൻസ് ദൈവം ഇല്ല എന്ന് ഉറപ്പിച്ച് പറയാൻ സാദ്ധ്യമല്ല എന്ന് പറഞ്ഞുകൊണ്ട് നാസ്തിക വാദത്തിൽ (Atheist) നിന്ന് ആജ്ഞേയ (Agnostic) വാദികളുടെ ഗണത്തിലേക്ക് ചുവട് മാറുകയുണ്ടായി. ദൈവം ഉണ്ടാവാം ഇല്ലാതിരിക്കാം എന്ന സൂചനയാണ് ആജ്ഞേയവാദം നൽകുന്നത്. മനുഷ്യൻ മറ്റൊരു രൂപത്തിൽ നിന്ന് പരിണമിച്ചുണ്ടായതാണ് എന്ന ഡാക്വിൻസിന്റെ ശാസ്ത്രീയ വാദത്തെ കാന്റർബറി ആർച്ച് ബിഷപ്പ് ഈ സംവാദത്തിൽ ശരിവെക്കുന്നു. ബൈബിളിന്റെ സ്വർഗീയമായ മനുഷ്യോത്ഭവ വാദത്തെയാണ് ബിഷപ്പ് തള്ളിയത്. ഈ സംവാദം സംബന്ധിച്ച് ലണ്ടനിലെ ദ ടെലഗ്രാഫ് പത്രത്തിൽ വന്ന ലേഖനം ഇവിടെ പുന:പ്രസിദ്ധീകരിക്കുന്നു.

**റിച്ചാർഡ് ഡാക്വിൻസ് ജോൺ ബിംഗാം**

**(മതകാര്യ ഏഡിറ്റർ, ദ ടെലഗ്രാഫ്)**



ലോകത്തിലെ ഏറ്റവും പ്രശസ്തനായ നാസ്തികൻ എന്നാണ് പ്രൊഫസർ റിച്ചാർഡ് ഡാക്വിൻസ് അറിയപ്പെടുന്നത്. പക്ഷേ കഴിഞ്ഞ രാത്രി റിച്ചാർഡ് ഡാക്വിൻസ് കാന്റർബറി ആർച്ച് ബിഷപ്പ് റോവൻ വില്യംസിനോട് പറഞ്ഞത് ദൈവം ഇല്ല എന്ന് എനിക്ക് നിശ്ചയമില്ല എന്നാണ്. ഒരു നാസ്തികൻ (Atheist) എന്നതിനേക്കാൾ ഒരു ആജ്ഞേയവാദി (Agnostic) എന്ന് വിളിക്കപ്പെടാനാണ് താൻ സ്വയം ആഗ്രഹിക്കുന്നത് എന്നും അദ്ദേഹം പറഞ്ഞു. ഈ രണ്ട് വ്യക്തികളും 'ബ്രിട്ടനിലെ പൊതുജീവിതത്തിൽ മതത്തിന്റെ പങ്ക്' എന്ന വിഷയത്തെ അധികരിച്ച് വാരാന്ത്യത്തിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ തീക്ഷ്ണമായ ഒരു പൊതുസംവാദത്തിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു. കഴിഞ്ഞയാഴ്ച്ച ടോറി പാർട്ടി ചെയർമാൻ ബറോണസ് വാർസി ബ്രിട്ടീഷ് മതസമൂഹത്തിന്റെ അടിത്തറക്ക് ഭീഷണിയായി ഒരു 'സെക്കുലർ ഭീകരവാദ' (Militant Secularism) ത്തിന്റെ വേലിയേറ്റം ഉണ്ടാകുമെന്ന് താക്കീത് ചെയ്തിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ ക്രിസ്റ്റഫർ വ്രെൻസ് ഷെൽഡോണിയൻ തിയേറ്ററിലായിരുന്നു സംവാദം അരങ്ങേറിയത്. ലോകത്തിന്റെ നാനാ ഭാഗത്ത്നിന്നും ശ്രദ്ധ പിടിച്ചുപറ്റിയ ഒരു സംവാദമായിരുന്നു അത്. ഈ സംവാദം ഒരേ സമയം മറ്റ് രണ്ട് തിയേറ്ററുകളിലും ലൈവ് സ്ട്രീമിൽ ഇന്റർനെറ്റിലൂടെ പ്രദർശിപ്പിച്ചിരുന്നു. അത്പോലെ സോഷ്യൽ മീഡിയായിലും ഈ സംവാദത്തെ പറ്റി ചൂടുപിടിച്ച ചർച്ചകൾ നടക്കുകയുണ്ടായി. ഒരുമണികൂർ ഇരുപത് മിനുട്ട് നേരം രണ്ട് പേരും വളരെ വിനയാന്വിതരായി കൊണ്ട് ബോധത്തിന്റെ അർഥത്തെയും മനുഷ്യ ഭാഷയുടെ പരിണാമത്തെ സ്പർശിച്ചുകൊണ്ട് മനുഷ്യന്റെ പ്രകൃതിയും അവന്റെ ആത്യന്തിക

മായ ഉത്ഭവവും എന്ന വിഷയത്തെ പറ്റി ചർച്ചചെയ്യുകയുണ്ടായി. ചർച്ചയിൽ അധികവും ഡാകിൻസിന്റെ മനുഷ്യപരിണാമത്തെ കുറിച്ചുള്ള വിശദീകരണം കേട്ടുകൊണ്ട് ആർച്ച് ബിഷപ്പ് ശാന്തനായി വെറുതെ ഇരിക്കുകയായിരുന്നു. ഒരവസരത്തിൽ ആർച്ച് ബിഷപ്പ് ജീവന്റെ ഉത്ഭവത്തെപറ്റി പ്രഫസറുടെ മനോഹരമായ വിശദീകരണം തനിക്ക് ഏറെ 'പ്രചോദനാത്മകം' മാണ് എന്നും അതിൽ പലതിനോടും താൻ യോജിക്കുന്നു എന്നും പറയുകയുണ്ടായി.

പ്രൊഫസർ ഡാകിൻസ്, ബിഷപ്പിനോട് പറഞ്ഞു: 'ജീവൻ ഒന്നുമില്ലായ്മയിൽ നിന്നാണ് ആരംഭിച്ചത് എന്ന അനിതര സാധാരണമായ ആശയത്തിലെ സൗന്ദര്യം എന്തുകൊണ്ടാണ് നിങ്ങൾക്ക് കാണാൻ കഴിയാത്തത് എന്നാണ് എനിക്ക് മനസ്സിലാകാത്തത്. - അത്പോലെ ചഞ്ചലിതവും ചാരുതയാർന്നതും സുന്ദരവുമായ ഒന്നിനെ ദൈവത്തെ പോലെയുള്ള ഒരസ്തിത്വവുമായി കൂട്ടികലർത്തി നിങ്ങൾ ആശയക്കുഴപ്പം ഉണ്ടാക്കുന്നതെന്തിനാണ്?'

കാന്റർബറി ആർച്ച് ബിഷപ്പ് ഡോ. വില്യം പറഞ്ഞു: 'ഞാൻ പൂർണമായും പ്രൊഫസർ ഡാകിൻസിന്റെ വാദങ്ങളുടെ സൗന്ദര്യത്തോട് യോജിക്കുന്നു. താങ്കൾ അതിൽ ദൈവത്തെ തിരുകികയറ്റിയതിനോട് ഞാൻ യോജിക്കുന്നില്ല.' ഒരു സ്രഷ്ടാവ് ഇല്ല എന്നതിന് നൂറു ശതമാനത്തിൽ കുറഞ്ഞ ബോദ്ധ്യമാണ് എനിക്കുള്ളത് എന്ന പ്രൊഫസർ ഡാകിൻസിന്റെ പ്രസ്താവന ശ്രോതാക്കളിൽ അമ്പരപ്പുളവാക്കുകയുണ്ടായി. തത്വശാസ്ത്ര വിശാരദനായ സർ ആന്റണി കൊന്നി ആയിരുന്നു ചർച്ചയുടെ അധ്യക്ഷൻ. 'എന്തു കൊണ്ട് താങ്കൾ സ്വയം ഒരു അജ്ഞേയ വാദിയാണെന്ന് വിളിക്കുന്നില്ല.' അധ്യക്ഷൻ സർ ആന്റണി ഇടക്ക് കയറി ചോദിച്ചു. ഡാകിൻസ് പറഞ്ഞ മറുപടി: 'അതിനുത്തരം നിങ്ങൾ പറഞ്ഞത് തന്നെയാണ്' എന്നായിരുന്നു. അവിശ്വസനീയമായ ഈ ഉത്തരം കേട്ടപ്പോൾ സർ ആന്റണി പറഞ്ഞു: 'താങ്കൾ ലോകത്തിലെ ഏറ്റവും പ്രശസ്തനായ നാസ്തികൻ എന്നാണ് അറിയപ്പെടുന്നത്.' അപ്പോൾ ഡാകിൻസിന്റെ മറുപടി '7 ൽ 6.9 ഭാഗം ഞാൻ എന്റെ (നാസ്തികനാണ് എന്ന) വിശ്വാസത്തിൽ തന്നെയാണ്. ഒരു പ്രകൃത്യാതീതനായ ഒരു സ്രഷ്ടാവിന്റെ അസ്തിത്വത്തിന്റെ സാദ്ധ്യത വളരെ വളരെ കുറവാണ് എന്നാണ് ഞാൻ വിചാരിക്കുന്നത്. മറ്റു ഗ്രഹങ്ങളിൽ ജീവനുണ്ടാകാനുള്ള സദ്ധ്യത വളരെ കൂടുതലാണ് എന്നും അദ്ദേഹം കൂട്ടി ചേർത്തു.'

ഒരവസരത്തിൽ ചർച്ച കുറേ നേരം ചില സൈദ്ധാന്തിക വിഷയങ്ങളിൽ ഉടക്കിനിന്നു. അതായത് വളരെ മൂർച്ചയുള്ള പരമ്പരാഗത ക്ഷൗരകത്തിയെക്കാൾ സങ്കീർണമായ ഒന്നാണ് ഒരു ഇലക്ട്രിക്ക് ഷേവർ എന്ന് വിവരിക്കാനാകുമോ? എന്നതായിരുന്നു ആ വിഷയം. ഈ സൈദ്ധാന്തിക വിഷയത്തിന്ന് ആർച്ച് ബിഷപ്പ് മറുപടി പറയുന്നതിന് മുമ്പ് 'ക്ഷൗരകത്തിയെക്കുറിച്ച് എനിക്ക് കൂടുതൽ ഒന്നും അറിയില്ല' എന്ന പരാമർശം ചിരിപരത്തി.

വിശദമായ ചർച്ചയിൽ ആർച്ച് ബിഷപ്പ് ഒരു കാര്യം കൂടി പറഞ്ഞു അതായത് മനുഷ്യനല്ലായിരുന്ന ഒരു അസ്തിത്വത്തിൽ നിന്നാണ് മനുഷ്യൻ രൂപം പ്രാപിച്ചതെന്ന് താൻ വിശ്വസിക്കുന്നതായി ആർച്ച് ബിഷപ്പ് പറഞ്ഞു. ദൈവത്തിന്റെ പ്രതിഛായയിലല്ല മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. ബൈബിൾ ഉൽപത്തിയിൽ പറഞ്ഞ പ്രപഞ്ച സൃഷ്ടിപ്പ് അക്ഷാർഥത്തിൽ എടുക്കാൻ സാദ്ധ്യമല്ല. 'ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഭൗതിക ശാസ്ത്രത്തിൽ ഞാൻ പ്രചോദിതനായത്' പോലെ ബൈബിൾ ലേഖന കർത്താക്കൾ പ്രചോദിതരായിരിക്കാനിടയില്ല എന്ന് കൂടി ബിഷപ്പ് പറഞ്ഞു.

മനുഷ്യന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ബൈബിൾ വിവരണത്തിന് പോപ്പ് (കത്തോലിക്കാ മത വിഭാഗത്തിന്റെ ആഗോള പരമാധ്യക്ഷൻ) കുറച്ച് കൂടി ആലങ്കാരികമായ ഒരു വ്യാഖ്യാനം നടത്തിയെങ്കിൽ നന്നായേനെ എന്ന് ഡാകിൻസ് അഭിപ്രായപ്പെട്ടപ്പോൾ ആർച്ച് ബിഷപ്പ് തമാശയായി പ്രതികരിച്ചു 'ഒരു പക്ഷേ ഞാൻ അദ്ദേഹത്തെ കാണുമ്പോൾ സംസാരിക്കാം.' *(The Telegraph 24 Feb 2012)*

**പേജ് 16 ൽ നിന്ന് തുടർച്ച**

ധ്യമാണ്. ഡാകിൻസിന്റെ അഭിപ്രായത്തെപറ്റി ആഴത്തിൽ പഠനങ്ങൾ നടത്തി, കഴിഞ്ഞ അദ്ധ്യായത്തിൽ നാമത് മനസ്സിലാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മസ്തിഷ്ക്കത്തിൽ തോന്നിയ പൊടുന്നനെയുള്ള ഈ ആശയമാണ് പ്രകൃതി നിർദ്ധാരണത്തെ പറ്റി പഠിക്കുന്ന ഇക്കാലത്തെ യുവ ശാസ്ത്രജ്ഞൻമാരെ സ്വാധീനിക്കാൻ വലിയ തോതിൽ കാരണമായി തീർന്നത്. ഇത് അദ്ദേഹം സൃഷ്ടിക്കുന്ന ഒരു മിഥ്യാ സങ്കൽപമാണെന്ന് നാമിപ്പോൾ തെളിയിച്ചു കാട്ടാം. കാരണം പ്രകൃതിയുടെ യാഥാർത്ഥ്യങ്ങൾ ഒരിക്കലും അദ്ദേഹത്തിന്റെ സിദ്ധാന്തത്തെ പിന്തുണക്കുന്നില്ല.

alislam.org

Humanity First

humanityfirst.org

ഭാഗം – 5

# മലക്കുകൾ :

# കാരണങ്ങളുടെ അദൃശ്യമായ കണ്ണികൾ

മലക്കുകൾ അല്ലാഹുവിന്റെ ആജ്ഞാനുവർത്തികളായ അദൃശ്യ ജീവികളാണ്. വിശ്വാസകാര്യങ്ങളിൽപെട്ട അത്ഭുതകരമായ ഈ അസ്തിത്വത്തെ സംബന്ധിച്ച് വളരെയൊന്നും മതസാഹിത്യങ്ങളിൽ ചർച്ചചെയ്യപ്പെടുകയോ വിവരിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഇമാം മഹ്ദിയുടെ രണ്ടാം ഖലീഫയും വാഗ്ദത്ത പരിഷ്ക്കർത്താവുമായ **ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)** തന്റെ അഗാധവും വിശാലവുമായ ദിവ്യജ്ഞാനത്താൽ മലക്കുകളെ സംബന്ധിച്ച് ലളിത മനോഹരമായി എഴുതിയ **മലായിക്കത്തുല്ലാഹ്** എന്ന ഉറുദു പുസ്തകത്തിന്റെ വിവർത്തനം. **വിവ: ആരിഫ് മുഹമ്മദ് ബി. എം.**

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

ഗുപ്തമായ മാർഗോപാധികൾ കണ്ടെത്തുന്നതു മൂലം ലഭ്യമാകുന്ന പുരോഗതിയുടെയും ആദരവിന്റെയും അവസാന കണ്ണികളാണ് മലക്കുകൾ. നബി(സ) തിരുമേനിക്ക് വളരെ വിപുലമായ നിലയിലാണ് ഈ മാർഗോപാധികൾ പ്രകടമായത്. അദ്ദേഹത്തിന് ലഭിച്ചത്ര പുരോഗതി മറ്റാർക്കും ലഭിച്ചിട്ടില്ല. വാഗ്ദത്ത മസീഹി(അ)നും ഇതുപോലെ മാർഗോപാധികൾ വെളിപ്പെടുകയുണ്ടായിട്ടുണ്ട്. അദ്ദേഹത്തിന് ആദരവും പദവിയും ലഭിക്കുകയുണ്ടായി. പിന്നീട് എനിക്കും അവർ മുഖാന്തിരം ഈ മാർഗങ്ങൾ വെളിപ്പെടുകയും ആദരവും സ്ഥാനവും ലഭിച്ചു. പദവികളിലുള്ള ഈ വ്യതിരിക്തത ഇല്ലായിരുന്നെങ്കിൽ എല്ലാവരും ഒരു പോലെ ആകുമായിരുന്നു. ചുരുക്കത്തിൽ, ഗുപ്തമായ മാർഗോപാധികൾ വെളിപ്പെടുന്നതനുസരിച്ചാണ് പദവികൾ ലഭിക്കുന്നത്. കാര്യം പൊതുവെ പ്രകടമാവുകയും കാരണം മറഞ്ഞിരിക്കുകയുമാണ് ചെയ്യുന്നത് എന്നതിൽ സംശയമില്ല. ആ മറഞ്ഞിരിക്കുന്നതിനെ കണ്ടെത്താൻ മനുഷ്യന് കഠിനാധ്വാനം ചെയ്യേണ്ടി വരുന്നു. അതു മുഖേന അവന് പുണ്യവും ജ്ഞാനവർധനവും ലഭിക്കുകയും അവന്റെ താത്പര്യം വർധിക്കുകയും ചെയ്യുന്നു. മറഞ്ഞകാര്യങ്ങളോടുള്ള മനുഷ്യന്റെ താത്പര്യം അവന്റെ നൈസർഗിക സ്വഭാവമാണ്. മരുന്നുകളുടെ പ്രഭാവവും അവയുടെ കണ്ടെത്തലുകളും ഈ ഗണത്തിൽ പെടുന്നു. ഈ മാർഗങ്ങൾ കണ്ടെത്തുന്നതിലാണ് മനുഷ്യന്റെ സ്ഥാനമാനങ്ങൾ നിലകൊള്ളുന്നത്. ആയതിനാൽ മനുഷ്യന്റെ ആന്തരിക ജ്ഞാനം വർധിക്കുന്നതിനും, പ്രയത്നത്തിലും കഠിനാധ്വാനത്തിലും വ്യത്യാസം ഉണ്ടാകുന്നതിനും, ആത്മീയ മനുഷ്യൻ പരസ്പരം മൽസരിച്ച് ശ്രേഷ്ഠത കൈവരിക്കുന്നതിനും, പരസ്പരം മുന്നേറാനുള്ള അവസരം ലഭിക്കുന്നതിനും അതിസൂക്ഷ്മമായ ജ്ഞാനങ്ങൾ കൈവരിച്ച് ദൃഢജ്ഞാനത്തിൽ പുരോഗതിയും താത്പര്യവും വർധിപ്പിക്കുന്നതിനും അല്ലാഹുവിന്റെ അപരിമിതമായ ശക്തിപ്രഭാവങ്ങൾ വെളിപ്പെടുന്നതിനും ഗുപ്തമായ മാർഗോപാധികൾ അനിവാര്യമാണ്. അല്ലാഹു തന്റെ അസ്തിത്വത്തെ മറച്ചു വെയ്ക്കുന്ന സംവിധാനത്തെ ഉദാത്തമായി സൃഷ്ടിക്കുകയും അവന്റെ അസ്തിത്വത്തെ പ്രകടമാക്കുന്ന സംവിധാനത്തെ പരിമിതപ്പെടുത്തുകയും ചെയ്യുക എന്നത് സംഭവ്യമാകുന്നതെങ്ങനെ? അതുകൊണ്ട് മാർഗോപാധികളെ ആശ്രയിക്കുന്ന ചോദ്യം തന്നെ ഉയരുന്നില്ല.

മൂന്നാമത്തെ ആക്ഷേപം ഇപ്രകാരമാണ്: ഭൂമിയിൽ ഓരോ വസ്തുവിനും കാരണം കാണപ്പെടുന്നു. എന്നിരിക്കെ, അവ മലക്കുകൾ മുഖേനയാണുണ്ടാവുന്നതെന്ന് എങ്ങനെ വിശ്വസിക്കും? ഉദാഹരണമായി, കൊടുങ്കാറ്റുണ്ടാവുന്നു. അന്തരീക്ഷത്തിൽ പ്രത്യേക പരിവർത്തനങ്ങളുണ്ടാകുമ്പോഴാണ് അതുണ്ടാകുന്നതെന്ന് നമുക്കറിയാം. അല്ലെങ്കിൽ മേഘത്തിന്റെ കാര്യം എടുക്കാം. സൂര്യൻ മുഖേന ജലത്തിന്റെ നീരാവി ഉയർന്നു പൊങ്ങിയാണ് മഴയായി പെയ്യുന്നതെന്ന് നമുക്ക് അറിയാം. മലക്കുകൾ മുഖേനയാണ് അങ്ങനെ സംഭവിക്കുന്നതെന്ന് എങ്ങനെ വിശ്വസിക്കും? തികഞ്ഞ അജ്ഞതയാണിത്.

മലക്കുകൾ സമുദ്രത്തിലെ വെള്ളം കുടിച്ചു വന്ന് മഴപെയ്യിക്കുന്നു എന്ന് പറയപ്പെട്ടിരുന്ന കാലത്തെ സംഗതികളാണിത്. അറിവിന്റെയും അന്വേഷണത്തിന്റെയും ഇക്കാലത്ത് ഇത്തരം കാര്യങ്ങൾ ആര് വിശ്വസിക്കാനാണ്?

എന്നാൽ, ഈ ആക്ഷേപങ്ങൾ ഉന്നയിക്കുന്നവർ മലക്കുകളെ സംബന്ധിച്ച ശരിയായ വിശ്വാസം മനസ്സിലാക്കിയിട്ടില്ല. മഴ വർഷിപ്പിക്കുന്നതിന്റെ സമീപ കാരണം മലക്കുകളാണെന്നോ മലക്കുകൾ സമുദ്രത്തിൽ നിന്ന് വെള്ളം കുടിച്ച് മഴ വർഷിപ്പിക്കുകയാണെന്നോ ഞങ്ങൾ പറയുന്നില്ല. മറിച്ച്, മഴ വർഷിക്കാൻ കാരണമായ നീരാവിയെ നിലനിർത്തുന്നത് മലക്കാണെന്നാണ് ഞങ്ങൾ പറയുന്നത്. ഞങ്ങൾ അവസാന കാരണത്തെയാണ് മലക്കെന്ന് വിളിക്കുന്നത്. അല്ലാതെ, ഒരു കാരണവും ഇല്ലെന്നല്ല. എല്ലാത്തിനും കാരണങ്ങളുണ്ട്. പക്ഷേ എല്ലാ കാരണങ്ങൾക്കും ഒടുവിൽ പ്രവർത്തിക്കുന്നത് മലക്കുകളാണ്. പല മാറ്റങ്ങളും കാര്യകാരണങ്ങൾക്കു കീഴിൽ നടക്കുന്നുവെന്നത് ശരി തന്നെ. ഒന്നിനു പിറകെ മറ്റൊന്നായി, ഏതുവരെയെന്നാൽ ലോകത്തിനു പോലും അറിയാത്ത നൂറു കണക്കിനു കാരണങ്ങളുണ്ടാകും. പക്ഷേ, എല്ലാത്തിനും പിറകിൽ മലക്കുണ്ട്. അതിനിടയിൽ കോടിക്കണക്കിന് കാര്യകാരണങ്ങളുണ്ടെങ്കിലും നാം അവയെ നിഷേധിക്കുന്നില്ല. എല്ലാറ്റിനും ഒടുവിൽ മലക്ക് ഉണ്ടെന്നാണ് വിശ്വസിക്കുന്നത്.

നാലാമത്തെ ആക്ഷേപം ഇപ്രകാരമാണ്: മാറ്റങ്ങളുണ്ടാകുന്നത് നിശ്ചിത നിയമങ്ങളുടെ അടിസ്ഥാനത്തിലാണല്ലോ. ഉദാഹരണത്തിന് പനി ബാധിക്കുന്നത്. പനിയുണ്ടാക്കുന്നത് മലക്കാണെങ്കിൽ Quinine കൊടുക്കുമ്പോൾ അത് ഭേദമാകുന്നതെന്തുകൊണ്ട്? ചികിത്സിക്കുമ്പോൾ രോഗം ഭേദപ്പെടുമ്പോൾ പനി ഉണ്ടാക്കിയത് മലക്കാണെന്ന് എങ്ങനെ പറയാനാകും? ഇതുപോലെ, ചുമയുണ്ടാക്കുന്നത് മലക്കാണെങ്കിൽ മരുന്നു കഴിക്കുമ്പോൾ അത് സുഖപ്പെടുന്നതെന്തു കൊണ്ട്? അപ്പോൾ മലക്ക് ഓടിപ്പോകുമോ?

വിവരക്കേടിന്റെ ആക്ഷേപങ്ങളാണിവ. കാരണം സർവ ശക്തരായ അസ്തിത്വങ്ങളാണ് മലക്കുകൾ എന്ന് ഞങ്ങൾ പറയുന്നില്ല. വസ്തുക്കളുടെ ഗുണം പ്രകടിപ്പിക്കുന്നവരാണ് മലക്കുകൾ എന്നാണ് ഞങ്ങൾ പറയുന്നത്. പനി വരാൻ കാരണമാകുന്ന വസ്തുക്കൾ ഒരുവൻ ഉപയോഗിക്കുമ്പോൾ ആ വസ്തുക്കളുടെ ഗുണം വെളിപ്പെടുന്നതിന്റെ ആദ്യകാരണങ്ങളുടെ മേൽനോട്ടക്കാരനായ മലക്ക് ആണ് അതിന്റെ അനന്തരഫലമായ പനി ഉണ്ടാക്കുന്നത്. അതേസമയം, കാര്യകാരണബന്ധങ്ങളുടെ സൂക്ഷ്മാൽ സൂക്ഷ്മമായ പ്രവർത്തനങ്ങളുടെ ഫലമായി പനി ഭേദമാകുന്ന വസ്തുക്കൾ മനുഷ്യൻ ഉപയോഗിക്കുമ്പോൾ ആ വസ്തുക്കളുടെ അവസാന മേൽനോട്ടക്കാരനായ മലക്ക് തന്റെ പ്രഭാവം ചെലുത്താൻ തുടങ്ങുന്നു. അങ്ങനെ ആദ്യമലക്ക് നിശ്ചിതനിയമമനുസരിച്ച് തന്റെ പ്രഭാവം അകറ്റാൻ തുടങ്ങുന്നു.

അതുകൊണ്ട് രോഗം പ്രകടമാക്കുന്ന മലക്ക് മരുന്നു മുഖേന ഓടിപ്പോകുന്നു എന്ന് പറയുന്നത് ശരിയല്ല. വാസ്തവമെന്താണെന്നു വെച്ചാൽ മരുന്നിന്റെ സ്വാധീനം മലക്ക് പ്രകടിപ്പിക്കാൻ തുടങ്ങുമ്പോൾ രോഗലക്ഷണങ്ങൾ പ്രകടമാക്കുന്ന മലക്ക് തന്റെ പ്രഭാവം അകറ്റിക്കളയുകയാണ് ചെയ്യുന്നത്.

## മലക്കുകളിൽ വിശ്വസിക്കാൻ കൽപ്പിക്കപ്പെട്ടത് എന്ത് കൊണ്ട്?

മലക്കുകളിൽ വിശ്വസിക്കാൻ കല്പിക്കപ്പെട്ടിരിക്കുന്നത് എന്തു കൊണ്ടാണെന്ന് ഇനി ഞാൻ വിവരിക്കാം. മലക്കുകൾ നല്ലതാണെന്നും അവർ മുഖാന്തരം വസ്തുക്കളുടെ പ്രഭാവം പ്രകടമാകുന്നു എന്നതും ശരിതന്നെ. പക്ഷേ, Quinine ഉം ഗുണപ്രദമായ സംഗതിയാണല്ലോ. അത് മുഖേന പനി ഭേദമാകുന്നു. അതിൽ വിശ്വസിക്കാൻ എന്തു കൊണ്ട് കല്പന നല്കപ്പെട്ടില്ല. അതുപോലെ തന്നെ മലക്കുകൾ മഴ പെയ്യിക്കുന്നു എന്ന് നിങ്ങൾ പറയുന്നു. പക്ഷേ, മഴ പെയ്യുന്നതിൽ സൂര്യനും പങ്കുണ്ടല്ലോ. അതിൽ വിശ്വസിക്കാൻ കല്പിക്കാതെ മലക്കുകളിൽ വിശ്വസിക്കാൻ കല്പിക്കപ്പെട്ടത് എന്തു കൊണ്ട്?

ഇതു മനസ്സിലാക്കാൻ നമുക്ക് ദൂതന്മാരിലും വേദഗ്രന്ഥങ്ങളിലും വിശ്വസിക്കാൻ എന്തുകൊണ്ട് കല്പിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം ഗ്രഹിക്കാം. അത് മനസ്സിലായാൽ ഒരു സംഗതിയിൽ വിശ്വസിക്കാൻ കല്പിക്കപ്പെട്ടിരിക്കുന്നതിന്റെ തത്ത്വവും മനസ്സിലാകുന്നതാണ്. ആ തത്ത്വം മലക്കുകളെ സംബന്ധിച്ചും ചേർത്തു വെക്കാം. വാസ്തവത്തിൽ അല്ലാഹുമാത്രമാണ് ആത്യന്തികമായി വിശ്വാസത്തിനർഹനായ അസ്തിത്വം. ദൂതന്മാരും ഗ്രന്ഥങ്ങളും അല്ലാഹുവിൽ വിശ്വസിക്കാനുള്ള മാർഗങ്ങളാണ്. യഥാർഥത്തിൽ അവരല്ല ആത്യന്തിക ലക്ഷ്യം. ദൈവികഗ്രന്ഥങ്ങളിൽ വിശ്വസിക്കാൻ കല്പിക്കപ്പെട്ടിരിക്കുന്നത്, അവ മുഖേന ദൈവത്തെ തിരിച്ചറിയാനും അവനുമായി കൂടിക്കാഴ്ച്ച നടത്താനും സാധിക്കുന്നത് കൊണ്ടാണ്. ദൈവവചനങ്ങളായതിനാൽ അവ മുഖേന മനുഷ്യൻ ദൈവത്തിലേക്ക് ശ്രദ്ധ തിരിക്കുന്നു. അതു പോലെ ദൂതന്മാരിൽ വിശ്വസിക്കാനുള്ള കാരണം ദൂതൻ അടയാളങ്ങൾ മുഖേന ദൈവാസ്തിക്യം സ്ഥാപിക്കുന്നു എന്നതാണ്. ദൂതന്മാരിലുള്ള വിശ്വാസം സ്വന്തമായ നിലയില്ല. മറിച്ച് ദൂതൻ ദൈവത്തിൽ വിശ്വസിക്കാനുള്ള മാർഗമായിത്തീരുന്നത് കൊണ്ടാണ്. ആയതിനാൽ, ദൂതന്മാരിലും ഗ്രന്ഥങ്ങളിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നത് അവ ദൈവവിശ്വാസത്തിനുള്ള മാർഗമായിത്തീരുന്നത് കൊണ്ടാണ്.

അല്ലാഹുവിനെ കൂടാതെ മറ്റ് അഞ്ച് സംഗതികളിലും വിശ്വസിക്കൽ അനിവാര്യമാണ്.

1) മലക്കുകൾ 2) ഗ്രന്ഥങ്ങൾ 3) ദൂതന്മാർ 4) വിധി 5) അന്ത്യദിനം. ഇവരിൽ വിശ്വസിക്കുന്നത് ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നതിനു വേണ്ടിയാണ്. കാരണം, ഇവയാണ് ദൈവ വിശ്വാസം കൈവരിക്കാനുള്ള മാർഗങ്ങൾ. ഇപ്പോഴത്തെ ചർച്ച തന്നെ മലക്കുകളെ സംബന്ധിച്ചാണല്ലോ. ഇനി മറ്റു സംഗതികൾ എടുത്താലും അവയിൽ വിശ്വസിക്കേണ്ടതിന്റെ ലക്ഷ്യവും ഇതു തന്നെ. ദൈവത്തിലേക്ക് പതിപ്പിക്കാനുള്ള പ്രേരകങ്ങളാണവ. മലക്കുകൾ മുഖേനയും ദൈവത്തിലേക്ക് ശ്രദ്ധ തിരിയുന്നുവെങ്കിൽ അവയിൽ വിശ്വസിക്കേണ്ടത് അനിവാര്യമാണെന്നാണ് ഈ തത്ത്വമനുസരിച്ച് ഞങ്ങൾ പറയുന്നത്. ദൂതൻമാരിലും ഗ്രന്ഥങ്ങളിലും വിശ്വസിക്കാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് ഇനി നമുക്ക് നോക്കാം.

ഈമാൻ വിശുദ്ധ ഖുർആനിൽ മറ്റ് അർഥങ്ങളിലും ഉപയുക്തമായിട്ടുണ്ട്. വിശ്വസിക്കുന്നതിനും ഈമാൻ എന്ന് പറയുന്നു. എന്നാൽ ഏതെങ്കിലും ഒരു അസ്തിത്വത്തിൽ വിശ്വസിക്കുന്നത് മാത്രമല്ല അതിന്റെ പ്രേരണകളിൽ വിശ്വസിക്കുന്നതും ഈമാൻ എന്ന് പറയപ്പെടുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു, ഫമൻ യഖ്ഫ....... ശൈത്വാനെയാണ് താഗൂത്ത് എന്ന് പറയുന്നത്. ഇനി നിഷേധിക്കുക എന്നതു കൊണ്ട് ഒരു വസ്തുവിന്റെ അസ്തിത്വത്തെ നിഷേധിക്കലാണെന്ന് അർഥമെടുക്കുകയാണെങ്കിൽ ഈ ആയത്തിന്റെ അർഥം ഇപ്രകാരം ആയിരിക്കും: ശൈത്വാന്റെ അസ്തിത്വത്തെ നിഷേധിക്കുകയും അല്ലാഹുവിന്റെ അസ്തിത്വത്തെ അംഗീകരിക്കുകയും ചെയ്യുന്നവനാണ് നാശത്തിൽ നിന്ന് രക്ഷപ്പെടുന്നവൻ. എന്നാൽ തികച്ചും തെറ്റായ അർഥമാണത്. എന്തെന്നാൽ, വിശുദ്ധ ഖുർആൻ വളരെ വ്യക്തമായി ദൈവത്തിന്റെയും പിശാചിന്റെയും അസ്തിത്വത്തെ അംഗീകരിക്കുന്നു. ഈ വിശ്വാസം കൊണ്ട് ഈ ആയത്ത് ഉദ്ദേശിക്കുന്നത് പിശാചിന്റെ കാര്യങ്ങളെ റദ്ദാക്കുകയും അല്ലാഹുവിന്റെ കാര്യങ്ങളെ അംഗീകരിക്കുകയും ചെയ്യുന്നത് എന്നാണ്. ഇതേ അർഥം തന്നെ മലക്കുകളിലുള്ള വിശ്വാസത്തിനും നല്കുകയാണെങ്കിൽ ആ വിശ്വാസം കൊണ്ടുള്ള ഉദ്ദേശ്യം അവരുടെ പ്രേരണകളെ അംഗീകരിക്കുക എന്നതായിരിക്കും. ഗ്രന്ഥങ്ങളിലും ദൂതന്മാരിലും വിശ്വസിക്കുന്നതിന്റെ അർഥവും ഇതുതന്നെ. വേദഗ്രന്ഥങ്ങളിലുള്ള ദൈവ കല്പനകളെ അംഗീകരിക്കുക. ദൈവദൂതൻ നൽകുന്ന കൽപ്പനകളെ അംഗീകരിക്കുക. അന്ത്യനാളിൽ വിശ്വസിക്കുന്നതിലുള്ള അർഥം അതിനെക്കുറിച്ച് ചിന്തിച്ച് ചീത്ത കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുക എന്നാണ്. അപ്പോൾ ദൈവം, മലക്കുകൾ. വേദഗ്രന്ഥങ്ങൾ, ദൂതന്മാർ തുടങ്ങിയവയിൽ വിശ്വസിക്കുന്നതിന്റെ ഉദ്ദേശ്യം അവരുടെ കല്പനകളെ അംഗീകരിക്കുക എന്നതാണ്. വിശ്വസിക്കുക എന്നതുകൊണ്ട് ഇതാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ നാലു കാര്യങ്ങളിൽ വിശ്വസിക്കാൻ എന്തുകൊണ്ട് കല്പിക്കപ്പെട്ടു. ഇവരെ കൂടാതെ മുജദ്ദിദുകളും പ്രവാചകന്മാരുടെ ഖലീഫമാരും ഉണ്ടല്ലോ. അവരുടെ കല്പനകളും വിശ്വാസത്തിന്റെ ഭാഗമാകുകയും, ആ കൽപ്പനകളെ നിഷേധിക്കുന്നത് കുഫ്ർ ആയിത്തീരുകയും ചെയ്യേണ്ടതാണല്ലോ. അപ്പോൾ ഇവരുടെ കല്പനകളെ നിഷേധിക്കുന്നത് കുഫ്ർ അല്ലെങ്കിൽ ബാക്കി ഉള്ളവരുടെ കല്പനകളെ നിഷേധിക്കുന്നത് കുഫ്ർ ആയിത്തീരുന്നത് എങ്ങനെ എന്ന് ആരെങ്കിലും ചോദിച്ചേക്കാം.

ശരിയാണ് ഖലീഫമാരും മുജദ്ദിദുമാരും നല്ല കാര്യങ്ങളാണ് പറയാറ്. എന്നാൽ അല്ലാഹുവും മലക്കുകളും വേദഗ്രന്ഥങ്ങളും എന്താണോ പറയുന്നത് ആ കാര്യങ്ങളും ഈ കാര്യങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. വിശ്വാസ കാര്യങ്ങളിലെ ചെറുതിൽ ചെറുതായ സംഗതിയെപ്പോലും എതിർക്കുന്നവൻ കാഫിർ ആയിത്തീരും. ഉദാഹരണമായി, വുളു ചെയ്യുന്ന നേരത്ത് കാലു കഴുകണമെന്ന് റസൂൽ (സ) കല്പിച്ചത് ശരിയല്ലെന്ന് വല്ലവനും പറഞ്ഞാൽ അവൻ കാഫിർ ആയിത്തീരും. എന്നാൽ ഖലീഫയോട് വിശദാംശങ്ങളിലുള്ള അഭിപ്രായഭിന്നത ആകാം. ഉദാഹരണമായി, ഒരു ആയത്തിനെ സംബന്ധിച്ച് ഖലീഫ മനസ്സിലാക്കുന്ന അർഥം മറ്റൊരാൾക്ക് മനസ്സിലാകാതെ വരികയും അയാൾ അത് അംഗീകരിക്കാതെയിരിക്കുകയും ആണെങ്കിൽ അയാൾക്ക് അത് അനുവദനീയമാണ്. എന്നാൽ ഇന്ന ആയത്തിന് നബി (സ) നൽകിയ അർഥം താൻ അംഗീകരിക്കുകയില്ലാ എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ അയാൾ കാഫിർ ആയിത്തീരും. എന്തെന്നാൽ, നബി (സ) തിരുമേനിയുടെ കല്പനകളിലെ ഏതെങ്കിലും ഒരു അംശത്തെപ്പോലും റദ്ദാക്കുക എന്നത് ആർക്കും അനുവദനീയമല്ല. ഖലീഫമാരുടെ കല്പനകളെ അനുസരിക്കുന്നത് നിർബന്ധമാണെങ്കിലും അവരുടെ അഭിപ്രായത്തോട് യോജിക്കേണ്ടത് നിർബന്ധമല്ല. ഒരു കാര്യത്തെ സംബന്ധിച്ച് ഖലീഫ നല്കുന്ന അഭിപ്രായത്തോട് ആർക്കും വിയോജിക്കാവുന്നതാണ്. സക്കാത്ത് നല്കാൻ കൂട്ടാക്കാത്തവരെ അവർ മതപരിത്യാഗികളും നിഷേധികളുമായതിനാൽ അടിമകളാക്കുന്നത് അനുവദനീയമാണെന്ന് ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞിരുന്നു. എന്നാൽ അതിനോട് താൻ യോജിക്കുന്നില്ലാ എന്നാണ് ഹദ്റത്ത് ഉമർ (റ) അവസാനം വരെ പറഞ്ഞത്. എന്നാൽ നബി (സ) തിരുമേനിയാണ് ഇത് പറഞ്ഞതെങ്കിൽ അതിനോട് വിയോജിക്കുന്നത് അനുവദനീയമായിരുന്നില്ല. നബിമാരുമായി വിശ്വാസപരമായ ബന്ധം ഉള്ളതിനാലാണ് അവരു

മായുള്ള വിയോജിപ്പ് ഒരിക്കലും അനുവദിക്കാത്തത്. എന്നാൽ വ്യാഖ്യാനങ്ങളിൽ ഖലീഫമാരോട് വിയോജിപ്പ് ആകാവുന്നതാണ്. ഇപ്പോഴും ചില വൈജ്ഞാനിക കാര്യങ്ങളിൽ വിയോജിപ്പ് ഉണ്ടാകാറുണ്ട്. ചില സന്ദർഭങ്ങളിൽ ഖലീഫമാർക്ക് മറ്റുള്ളവരുടെ കാര്യങ്ങൾ അംഗീകരിക്കേണ്ടി വരികയും ചിലപ്പോൾ മറ്റുള്ളവർക്ക് ഖലീഫയുടെ കാര്യങ്ങൾ അംഗീകരിക്കേണ്ടതായി വരികയും ചെയ്ത സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ഒരാൾ ജനാബത്തുകാരനായിത്തീരുന്നത് ശുക്ലസ്ഖലനത്തോടു കൂടിയാണോ അതല്ല വെറും സംസർഗത്തോടെയാണോ എന്ന കാര്യത്തിൽ ഹദ്റത്ത് ഉമർ (റ) സഹാബാക്കളും തമ്മിൽ അഭിപ്രായ ഭിന്നത ഉണ്ടായിട്ടുണ്ട്.

ചുരുക്കത്തിൽ, ഇത്തരം കാര്യങ്ങളിൽ ഖലീഫയോട് വിയോജിക്കാവുന്നതാണ്. എന്നാൽ പ്രവാചകന്മാരോട് അത് സാധ്യമല്ല. അത്തഹിയാത്തിൽ വിരലുയർത്തുന്ന കാര്യത്തിൽ പോലും നബി (സ)യോട് വിയോജിക്കുന്നത് കാഫിർ ആക്കിത്തീർക്കും. പക്ഷേ, മുജദ്ദിദീങ്ങളും ഖലീഫമാരും അത്തരത്തിലുള്ളവരല്ല. വൈജ്ഞാനിക കാര്യങ്ങളിൽ അവരോട് വിയോജിക്കുന്നത് കുഫ്റ് അല്ല. എന്നാൽ നബിമാരുടെ വളരെ ചെറിയ കാര്യങ്ങളോട് പോലും വിയോജിക്കുന്നത് കാഫിറാക്കി മാറ്റുന്നു. അവരുടെ കാര്യങ്ങൾ മനസ്സിലായാലും ഇല്ലെങ്കിലും നബി പറയുന്നത് എന്താണോ അതാണ് ശരി എന്ന് പറയൽ നിർബന്ധമാണ്.

ചുരുക്കത്തിൽ മലക്കുകൾ പറയുന്നത് ശരിയാണ് എന്നംഗീകരിക്കലാണ് മലക്കുകളിലുള്ള വിശ്വാസം കൊണ്ട് അർഥമാക്കുന്നത്. അതുകൊണ്ടാണ് മലക്കുകൾ പറയുന്നത് അംഗീകരിക്കാനും വിശ്വസിക്കാനും ഉള്ള കല്പന നല്കിയത്. മലക്കുകൾ പറയുന്നതാണ് ശരി എന്ന് വിശുദ്ധ ഖുർആനിൽ നിന്ന് തെളിവ് ലഭിക്കുന്നുണ്ട്. മലക്കുകളെ അംഗീകരിക്കാതിരുന്നാലുള്ള ഫലം എന്തായിരിക്കുമെന്നും വിശുദ്ധ ഖുർആൻ വിവരിച്ചിരിക്കുന്നു. അതിൽ അല്ലാഹു പറയുന്നു, വഇദ് ഖുൽനാ .. അല്ലാഹു മലക്കുകളോട് ആദമിന് സുജൂദ് ചെയ്യുക എന്ന് കല്പന നല്കിയപ്പോൾ അവർ സുജൂദ് ചെയ്തു, എന്നാൽ ഇബ്‌ലീസ് നിരസിച്ചു, കാഫിർ ആയിത്തീരുകയും ചെയ്തു. ഇബ്‌ലീസ് മലക്കായിരുന്നില്ല എന്നാണ് ഖുർആനിൽ നിന്ന് മനസ്സിലാകുന്നത്. നേരെമറിച്ച് ജിന്നായിരുന്നു; മലക്കല്ലാത്ത അസ്തിത്വമായിരുന്നു. കല്പന മലക്കുകളോടായതിനാൽ ആദമിന് സുജൂദ് ചെയ്യണമെന്ന് മലക്കല്ലാത്ത അസ്തിത്വത്തിന് എങ്ങനെ അറിവ് ലഭിച്ചു? മലക്കുകൾ അവനെ സുജൂദ് ചെയ്യാൻ പ്രേരിപ്പിക്കുകയും എന്നാൽ അവൻ അതിന് കൂട്ടാക്കാതിരിക്കുകയും ചെയ്യുകയായിരുന്നു എന്നാണ് മനസ്സിലാകുന്നത്. അതിന്റെ ഫലമെന്തായി? അവൻ കാഫിറായിത്തീർന്നു, അതിനാൽ മലക്കുകളുടെ പ്രേരണയെ അംഗീകരിക്കലും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, അത് നന്മയാണ്.

മലക്കുകൾ എന്താണ്? അവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്? അവരിൽ വിശ്വസിക്കേണ്ട അനിവാര്യത എന്ത്? അവയുടെ ആവശ്യകത എന്ത്? എന്നൊക്കെ ഞാൻ പറഞ്ഞുകഴിഞ്ഞു. ശേഷം അവരുടെ മേൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾക്ക് മറുപടിയും പറഞ്ഞു. ഇതൊക്കെയാണെങ്കിലും അവരെക്കുറിച്ച് വേറെയും ചോദ്യങ്ങൾ ഉണ്ടാകാറുണ്ട്. ഇനി ആ ചോദ്യങ്ങൾക്ക് മറുപടി നൽകാം.

### മലക്കുകളുടെ ബന്ധം എത്ര വിധം

ഇനി ഞാൻ മലക്കുകളുടെ പ്രയോജനം എത്രവിധമാണെന്ന് പറയാം. മലക്കുകളുടെ പ്രയോജനങ്ങളോടൊപ്പം പിശാച് മനുഷ്യനുമായി ഏതു വിധത്തിലാണ് ബന്ധപ്പെട്ടിരിക്കുന്നത് എന്ന ചോദ്യവും ഉണ്ടാകും. കാരണം ഈ രണ്ട് അസ്തിത്വങ്ങളും വിപരീതങ്ങളാണ്. അതുകൊണ്ട് അതിനെക്കുറിച്ചും ഇതോടൊപ്പം ഞാൻ പരാമർശിക്കുന്നതാണ്.

മലക്കുകളുടെയും പിശാചിന്റെയും സ്വാധീനങ്ങൾ മൂന്നു വിധത്തിലാണെന്ന് ഓർക്കണം. മനുഷ്യനുമായി മലക്കിനുള്ള ആദ്യത്തെ ബന്ധം ലമ്മാ മലക്കിയ്യാ എന്നാണ് പറയപ്പെടുന്നത്; അതായത് മലക്കിന്റെ പ്രേരണ. ഇതിനെ നമുക്ക് വഴി മറന്ന് നടന്നുപോകുന്ന മനുഷ്യനോട് ഉപമിക്കാവുന്നതാണ്. അപ്പോൾ അത് റോഡല്ലെന്നും ഇതാണ് വഴിയെന്നും ഒരാൾ അയാളോട് വിളിച്ച് പറയുന്നു. ഇതപോലെയാണ് മലക്കുകളുടെ ഭാഗത്ത് നിന്ന് പ്രേരണയുണ്ടാകുന്നത്. ഒരു അപരിചിതനോടെന്ന പോലുള്ള ബന്ധമാണിത്. ബന്ധം ഇതിലുപരിയായി വർദ്ധിക്കുമ്പോൾ യാത്രയിൽ ഒരു സുഹൃത്തിന് മറ്റൊരു സുഹൃത്തിനോടുള്ള ബന്ധം പോയെയായിത്തീരുന്നു. വഴി അറിയുന്ന സുഹൃത്ത് പോകുന്ന വഴിയെ തന്നെയായിരിക്കും അയാളുടെ കൂട്ടുകാരനും പോകുക. ഓരോ ചുവടിലും എങ്ങോട്ടാണ് പോകുന്നതെന്ന് ചോദിക്കില്ല. ഇതേപോലെ ഈ ഘട്ടത്തിൽ മലക്ക് കൂടെ ഉണ്ടാകുമ്പോൾ മനുഷ്യനും മലക്കും ഒരേ ദിശയിലായിരിക്കും സഞ്ചരിക്കുക. ഇതിനെയാണ് പരിശുദ്ധാത്മാവിന്റെ പിന്തുണ എന്ന് പറയുന്നത്. ഈ പിന്തുണയെ നുസൂൽ (ഇറക്കം) എന്ന പദവുമായി ബന്ധപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഇറക്കം എന്ന സ്ഥാനം ഒരുവന് ലഭ്യമായാൽ ആ ബന്ധം ശാശ്വതമായിരിക്കും. എന്നാൽ ആദ്യത്തേത്, അതായത് മലക്കിന്റെ പ്രേരണ (ലമ്മാ മലക്കി) താൽക്കാലികമാണ്.

ഇതിലും അടുപ്പമുള്ള മൂന്നാമത്തെ ഘട്ടത്തിൽ മലക്കും മനുഷ്യനും തമ്മിൽ അടിമയുടെ

യും ഉടമയുടെയും ബന്ധമാണ് ഉണ്ടാകുന്നത്. അതായത്, മലക്ക് വെറും കൂട്ടുകാരൻ മാത്രമല്ല, അവന് അല്ലാഹുവിൽ നിന്ന് മനുഷ്യനെ അനുസരിക്കാനും സേവിക്കാനുമുള്ള കല്പനയും ലഭിക്കുന്നു. അവൻ സുഹൃത്തിനെപ്പോലെയല്ല, സേവകനെപ്പോലെ കൂടെയുണ്ടാകും. ഈ പദവി കാരണത്താലാണ് വാഗ്ദത്ത മസീഹ് (അ) ന് ''തീ നമ്മുടെ ദാസൻ, അല്ല ദാസന്റെ ദാസനാണ്'' എന്ന ഇൽഹാം ഉണ്ടായത് (തദ്കിറ 4 ാം പതിപ്പ്, പേജ് 397). തീ ദാസനാണെന്നതുകൊണ്ടുള്ള ഉദ്ദേശ്യം തീയുടെ മലക്ക് അദ്ദേഹത്തിന്റെ ദാസനായിരുന്നു എന്നാണ്. ഫ കഊലൂ ലഹൂ സാജിദീൻ (അൽ ഹിജ്ർ 30 ാം വചനം) എന്നതിന്റെ അർഥവും ഇതുതന്നെയാണ്. മലക്കുകളോട് ഒന്നാമത്തെ ആദമിനെ അനുസരിക്കാനും അദ്ദേഹത്തിന്റെ ദാസനായിത്തീരാനും കൽപ്പിക്കപ്പെട്ടെങ്കിൽ ആദ്യത്തെ ആദമിനെക്കാൾ മഹത്വം നല്കപ്പെട്ട രണ്ടാമത്തെ ആദമിന് (വാഗ്ദത്ത മസീഹ് (അ)) വേണ്ടി "തീ നമ്മുടെ ദാസൻ, അല്ല ദാസന്റെ ദാസനാണ്'' എന്ന് എന്ത്കൊണ്ട് പറഞ്ഞുകൂടാ?ഈ പദവിയിൽ എത്തിച്ചേർന്ന മനുഷ്യന് മലക്ക് ഒരു ദാസനെപ്പോലെയായിരിക്കും. അവന് അദ്ദേഹത്തെ വേർപിരിയാനോ ഉപേക്ഷിക്കാനോ ഉള്ള അവകാശമില്ല. ഒരു വേലക്കാരന് വേല ഉപേക്ഷിച്ച് വേർപിരിയാമെങ്കിലും മലക്കിന് വേർപിരിയാനാകില്ല. ഇത് നബിമാരുടെ സ്ഥാനമാണ്.

ഇതേ പദവികൾക്ക് സാദൃശ്യമായ ബന്ധങ്ങളാണ് പിശാചും മനുഷ്യനും തമ്മിലുള്ളത്. പിശാചുമായി ബന്ധപ്പെടുന്നവരുടെ ആദ്യ ഘട്ടം പൈശാചികത്വത്തിന്റേതാണ്.. വഴിയിലൂടെ നേരേ പോകുന്ന ഒരാളോട് കുഴപ്പക്കാരനായ വേറൊരാൾ "അങ്ങോട്ട് പോകണ്ട ഇങ്ങോട്ട് പൊയ്ക്കൊള്ളൂ" എന്ന് കളിയായി പറയുന്നതുപോലെയാണ് ഇത്. ആരെങ്കിലും അയാൾ പറയുന്നത് വിശ്വസിച്ചാൽ അയാൾക്ക് വഴിതെറ്റും. ഇതുപോലെയാണ് പിശാച് തുടക്കത്തിൽ വഞ്ചിക്കുന്നത്. അവന്റെ വഞ്ചനയിൽ വന്നുപെടുന്നവനെ അവൻ വഴിപിഴപ്പിക്കുന്നു. എന്നാൽ അവനെ നേർമാർഗ്ഗത്തിലേക്ക് നയിക്കാൻ ശ്രമിക്കുന്ന മലക്കുകൾ അവനോടൊപ്പം അപ്പോഴും ഉണ്ടാകും. അതേസമയം, ഒരുവൻ പിശാചിന്റെ കാര്യങ്ങളെ വീണ്ടും വീണ്ടും അംഗീകരിക്കാൻ തുടങ്ങുമ്പോൾ കൂടുതൽ മോശമായ അവസ്ഥയിലേക്ക് അവൻ ചെന്നെത്തുകയും പിശാചിനെ കൂടെ കൂടെ കണ്ടുമുട്ടുന്നതിനാൽ അവർ തമ്മിൽ സുഹൃദ് ബന്ധം ഉടലെടുക്കുകയും ചെയ്യുന്നു. അതിനെ സംബന്ധിച്ചാണ് അല്ലാഹു പറയുന്നത് *വമൻ യകുനി ശൈത്വാനു ലഹൂ കരീനൻ ഫസാഹ കരീനാ* (അന്നിസാഅ് 39-ാം വചനം). അതായത് പിശാച് അവരുടെ സുഹൃത്തായിത്തീരുന്നു വളരെ മോശപ്പെട്ട സുഹൃത്താണവൻ.

ഇത് രണ്ടാമത്തെ ഘട്ടമാണ്. അതിന് ശേഷം മൂന്നാമത്തെ ഘട്ടം തുടങ്ങുന്നു. അതായത് പിശാച് ഉടമയും മനുഷ്യൻ അവന്റെ അടിമയും ആയിത്തീരുന്ന അവസ്ഥ. അത്തരം ആളുകളെ സംബന്ധിച്ചാണ് അവർ അബദത്താഗൂത്തി ആണ് എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നത്. അതായത് അവർ പിശാചിനെയാണ് ആരാധിക്കുന്നത്. അവന്റെ ദാസരാണ് അവർ. ചുരുക്കത്തിൽ, നന്മയിലേക്ക് ചായുന്നവനു മേൽ മലക്കും തിന്മയിലേക്ക് ചായുന്നവനു മേൽ പിശാചും ഒടുവിൽ ആധിപത്യം പുലർത്തുമെന്ന് സാരം.

മനുഷ്യരുമായി ബന്ധപ്പെട്ട നന്മതിന്മകളുടെ മൂന്ന് ഘട്ടങ്ങളാണിവ. ഇനിയുള്ള ചോദ്യം ഇവയിൽ ഏതെങ്കിലും ഒരു അവസ്ഥ എല്ലാ മനുഷ്യർക്കും ഉണ്ടാകുമ്പോൾ വെവ്വേറെ മലക്കുകൾ ഓരോ മനുഷ്യനോടൊപ്പം ഉണ്ടാകുമോ എന്നതാണ്. ഇതിനുള്ള മറുപടി ഇതാണ്: അതേ, ഓരോ മനുഷ്യനോടൊപ്പവും വെവ്വേറെ മലക്കുകളുണ്ട്. വാസ്തവത്തിൽ, നാം നേരത്തെ പറഞ്ഞതുപ്പോലെ, മലക്കുകൾ രണ്ട് വിധത്തിലുണ്ട്. ഒന്ന്, ഓരോ മനുഷ്യനോടൊപ്പവും ഓരോന്നും ഈരണ്ടുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹു പറയുന്നു, ഇൻകുല്ലു വഫ്സിൻ ലമ്മാ അലൈഹാ ഹാഫിലൂൻ (അത്താരിഖ് 5 ാം വചനം). ഒരു മേൽനോട്ടക്കാരൻ നിശ്ചയിക്കാത്ത ആത്മാവുമില്ല. ഓരോ മനുഷ്യനോടൊപ്പം ഒരു മലക്കിനെ നിശ്ചയിച്ചിരിക്കുന്നുവെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. രണ്ടാമത്തെ തരം മലക്കുകളിലെ ഓരോ മലക്കും എല്ലാ മനുഷ്യനോടും ബന്ധം പുലർത്തുന്നു. ഓരോ മനുഷ്യനോടും അവർക്ക് ഏതാണ്ട് ഒരേ സ്വാധീനം ഉണ്ടായിരിക്കും. ജിബ്രീൽ എല്ലാവരിലും സ്വാധീനം ചെലുത്തുന്നു. ഇത്തരം മലക്കുകൾക്ക് സേവകരുണ്ട്. അവർ ഇവരുടെ പ്രഭാവങ്ങളെ മറ്റ് വസ്തുക്കളിലേക്ക് എത്തിക്കുന്നു.

ഒരേ മലക്കാണ് എല്ലാ മനുഷ്യരുടെ മേലും പ്രഭാവം ചെലുത്തുന്നതെങ്കിൽ മലക്കുകൾ ഇറങ്ങുന്നതെങ്ങനെയാണെന്ന ചോദ്യം ഉയരാം. ഇവിടെ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. മലക്കുകളുടെ ഇറക്കമെന്നത് വിശുദ്ധ ഖുർആന്റെ സാങ്കേതിക പ്രയോഗമാണ്. മലക്ക് നിർബന്ധമായും വരുമെന്ന് ഇതിനർഥമില്ല. മറിച്ച്, ശാശ്വതമായ നിലയിൽ പ്രഭാവം ചെലുത്തുകയാണ് ചെയ്യു ന്നത് നോക്കൂ, ഇറക്കം എന്ന പദം അല്ലാഹുവിന് വേണ്ടിയും പ്രയുക്തമായിട്ടുണ്ട്. ലൈലത്തുൽ ഖദ്റിന്റെ അവസാന ഭാഗത്ത് ദൈവം താഴോട്ട് ഇറങ്ങി വരുമെന്നാണ് ഹദീസു കളിൽ വന്നിട്ടുള്ളത്. അന്നേരം അല്ലാഹു അധികമായി തന്റെ പ്രഭാവം ചെലുത്തുന്നു എന്നാണ് ഇതിന്റെ ഉദ്ദേശ്യം. ഇത് തന്നെയാണ് ജിബ്രീലിന്റെ 'ഇറക്കം' കൊണ്ടും അർഥമാക്കുന്നത്. ജിബ്രീലും സ്വന്തമായ നിലയിൽ ഇറങ്ങുന്നില്ല. കാരണം അതൊരു

പ്രത്യേക സ്ഥാനത്താണുള്ളത്. അവിടുന്ന് അനങ്ങാതെ തന്റെ സ്ഥാനത്തിരുന്നു കൊണ്ട് തന്നെയാണ് പ്രഭാവം ചെലുത്തുന്നത്. നോക്കൂ, സൂര്യ പ്രകാശം ദർപ്പണത്തിൽ പതിയുമ്പോൾ അതിലേക്ക് അത് ഇറങ്ങി വരുന്നില്ലല്ലോ. ഇതേപോലെ, ജിബ്രീൽ നബി (സ) തിരുമേനിയുടെ അടുത്തേക്ക് വരാറുണ്ടായിരുന്നില്ല. മിറച്ച്, അതിന്റെ ഛായയാണ് വന്നിരുന്നത്. മനുഷ്യരൂപത്തിൽ നബി (സ) യുടെ പക്കൽ വന്നപ്പോൾ അത് നേരിട്ട് വന്നതായിരുന്നില്ല. മറിച്ച് തന്റെ പ്രഭാവത്താൽ സൃഷ്ടിച്ച. മനുഷ്യരൂപമാണ് വന്നിരുന്നത്. അതെവിടെയാണോ അവിടെ തന്നെയാണ് നിലകൊള്ളുന്നത്.

ആയതിനാൽ, ഇറക്കം എന്നതിന്റെ അർഥം ദർപ്പണത്തിൽ സൂര്യപ്രകാശത്തിന്റെ ഛായ പതിയുന്നതുപോലെ ജിബ്രീൽ തന്റെ പ്രഭാവം സ്വീകരിക്കാൻ പ്രാപ്തമായ ഹൃദയത്തിൽ സ്വാധീനം ചെലുത്തുന്നു എന്നു മാത്രമാണ്. ഇതു തന്നെയാണ് അവന്റെ 'ഇറക്കവും'. ഈ ഇറക്കമുണ്ടാകുമ്പോൾ പരിശുദ്ധാത്മാവ് മനുഷ്യനോടൊപ്പം ആയിത്തീരുന്നു. അത് മുഖേനയാണ് അവൻ എല്ലാ കാര്യങ്ങളും ചെയ്യുന്നത്. ഈസാ നബി (അ)യുടെ കാര്യത്തിലും ഇതാണ് സംഭവിച്ചത്. പിശാച് അദ്ദേഹത്തെ പ്രലോഭിപ്പിച്ചിരുന്നുവെന്ന് ക്രിസ്ത്യാനികൾ പറയുന്നു. അല്ലാഹു പറയുന്നു: പിശാച് എങ്ങനെ അദ്ദേഹത്തെ പ്രലോഭിപ്പിക്കും? അദ്ദേഹത്തിനോടൊപ്പം ഉണ്ടായിരുന്നത് ജിബ്രീൽ ആയിരുന്നുവല്ലോ.

ഇവിടെ ഉയരാവുന്ന മറ്റൊരു ചോദ്യം ജിബ്രീലിന്റെ ഇറക്കമെന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് അതിന്റെ ഛായയാണെങ്കിൽ ജിബ്രീലിന്റെ ഛായ പതിഞ്ഞ മനുഷ്യരിലെല്ലാം ഒരുപോലെയുള്ള ഛായയായിരിക്കണമല്ലൊ പതിയേണ്ടത് എന്നതാണ്. നബി (സ) തിരുമേനി, ഹദ്റത്ത് മൂസാ (അ), ഹദ്റത്ത് ഈസാ (അ) എന്നിവരുടെയെല്ലാം പദവി ഒന്നാ യിരിക്കണമല്ലോ എന്ന് ചോദിച്ചേക്കാം. എന്നാൽ ഇത് ശരിയല്ല. എന്തെന്നാൽ പ്രതിബിംബങ്ങൾ പലതാണ്. ഇതിൽ പ്രതിബിംബം ആരുടേതാണ് എന്ന് മാത്രമല്ല നോക്കുന്നത്. മറിച്ച് ആരിലാണ് പ്രതിബിംബം പതിയുന്നതെന്ന് നോക്കേണ്ടതും അനിവാര്യമാണ്. വാളുറയിൽ പതിയുന്ന സൂര്യന്റെ പ്രതിബിംബം ഒരു രീതിയിലും കണ്ണാടിയിൽ പതിയുന്ന പ്രതിബിംബം മറ്റൊരു രീതിയിലുമായിരിക്കുമല്ലൊ. ജിബ്രീലിനു മാറ്റമുണ്ടായിരുന്നില്ല. അതിന്റെ പ്രതിബിംബവും അതു തന്നെ. എന്നാൽ ഹൃദയത്തിന്റെ പരിശുദ്ധിയനുസരിച്ച് അതിന്റെ രൂപം ഉന്നതമായ നിലയിൽ കാണപ്പെട്ടു. അതുകൊണ്ടാണ് ജിബ്രീൽ ഒന്നുതന്നെ ആയിരുന്നെങ്കിലും അതിന്റെ പ്രതിബിംബം പതിഞ്ഞവർ വെവ്വേറെ പദവി ഉള്ളവരായിത്തീർന്നത്. മൂസാ (അ) മൂസാ (അ) തന്നെയായിരുന്നു; മുഹമ്മദ് (സ) മുഹമ്മദും. നബി (സ) തിരുമേനിക്ക് മറ്റ് നബിമാരേക്കാൾ ഉന്നതമായ സ്ഥാനമാനങ്ങൾ ലഭിക്കാൻ കാരണവും മറ്റൊന്നല്ല. ഒരാൾ തന്നെയാണ് എല്ലാ നബിമാരിലും പ്രതിബിംബിച്ചത്. പ്രതിബിംബിച്ച അസ്തിത്വം വെവ്വേറെ ആയിരുന്നെങ്കിൽ നബി (സ) തിരുമേനിയുടെ മേൽ പ്രതിബിംബം ഇട്ട അസ്തിത്വം ഉന്നത സ്ഥാനീയനായതിനാലാണ് നബി (സ) തിരുമേനിക്ക് ഉന്നത സ്ഥാനം ലഭിച്ചതെന്നും മറ്റ് പ്രവാചകന്മാരുടെ മേൽ പ്രതിബിംബിച്ച അസ്തിത്വം അത്തരത്തിലല്ലാതിരുന്നതിനാലാണ് അവർക്ക് തിരുമേനിയേക്കാൾ കുറഞ്ഞ സ്ഥാനം ലഭിച്ചത് എന്നും തിരുമേനിയുടെ മേൽ പതിഞ്ഞ പ്രതിബിംബമാണ് അവരുടെ മേലും പതിഞ്ഞിട്ടുണ്ടായിരുന്നതെങ്കിൽ തിരുമേനിയുടെ സ്ഥാനം തന്നെ അവർക്കും ലഭിച്ചേനേ എന്നും പറയപ്പെടുമായിരുന്നു. എന്നാൽ പ്രതിബിംബം അയച്ചത് ഒരാൾ തന്നെ ആകുന്നതിനാൽ അവരുടെ പദവികളിലുള്ള അന്തരം അവരുടെ തന്നെ ഹൃദയ പരിശുദ്ധിയുമായിട്ടാണ് ബന്ധപ്പെട്ട് കിടക്കുന്നത്. എന്തെന്നാൽ, ഒരേ വസ്തു വ്യത്യസ്ത വസ്തുക്കളിൽ നിരന്തരം പ്രഭാവം ചെലുത്തുമ്പോൾ അവയുടെ സ്വഭാവം അനുസരിച്ചായിരിക്കും അതിന്റെ ഉദ്ദിഷ്ട ഫലം ഉണ്ടാകുക. അതേ സമയം പ്രതിബിംബം പതിക്കപ്പെടുന്നവരുടെ ആന്തരിക ഭാഗത്ത് വ്യത്യാസമുണ്ടെങ്കിൽ തന്നെ ഒരു വസ്തുവിന്റെ പ്രതിബിംബമാണ് പതിയുന്നതെങ്കിൽ പോലും ഫലത്തിൽ അത് വ്യത്യസ്തമായിരിക്കും. ഇതുതന്നെയാണ് മറ്റു പ്രവാചകരുടെ മേൽ നബി (സ) തിരുമേനിക്കുള്ള ശ്രേഷ്ഠത. തിരുമേനി (സ) യുടെ ഹൃദയം എല്ലാവരെക്കാളും ഉന്നതവും പരിശുദ്ധവുമായിരുന്നു. അതിൽ പതിഞ്ഞ പ്രതിബിംബവും എല്ലാറ്റിലും മഹത്തരമായിരുന്നു.

ഇതോടൊപ്പം ഒരു കാര്യം കൂടി ഓർക്കുക. ചിലപ്പോൾ അനുഗ്രഹം നേടുന്നതിന്റെ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത നാമങ്ങൾ വെക്കപ്പെടാറുണ്ട്. അത് പരിശുദ്ധാത്മാവിന്റെ തന്നെ അനുഗ്രഹമാണ്. എന്നാൽ അനുഗ്രഹത്തിന്റെ നിലവാരം ഉണ്ടാകുന്നത് ഹൃദയ പരിശുദ്ധിയുടെ അടിസ്ഥാനത്തിലായിരിക്കും. നോക്കൂ, സൂര്യന്റെ പ്രതിഛായ കിട്ടണമെങ്കിൽ അതിന് ഏറ്റവും നല്ലത് കണ്ണാടിയാണെന്ന് നാം അറിയുമ്പോൾ അതിൽ തന്നെയായിരിക്കും സൂര്യന്റെ പ്രതിബിംബം നാം എടുക്കുക. അല്ലാതെ, ഇരുമ്പിൽ നാം അതിന്റെ പ്രതിബിംബം എടുക്കുകയില്ലല്ലോ. നബി (സ) തിരുമേനിയുടെ ഹൃദയം ഏറ്റവും ഉന്നതമായിരുന്നു. അതുകൊണ്ടാണ് തിരുമേനിയിൽ ഉണ്ടായ അനുഗ്രഹബിംബം മറ്റെല്ലാവരെയും കവച്ച് വെച്ചത്. അതുകൊണ്ട് ഖിയാമത്ത് നാൾ വരെ അത് നിലനിൽക്കുന്നതാണ്. ഇങ്ങനെ അനുഗ്രഹത്തിന്റെ നിലവാരം മാറുകയാണുണ്ടായത്.

ശേഷം പേജ് 42 ൽ

ഭാഗം – 16

# ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ

ഇബ്നു വഫ കോഴിക്കോട്

രണ്ട് ഭാഗത്തും സൈന്യങ്ങൾ ഉയർന്ന സംഘർഷത്തിലും പിരിമുറുക്കത്തിലും നിൽക്കുമ്പോൾ ഖുറൈശികളുടെ ഭാഗത്ത് നിന്ന് അബൂ ആമിർ ഉൽകടമായ ആവേശത്തോടും തികഞ്ഞ ദുരുദ്ദേശ്യത്തോടും കൂടി തന്റെ ചില കൂട്ടുകാരോടൊപ്പം മുന്നോട്ടു വന്നു. യഥാർഥത്തിൽ ഇയാളൊരു മദീനാ സ്വദേശിയാണ്. അല്ലാഹുവിന്റെ റസൂലും മുസ്ലിമീങ്ങളും മക്കയിൽ നിന്ന് ഹിജ്റത്ത് ചെയ്ത് മദീനയിൽ എത്തിയപ്പോൾ, മദീനക്കാർ ഞങ്ങൾക്ക് അഭയവും രക്ഷയും നൽകിയതിലുള്ള അമർഷം കാരണം അഹങ്കാരിയായ ഇയാൾ തന്റെ ചില സുഹൃത്തുക്കളോടൊപ്പം മക്കയിൽ പോയി, ഖുറൈശി നേതാക്കളെ സന്ദർശിച്ച് ഞങ്ങൾക്കെതിരിൽ അവരുടെ ചെവിയിൽ വിഷം നിറച്ചുകൊണ്ടിരുന്നു. അബൂ ആമിർ മദീനയിലെ ഔസ് ഗോത്രത്തിലെ വളരെ പ്രതാപശാലികളിൽ ഒരാളാണ്. ദീർഘ നാളത്തെ പ്രവാസ ജീവിതത്തിന് ശേഷം ഇയാളിപ്പോൾ മക്കക്കാരോടൊപ്പം മുസ്ലിമീങ്ങളെ അമർച്ച ചെയ്യുവാനായി വന്നിരിക്കുകയാണ്. മദീനക്കാർക്ക് തന്നോടുള്ള പ്രതിപത്തിയും സ്നേഹാദരങ്ങളും കാരണം ഞാൻ വിളിച്ചാൽ മുഹമ്മദ് ബിൻ അബ്ദുല്ലാഹ്(സ)യെ ഉപേക്ഷിച്ച് തന്നോടൊപ്പം എല്ലാവരും ഓടി വരുമെന്നായിരുന്നു ഇയാൾ ഉറച്ചു വിശ്വസിച്ചിരുന്നത്. ഈ പ്രതീക്ഷയിലയാൾ മുന്നോട്ടു വന്ന് നീട്ടി വിളിച്ചു. അല്ലയോ ഔസ് ഗോത്രത്തിലെ എന്റെ സഹോദരങ്ങളെ, ഞാൻ നിങ്ങളുടെ അബൂ ആമിറാണ് വിളിക്കുന്നത്. ഇത് കേൾക്കേണ്ട താമസം മുഴുവൻ അൻസ്വാർ സഹോദരന്മാരും, അയാളെ തന്റെ വാക്കുകൾ പൂർത്തിയാക്കാൻ അനുവദിക്കാതെ ഉച്ചത്തിൽ ഒരേ സ്വരത്തിൽ "നീ പോയി തുലയടാ തെമ്മാടി, ദുർമാർഗ്ഗി'' എന്ന് പറയുകയും അതോടൊപ്പം അയാളുടെ മേൽ തുരുതുരാ കല്ലുവർഷം നടത്തുവാനും തുടങ്ങി. അപ്രതീക്ഷിതമായ ഈ പ്രതികരണം കണ്ട് അയാൾ ഭയപ്പെട്ട് പിന്നോട്ടോടി. ഖുറൈശികളുടെ സൈനീക പതാക ഏന്തിയിരുന്ന തൽഹ മുസ്ലിമീങ്ങളുടെ ഈ വികാരപ്രകടനം കണ്ട്, വളരെ കോപാകുലനായി മുന്നോട്ടു വരികയും വ്യക്തിഗത പോരാട്ടത്തിനായി ഞങ്ങളെ വെല്ലുവിളിക്കുകയും ചെയ്തു. ഉടൻ തന്നെ അലി ബിൻ അബീ ത്വാലിബ് മുന്നോട്ടു കുതിക്കുകയും ഏതാനും നിമിഷ നേരം കൊണ്ട് തന്നെ തൽഹയെ വെട്ടി തുണ്ടമാക്കുകയും ചെയ്തു. ഇത് കണ്ട് നിന്ന തൽഹയുടെ സഹോദരൻ ഉസ്മാൻ മുന്നോട്ടു ചാടി വന്നു. അയാൾക്കെതിരിൽ ഹംസ ബിൻ അബ്ദിൽ മുത്തലിബ് ഓടി വരികയും ശക്തമായ പോരാട്ടത്തിൽ ചെറിയ സമയത്തിനകം തന്നെ അവന്റേയും കഥ കഴിച്ചു. ഇതിനൊക്കെ തന്നെ സാക്ഷികളായ ഖുറൈശികൾക്ക് ആകെ ഹാലിളകുകയും അവർ പൊതുയുദ്ധത്തിന്നായി മുന്നോട്ടു വരികയും രണ്ട് സൈന്യങ്ങളും അതിഭയങ്കരമായ രീതിയിൽ ഏറ്റുമുട്ടാനും തുടങ്ങി. അങ്ങനെ അതിരൂക്ഷമായ യുദ്ധം ആരംഭിച്ചു.

### അല്ലാഹുവിന്റെ റസൂലും അനുഗ്രഹീത വാളും

ആ അവസരത്തിൽ അല്ലാഹുവിന്റെ റസൂൽ തന്റെ വാൾ കയ്യിലേന്തിക്കൊണ്ട്, ഇന്ന് ഈ വാളിന് അതർഹിക്കുന്ന സ്ഥാനവും മാനവും നൽകുവാൻ വല്ലവരും ഉണ്ടോ എന്ന് ചോദിക്കുകയുണ്ടായി. ഞങ്ങളിൽ പലരും റസൂലുല്ലായുടെ വാൾ കയ്യിലേന്താനുള്ള ബഹുമതിക്കായി കൈകളുയർത്തി. അവരിൽ അബൂബക്കറും, ഉമർ ഖത്ത്വാബും, സുബൈർ ബിൻ അവ്വാമും, അലി ബിൻ അബീ ത്വാലിബും ഉണ്ടായിരുന്നു. പക്ഷേ അല്ലാഹുവിന്റെ റസൂൽ അവർക്കൊന്നും തന്നെ വാൾ നൽകാതെ തന്റെ ചോദ്യം ആവർത്തിച്ചു. അവസാനം അബൂ ദുജാന അൻസ്വാരി, യാ റസൂലുല്ലാഹ്, ഞാൻ തയ്യാറാണെന്ന് പറഞ്ഞ് മുന്നോട്ടു വന്നു. അല്ലാഹുവിന്റെ റസൂൽ ഉടൻ തന്നെ വാൾ അദ്ദേഹത്തിന് നൽകി. അദ്ദേഹം ആ വാളുമായി തന്റെ നടത്തത്തിൽ അങ്ങേയറ്റം അഹങ്കാരവും വമ്പും സ്വാഭിമാനവും പ്രകടിപ്പിച്ചുകൊണ്ട് ശത്രുക്കളുടെ ഭാഗത്തേക്കോടി. ഇതു കണ്ട് അല്ലാഹുവിന്റെ റസൂൽ പറഞ്ഞു, പൊങ്ങച്ചവും ഗർവ്വും അല്ലാഹു ഇഷ്ടപ്പെടാത്ത കാര്യമാണ്. പക്ഷെ ഇന്ന് ഈ അവസരത്തിൽ അത് അല്ലാഹുവിന് അനിഷ്ടകരമല്ല.

സുബൈർ ബിൻ അവാം ആ വാൾ ലഭിക്കാൻ വളരെയധികം ആഗ്രഹിച്ചിരുന്നു. ഉമ്മുൽ മുഅ്മിനീൻ ആയിശയുടെ സഹോദരി അസ്മാ ബിൻത്ത് അബീബക്കറിന്റെ ഭർത്താവെന്ന നിലയിൽ റസൂലുമായുള്ള കുടുംബ ബന്ധം നിമിത്തം അത് തന്റെ അവകാശമാണെന്നദ്ദേഹം മനസ്സിൽ കരുതുകയും ചെയ്തിരുന്നു. ഇപ്പോഴതു ലഭിക്കാതിരുന്നതിലുള്ള ദു:ഖത്തി

ലും മാനസിക സംഘർഷത്തിലും അദ്ദേഹം ഞെരിപിരികൊള്ളുകയാണ്. അതുകാരണം ഈ യുദ്ധത്തിൽ ഞാൻ അബൂദുജാന അൻസ്വാരിയോടൊപ്പം നിന്നുകൊണ്ട് റസൂലുല്ലാഹ്‌യുടെ വാളിന് അദ്ദേഹം എങ്ങനെയാണ് സ്ഥാനവും മാനവും നൽകുന്ന തെനിക്ക് കാണണമെന്ന് ഹൃദയത്തിൽ സുബൈർ ബിൻ അവാം ഉറച്ച തീരുമാനമെടുത്തു. സുബൈർ പറയുകയാണ്, അബൂദുജാന ഒരു ചുവന്ന തുണി തന്റെ തലയിൽ ചുറ്റിക്കൊണ്ട് ഉഹ്ദിന്റെ രണാങ്കണത്തിൽ ഇറങ്ങി. അല്ലാഹുവിന് സ്തുതിഗീതങ്ങൾ പാടി ക്കൊണ്ട് ശത്രുക്കളുടെ നീണ്ട നിരകൾ വെട്ടി വീഴ്ത്തി മുന്നേറിക്കൊണ്ടിരുന്നു. അബൂദുജാനക്ക് മുന്നിൽ പെട്ട ഒരാളും രക്ഷപ്പെട്ടില്ല. അവസാനം അദ്ദേഹം മുന്നോട്ട് ഗമിച്ചുകൊണ്ട് ശത്രുക്കളുടെ മറ്റെ അറ്റം വരെ എത്തി. അവിടെ സ്ത്രീകൾ പുരുഷന്മാരിൽ യുദ്ധാവേശമുണ്ടാക്കുവാനായി പാട്ടുപാടിക്കൊണ്ടിരിക്കുകയായിരുന്നു. അതിനിടയിൽ യാദൃച്ഛികമെന്ന് പറയട്ടെ, അബൂസുഫിയാന്റെ ഭാര്യ ഹിന്ദ അബൂദുജാനക്ക് മുന്നിൽ പെട്ടു. അവളെ വെട്ടി തുണ്ടമാക്കാൻ അബൂദുജാന വാളുയർത്തി. പേടിച്ചരണ്ട ഹിന്ദ ആർത്ത് നിലവിളിച്ചുകൊണ്ട് സഹായത്തിനായി പുരുഷന്മാരെ വിളിച്ചുവെങ്കിലും ആരും വന്നില്ല. ഏതാനും നിമിഷനേരത്തെ ഇടവേളക്ക് ശേഷം അബൂദുജാന, ഉയർത്തിയ വാൾ താഴ്ത്തുകയും അവിടെ നിന്ന് മാറിപ്പോവുകയും ചെയ്തു. ഇതെല്ലാം കണ്ട് നിന്ന സുബൈർ ബിൻ അവാം ആശ്ചര്യത്തോടെ അബൂദുജാനയോട് കാരണം തിരക്കി. റസൂലുല്ലാഹ്‌യുടെ വാൾ കൊണ്ട് പുരുഷന്മാരാരും കൂടെ ഇല്ലാത്ത അവസരത്തിൽ അബലയായ ഒരു സ്ത്രീയെ, അവൾ ഇസ്‌ലാമിന്റെ ശത്രുനിരയിൽ മുൻപന്തിയിൽ നിൽക്കുന്നവളാണെങ്കിൽ പോലും, അവളെ ആക്രമിക്കുന്നത് ഒരു മുസ്‌ലിമിന് അനുയോജ്യമല്ല. അത്, റസൂൽ തിരുമേനിയുടെ വാളിന്റെ മഹനീയ സ്ഥാനത്തിന് ചേർന്നതുമല്ല എന്ന് മനസ്സിലാക്കിയത് കൊണ്ടാണ് ഞാനങ്ങനെ ചെയ്തതെന്ന് അബൂദുജാന മറുപടി നൽകി. സുബൈർ പറയുകയാണ്, അബൂദുജാന, റസൂലിന്റെ വാളിന് നൽകിയ ആ സ്ഥാനവും മാനവും വളരെ മഹത്തരമായിരുന്നു. ഒരു പക്ഷേ അത് ഞാനായിരുന്നുവെങ്കിൽ ആ ഉത്തമ മാതൃക പ്രകടിപ്പിക്കപ്പെടാൻ സാദ്ധ്യത ഇല്ല. ഈ സംഭവത്തോടെ റസൂലുല്ലാഹ്‌യുടെ വാൾ തനിക്ക് ലഭിച്ചില്ലല്ലോ എന്ന മനോവിഷമം സുബൈറിന്റെ ഹൃദയത്തിൽ നിന്നും പാടെ ഇല്ലാതാവുകയും ചെയ്തു.

രണ്ട് ഭാഗത്തും അതിഘോരമായ യുദ്ധമാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിരൂക്ഷമായ രീതിയിൽ വെട്ടും കുത്തും കൊലയും നടമാടുകയാണ്. അതിനിടയിൽ എണ്ണത്തിലും വണ്ണത്തിലും ഞങ്ങളേക്കാൾ നാലിരട്ടിയിൽ കൂടുതലുള്ള ഖുറൈശി സൈന്യം പല പ്രാവശ്യം ഞങ്ങളുടെ വലതുഭാഗത്തു കൂടി ഉഹ്ദ് മലയുടെ പുറകിലെത്താൻ കിണഞ്ഞ് പരിശ്രമിച്ചുവെങ്കിലും മലയിടുക്കിൽ നിലയുറപ്പിച്ച വില്ലാളി സംഘത്തിൽ നിന്നുള്ള അതിശക്തമായ ശരവർഷം കാരണം ശത്രുക്കൾക്ക് ഒരടി പോലും മുന്നേറാൻ സാധിക്കുന്നില്ല. ഇത് കാലേകൂട്ടി കണ്ട് കൊണ്ട് തന്നെയാണ് അല്ലാഹുവിന്റെ റസൂൽ മലമുകളിലേക്കുള്ള എല്ലാ വഴികളും അടച്ചത്. തങ്ങളേക്കാൾ മൂന്നിരട്ടിയിൽ കൂടുതലുണ്ടായിരുന്ന സൈന്യത്തോട് ബദറിൽ കാണിച്ച അതേ ശൂരതയും ധീരതയും ഇവിടേയും പ്രകടിപ്പിച്ച് കൊണ്ട് നമ്മുടെ സഹോദരന്മാർ ശത്രുക്കളുടെ ഹൃദയത്തിൽ സംഭ്രാന്തി പരത്തിക്കൊണ്ടിരുന്നു. മരണഭയം എന്നത് ഞങ്ങളെ തീണ്ടിയിട്ടേ ഇല്ല. ഞങ്ങളിൽ ആരും തന്നെ അത് ഗൗനിക്കുന്നേ ഇല്ല. ബാഹ്യമായി ഞങ്ങളുടെ പക്കൽ യുദ്ധകോപ്പുകൾ നന്നേ കുറവാണെങ്കിലും ഏത് അപകടമേഖലയിലും കടന്ന് ചെന്ന് കൊണ്ട് ശത്രുവിനെ തുരത്താൻ സജ്ജമാണ് ഞങ്ങളുടെ ഹൃദയങ്ങൾ.

അബൂദുജാനക്ക് അല്ലാഹുവിന്റെ റസൂൽ സമ്മാനിച്ച വാൾ കൊണ്ട് അദ്ദേഹം നാലുഭാഗവും നാശം വിതറുകയാണ്. ആൺ ഒട്ടകപക്ഷിയുടെ തൂവൽ ശിരോലങ്കാര ചിഹ്നമെന്ന നിലയിൽ തലപ്പാവിൽ തിരുകി വെച്ചുകൊണ്ട് ഹംസ ബിൻ അബ്ദിൽ മുത്തലിബ് ഓടി നടന്ന് ശത്രുക്കൾക്ക് മരണ സന്ദേശം നൽകുന്നുണ്ട്. തക്ബീർ ധ്വനികൾ മുഴക്കികൊണ്ട് വീര മൃത്യു അല്ലെങ്കിൽ പരിപൂർണ വിജയം എന്ന നിലയിൽ ഉമർ ഖത്ത്വാബും, അലിയും, സുബൈറും, ജഅ്ഫർ ബിൻ അബീ ത്വാലിബും, മസ്അബ് ബിൻ ഉമൈറും അബൂ ഉബൈദാ ജർറാഹും പോർക്കളത്തിൽ ശത്രുക്കളെ നേരിട്ട് കൊണ്ടിരിക്കുകയാണ്. പക്ഷേ ഇപ്പോഴും ആർക്കാണ് മുൻതൂക്കമെന്ന് പറയാറായിട്ടില്ല. അവരുടെ സൈനീക പതാക ഏന്തിയിരുന്ന ഓരോരാളേയും മുസ്‌ലിം ഭടന്മാർ അരിഞ്ഞു വീഴ്ത്തി. ഇത്തരം സന്ദർഭങ്ങളിൽ പതാകയുടെ പ്രാധാന്യവും മഹിമയും സ്ഥാനവും ഞങ്ങൾ നന്നായി മനസ്സിലാക്കിയിരുന്നു. ഒരു സൈനീക പതാക ധീരതയുടേയും ശൂരതയുടേയും ചിഹ്നമാണ്. അന്തസ്സിന്റെ പ്രതീകമാണ്. സൈന്യത്തെ ഒരുമിച്ചു കൂട്ടാനുള്ള മാർഗമാണ്. അത് പോർക്കളത്തിൽ നിലത്ത് വീണാൽ അത് പരാജയ സൂചനയാണ് നൽകുന്നത്. നമ്മുടെ പതാക ഏന്തിയിരിക്കുന്നത് മസ്അബ് ബിൻ ഉമൈറാണ്.

## ശത്രുക്കളുടെ കാലുകൾ ഇടറുന്നു

ശത്രുപക്ഷത്ത് ആദ്യം തന്നെ പതാക ഏന്തിയിരുന്നത് തൽഹയായിരുന്നുവെന്നും അയാളെ അലി ബിൻ അബീത്വാലിബ് വധിച്ചുവെന്നും ഞാൻ പറഞ്ഞു

വല്ലോ. അതിനു ശേഷം മാറി മാറി അവരുടെ പതാക വഹിച്ച ഒമ്പത് പേരെ മുസ്‌ലിം ഭടന്മാർ വെട്ടി മണ്ണോടു ചേർത്തു. ഒമ്പതാമത്തെ ആളും കൊല്ലപ്പെട്ട് വീണതോടെ ആദ്യം കൊല്ലപ്പെട്ട തൽഹയുടെ നീഗ്രോ അടിമ പതാക ഏറ്റെടുത്തു. പക്ഷേ നിമിഷനേരം കൊണ്ട് തന്നെ മുസ്‌ലിം ഭടന്മാരിൽപ്പെട്ട ഒരാൾ ഒരൊറ്റ വെട്ടിന് അവന്റെ രണ്ടു കൈകളും ശരീരത്തിൽ നിന്ന് വേർപെടുത്തി. അതോടെ അവരുടെ പതാക നിലത്ത് വീണു. ധീരനായ ആ അടിമ ഛേദിക്കപ്പെട്ട തന്റെ കരങ്ങളാൽ പതാക എടുത്ത് തന്റെ നെഞ്ചോടു ചേർത്തുപിടിച്ചുവെങ്കിലും നമ്മുടെ മറ്റൊരു സഹോദരൻ നിമിഷനേരം കൊണ്ട് തന്നെ അവന്റെ കഥയും കഴിച്ചു. അതോടെ അവനും അവന്റെ പതാകയും പോർക്കളത്തിൽ വീണു. പിന്നീട് പതാക ഉയർത്തിപ്പിടിക്കാൻ ആരും തന്നെ മുന്നോട്ട് വന്നില്ല. അതോടെ അവരുടെ കാലുകൾ പതുക്കെ പതുക്കെ ഇടറാൻ തുടങ്ങി. സേനയുടെ അച്ചടക്കം താറുമാറായി. സേനയിൽ അശാന്തി പരക്കുകയും സൈനിക ചിട്ടകളും വ്യവസ്ഥകളും ശിഥിലമാവുകയും ചെയ്തു. ആ അവസരത്തിൽ അല്ലാഹുവിന്റെ റസൂൽ തക്ബീർ ധ്വനികൾ മുഴക്കികൊണ്ട് ആഞ്ഞടിക്കാൻ ഞങ്ങൾക്ക് സൂചന നൽകി. ആ ഉത്തരവ് കിട്ടേണ്ട താമസം ഞങ്ങൾ കൊടുങ്കാറ്റുകളായി മാറി. അതോടെ ശത്രുക്കളുടെ ബാക്കി ഉണ്ടായിരുന്ന ശൂരതയും ധൈര്യവും ചോർന്നില്ലാതായി. അവർ മുസ്ലിം സൈന്യത്തിനു മുന്നിൽ പതറി. അവരിൽ അസമാധാനം ഉടലെടുത്തു. അവർ ചിതറി ഓടാൻ തുടങ്ങി. ഇയ്യാംപാറ്റകളെ പോലെ. നിമിഷനേരം കൊണ്ട് രണാങ്കണം വിജനമായി കൊണ്ടിരുന്നു. അതോടെ യുദ്ധം നിലച്ചു. പരിപൂർണമായും പോരവസാനിച്ചു. മുസ്‌ലീമീങ്ങൾ വളരെ ചെറിയ സമയം കൊണ്ട് തന്നെ തങ്ങളേക്കാൾ നാലിരട്ടി വലുതും സുസജ്ജരുമായ സൈന്യത്തിനു മേൽ വിജയം കൈവരിച്ചിരിക്കുന്നു. എല്ലാവരും അല്ലാഹുവിന്ന് നന്ദി പറഞ്ഞു. മുസ്‌ലിമീങ്ങൾ വളരെ സമാധാനചിത്തരായി മാൽ ഗനീമത്ത്(യുദ്ധമുതൽ) സ്വരൂപിക്കാൻ തുടങ്ങി.

മലയിടുക്കിൽ നിയോഗിതരായിരുന്ന 50 പേരുടെ സംഘം ശത്രുക്കൾ ഓടിപ്പോയതായും പോർക്കളം വിജനമായതായും കണ്ടപ്പോൾ, അവർ തങ്ങളുടെ അമീറായ അബ്ദുല്ലാഹ് ബിൻ ജുബൈറിനോട് യുദ്ധം അവസാനിച്ചുവെന്നും ഞങ്ങൾക്ക് താഴെ ഇറങ്ങാനും മറ്റ് മുസ്‌ലിം സഹോദരങ്ങളോടൊപ്പം മാൽഗനീമത്ത് സ്വരൂപിക്കാനും അനുവാദം നൽകേണമെന്ന് പറഞ്ഞു. അബ്ദുല്ലാഹ് ബിൻ ജുബൈർ റസൂലുല്ലായുടെ വാക്കുകൾ ഓർമപ്പെടുത്തിക്കൊണ്ട് ഇവിടം വിട്ട് പോകരുതെന്ന് അവരെ ഉപദേശിച്ചു. പക്ഷേ അവരിൽ വലിയൊരു വിഭാഗം അല്ലാഹുവിന്റെ റസൂൽ പറഞ്ഞത് ശരിയാണെന്നും അത് യുദ്ധാവസ്ഥയെ കുറിച്ചാണ് പറഞ്ഞതെന്നും, ഇപ്പോൾ യുദ്ധം പരിപൂർണമായും അവസാനിക്കുകയും സമാധാനം സ്ഥാപിതമായിരിക്കുന്നുവെന്നും പറഞ്ഞ് കൊണ്ട് അമീറിനെ ധിക്കരിക്കുകയും മലയിടുക്ക് ഉപേക്ഷിച്ചുകൊണ്ട് താഴേക്ക് ഇറങ്ങുകയും ചെയ്തു. അവിടെ സംഘനേതാവ് അബ്ദുല്ലാഹ്‌യും അദ്ദേഹത്തോടൊപ്പം അഞ്ചാറ് പേരും മാത്രം ബാക്കിയാവുകയും ചെയ്തു. പിൽക്കാലത്ത് ഇസ്‌ലാമിന്റെ സേനാനായകരിൽ ഒരാളും ധൈര്യശാലിയും അതിസമർത്ഥനും യുദ്ധതന്ത്രങ്ങൾ നന്നായി വശമുള്ള ആളുമായ ഖാലിദ് ബിൻ വലീദിന്റെ കാകദൃഷ്ടികൾ ദൂരെ നിന്ന് മലയിടുക്കിൽ പതിഞ്ഞു. അത് ഒഴിഞ്ഞ് കിടക്കുന്നു. അവിടെ ഏതാനും പേർ മാത്രമേ ഉള്ളു. ഖാലിദ് ബിൻ വലീദ് ഉടൻ തന്നെ ഇക്‌രിമയോട് അടക്കം പറഞ്ഞു. രണ്ട് പേരും ഓടിപ്പോയ സൈന്യത്തെ ഒരുമിച്ചു കൂട്ടി. നിമിഷനേരം കൊണ്ട് അവർ മലയിടുക്കിൽ എത്തി. അവിടെ ഉണ്ടായിരുന്ന അബ്ദുല്ലാഹ് ബിൻ ജുബൈറിനേയും കൂടെ ഉണ്ടായിരുന്ന ഏതാനും പേരേയും ഞൊടിയിടയിൽ അരിഞ്ഞു വീഴ്ത്തിക്കൊണ്ട് മുസ്‌ലിം സൈന്യത്തിന്റെ പുറകിലെത്തി. ശത്രുക്കൾ ഓടിപ്പോയെന്നും യുദ്ധം അവസാനിച്ചുവെന്നും ധരിച്ച് സമാധാനചിത്തരായി ഗനീമത്ത് സ്വരൂപിക്കുന്നതിൽ വ്യാപൃതരായിരുന്ന മുസ്‌ലിം സൈന്യം ശത്രുകൾ തിരിച്ചുവന്നതറിഞ്ഞ് ആകെ പതറിപ്പോയി. എന്ത് ചെയ്യണമെന്നറിയാതെ അവർ പരക്കം പാഞ്ഞ് ശത്രുക്കളെ നേരിടാൻ തുടങ്ങി. ആ അവസരത്തിൽ പരിഭ്രാന്തരായ മുസ്‌ലിമീങ്ങളിൽ ഒന്നുകൂടി ആശയക്കുഴപ്പം സൃഷ്ടിക്കുവാനായി ദുർഭഗനായ ഒരവിശ്വാസി, മുസ്‌ലിമാണെന്ന ഭാവേന ഓ മുസ്‌ലിം സഹോദരന്മാരെ, കാഫിരീങ്ങൾ അതാ മറ്റെ ഭാഗത്തും ആക്രമണം അഴിച്ചുവിട്ടിരിക്കുകയാണെന്നു കള്ളം വിളിച്ച് പറയാൻ തുടങ്ങി. ഇത് കേൾക്കേണ്ട താമസം, *ചിത്ത വൈകല്യം ബാധിച്ച മുസ്‌ലിമീങ്ങൾ മറ്റെ ഭാഗത്തേക്കോടി. അവിടെ വെപ്രാളത്തിൽ സ്വന്തം സഹോദരങ്ങളോട് തന്നെ പലരും ഏറ്റുമുട്ടി. ശത്രുക്കൾ അതുതന്നെയായിരുന്നു ആഗ്രഹിച്ചിരുന്നത്. സ്വന്തമാര് ശത്രുവാര് എന്നതിരിച്ചറിവുപോലും മുസ്‌ലിമീങ്ങൾക്ക് നഷ്ടമായി. മുസ്‌ലിമീങ്ങളുടെ കരങ്ങളാൽ പല സഹോദരന്മാർക്കും പരിക്കേറ്റു. മുസ്‌ലിം പക്ഷത്ത് ധീരമായി യുദ്ധം ചെയ്തുകൊണ്ടിരുന്ന ഹുസൈഫയുടെ പിതാവ് യമാനെ വെട്ടാൻ ഓടി വന്ന മുസ്‌ലിം ഭടനോട്, അടുത്ത് തന്നെ നിൽക്കുകയായിരുന്ന ഹുസൈഫ, വെട്ടരുതേ, വെട്ടരുതേ അതെന്റെ പിതാവാണെന്ന് ആർത്ത് നില വിളിച്ച് പറഞ്ഞുവെങ്കിലും ശബ്ദകോലാഹലത്തിൽ അയാൾക്ക് ഒന്നും കേൾക്കാൻ പറ്റിയില്ല. അയാൾ വെട്ടി, ആഞ്ഞ് ആഞ്ഞ് വെട്ടി. യമാൻ പിടഞ്ഞ് വീണു മരിച്ചു. അൽപം ഉയർന്ന ഒരു

പാറപ്പുറത്തായിരുന്ന അല്ലാഹുവിന്റെ റസൂൽ, അന്ധാളിച്ചും അന്തം വിട്ടും നിന്നിരുന്ന മുസ്‌ലിം സഹോദരങ്ങളെ അത്യുച്ചത്തിൽ വിളിച്ചുവെങ്കിലും ആർപ്പുവിളിയിലും യുദ്ധാരവത്തിലും തിരുനബിയുടെ ശബ്ദം വനരോദനമായി മാറി. ആരും ഒന്നും കേട്ടില്ല. പിന്നീട് യുദ്ധത്തിന് ശേഷം റസൂലുല്ലാഹ് ഹുസൈഫക്ക് കൊല്ലപ്പെട്ട പിതാവിന് നഷ്ടപരിഹാരം നൽകാൻ ആഗ്രഹിച്ചു വെങ്കിലും ഹുസൈഫ അതു സ്വീകരിച്ചില്ല. ഞാൻ മുസ്‌ലിമീങ്ങൾക്ക് തന്റെ പിതാവിന്റെ കൊല മാപ്പാക്കിയിരിക്കുന്നു എന്നു പറയുകയുണ്ടായി.

അപ്പോഴേക്കും അവിശ്വാസികളിൽപ്പെട്ട ധീരയായ ഒരു സ്ത്രീ ഓടി വന്ന് നിലത്ത് കിടക്കുകയായിരുന്ന അവരുടെ പതാക എടുത്ത് ഉയർത്തി വീശാൻ തുടങ്ങി. അതുകണ്ട് ചിന്നിച്ചിതറി ഓടിയ ഖുറൈശി സൈന്യം വീണ്ടും ഒന്നിക്കാനും തുടങ്ങി. ഇതെല്ലാം തന്നെ ഏതാനും നിമിഷ നേരം കൊണ്ടാണ് ഉടലെടുത്തത്. അതോടെ മുസ്‌ലിമീങ്ങൾ നാല് ഭാഗത്ത് നിന്നും ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടു. മുസ്‌ലിം സൈന്യത്തിൽ അതിഭയാനകമായ അവസ്ഥ സംജാതമായി. *(ചിത്തവൈകല്യം മനസ്സ് കുഴഞ്ഞ് മറിഞ്ഞിരിക്കുന്ന അവസ്ഥ)

## അല്ലാഹുവിന്റെ റസൂലിനെയും ശത്രുക്കൾ വളഞ്ഞു

അതോടെ യുദ്ധത്തിന്റെ അവസ്ഥ ആകെ മാറി. വളരെ വ്യവസ്ഥയോടും ചിട്ടയോടും കൂടി നടന്നിരുന്ന യുദ്ധത്തിന്റെ ഗതി മാറി. മുസ്‌ലിംങ്ങൾക്ക് തെറ്റ് പറ്റി. അവർ റസൂലിന്റെ വാക്കുകൾക്ക് വ്യാഖ്യാനങ്ങൾ കണ്ടെത്താൻ ശ്രമിച്ചതിന്റെ ഫലമായി വളരെ ചെറിയ സമയം കൊണ്ട് ജയ ഭേരി മുഴക്കിയ യുദ്ധം പരാജയത്തിലേക്കും ജീവനഷ്ടത്തിലേക്കും കൂപ്പു കുത്തി. ആർത്തിരമ്പുന്ന സമുദ്രം പോലെ ശത്രുക്കൾ മുസ്‌ലീങ്ങളുടെ നേരേ പാഞ്ഞടുത്തു. അവർ മുസ്‌ലീങ്ങളെ അരിഞ്ഞ് വീഴ്ത്തി തുടങ്ങി. ധീരരും സമർഥരുമായിരുന്ന പല സഹോദരങ്ങളും വീരമൃത്യു വരിച്ചു. അല്ലാഹുവിന്റെ റസൂലിനെ വധിക്കാനായി ശത്രുക്കൾ നാലു ഭാഗവും വളഞ്ഞു. ഒരു വേള തിരുമേനിയോടൊപ്പം അധികം അനുചരന്മാർ ഉണ്ടായിരുന്നില്ല. പിന്നീട് അബൂബക്കർ, അലി, ത്വൽഹ, സുബൈർ ബിൻ അവാം, സഅദ് ബിൻ വക്കാസ്, അബൂദുജാന അൽഅൻസ്വാരി, സഅദ് ബിൻ മആസ് തുടങ്ങിയവർ ഓടി വന്ന് തങ്ങളുടെ ശരീരം കൊണ്ട് അല്ലാഹുവിന്റെ റസൂലിന് കവചം തീർത്തു. ശത്രുക്കൾ തിരുമേനിക്ക് മേൽ കല്ലും അമ്പും ഇടതടവില്ലാതെ വർഷിച്ചുകൊണ്ടിരുന്നു. കൂടെ ഉണ്ടായിരുന്നവർ അതെല്ലാം തന്നെ തങ്ങളുടെ ശരീരം കൊണ്ട് തടഞ്ഞു. എന്നിട്ടും തിരുമേനിക്ക് ചെറുതല്ലാത്ത പരിക്ക് പറ്റി. കല്ലേറു കൊണ്ടു ഒരു പല്ലു കൊഴിഞ്ഞു. ചുണ്ടും നെറ്റിയും മുറിയുകയും ചെയ്തു. ശിരോകവചം പൊട്ടി അതിന്റെ രണ്ട് ചീളുകൾ തിരുനബിയുടെ കവിളിൽ തറച്ചുകയറി. മുഖത്ത് നിന്ന് രക്തം ധാരധാരയായി ഒഴുകാൻ തുടങ്ങി. കവിളിൽ തറച്ചുകയറിയ ചീളുകൾ അബൂ ഉബൈദാ ബിൻ അൽ ജർറാഹ് തന്റെ പല്ല്കൊണ്ട് വളരെ സാഹസത്തോടെ കടിച്ച് വലിച്ച് പുറത്തെടുത്തു. അതിന്റെ ഫലമായി അദ്ദേഹത്തിന് രണ്ടു പല്ലുകൾ നഷ്ടമായി. തന്റെ മുഖത്ത് നിന്ന് ഒലിച്ച് കൊണ്ടിരിക്കുന്ന രക്തം നോക്കി തിരുമേനി പറഞ്ഞു. *''കൈഫ യഫ്‌ലഹു ഖൗമുൻ ഖളബു വജ്ഹ നബിയ്യിഹിം ബിദ്ദമി വഹും യദ്ഊന ഇലാ റബ്ബിഹിം.* (തങ്ങളുടെ നാഥനിലേക്ക് വിളിക്കുന്ന നബിയെ, രക്തത്തിൽ കുളിപ്പിച്ച ഈ ജനത എങ്ങിനെ വിജയം പ്രാപിക്കാനാണ്) പിന്നീട് തിരുമേനി പറഞ്ഞു *അല്ലാഹുമ്മ ഇഗ്ഫിർ ലി ഖൗമി ഫഇന്നഹും ലാ യഅ്‌ലമൂൻ* (അല്ലാഹുവേ എന്റെ ജനങ്ങൾക്ക് നീ പൊറുത്തു കൊടുക്കേണമേ അവർ അറിവില്ലായ്മകൊണ്ട് ചെയ്തുപോയതാണ്)

ആയിടയ്ക്ക് മുഹമ്മദി(സ)നെ വധിച്ചു വെന്ന് ശത്രുക്കൾ കള്ളപ്രചരണം നടത്തുകയുണ്ടായി. അത് യുദ്ധം ചെയ്തു കൊണ്ടിരുന്ന മുസ്‌ലിം ഭടന്മാരെ കുറച്ചൊന്നുമല്ല തളർത്തിയത്. അത് കേട്ടവരിൽ ചിലർ ഇനി എന്തിന് ജീവിക്കണം, ഇനി എന്തിന് യുദ്ധം ചെയ്യണം എന്ന് ചിന്തിച്ച്കൊണ്ട് മദീനയിലേക്ക് തിരിക്കുക പോലും ചെയ്തു. ഈ വാർത്ത കേട്ട ഫാതിമത്തുസ്സുഹ്റ ഉഹ്ദിലേക്ക് കുതിച്ചു. അവർ തന്റെ വന്ദ്യ പിതാവിനെ യുദ്ധഭൂമിയിൽ കണ്ടെത്തി. മുറിവുകൾ കഴുകി വൃത്തിയാക്കിയെങ്കിലും രക്തം നിലക്കുന്നില്ല. അവസാനം അവർ ഒരു ചെറിയ കഷ്ണം പായ കൊണ്ട് വന്ന് കത്തിച്ചു, അതിന്റെ ചാരം മുറിവിൽ വെച്ച് കെട്ടിയപ്പോൾ രക്തം നിന്നു. (തുടരും)


**കടപ്പാട് & അവലംബം**

1. സീറത്ത് ഖാത്തമുന്നബിയ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)
2. സീറത്ത് സഹാബാ റസൂലുല്ലാഹ് (സ.അ) By മൗലാനാ മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്‌വ
3. ഹദ്റത്ത് ബിലാൽ (റ) By ഹസ്സൻ മുഹമ്മദ് ഖാൻ സാഹിബ്. റബ്‌വ.
4. ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ് റബ്‌വ.
5. താരീഖുൽ അമ്പിയാ, വ സഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്.
6. സബറോ ഇസ്തിഖാമത്ത് കെ ശഹ്സാദെ By മൗലാനാ അബ്ദുസ്സമീഅ് ഖാൻ സാഹിബ് റബ്‌വ.
7. ദീപാച തഫ്സീറുൽ ഖുർആൻ By ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനീ (റ)
8. ഹദ്റത്ത് അസ്മ ബിൻത് അബീബക്കർ By താഹിറാ രിയാസ് സാഹിബ, കറാച്ചി
9. മസാമീൻ ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മയീൽ സാഹിബ് (റ) വാള്യം 5
10. സീറത്ത് റസൂൽ നുബുവ്വത്ത് സെ ഹിജ്റത്ത് തക് By ബുശ്റ ദാവൂദ് സാഹിബ, റബ്‌വ.
11. സീറത്ത് റസൂൽ ഹിജ്റത്ത് സെ വിസാൽ തക് By അമതുൽ ബാരി നാസ്സിർ സാഹിബ, കറാച്ചി
12. ഹമാരാ ആക്കാ By ശേഖ് മുഹമ്മദ് ഇസ്മായീൽ സാഹിബ് പാനിപതി
13. ഉസ് വയെ ഇൻസാനെ കാമിൽ By മൗലാനാ മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്‌വ
14. മീഡിയ ലൈബ്രറി അൽഇസ്ലാം ഡോട് ഓർഗ്
15. അൽ ഫസൽ, ഉറുദു ദിന പത്രങ്ങൾ റബ്‌വ

കുറിപ്പുകൾ

# പരിണാമ സിദ്ധാന്തവും മതങ്ങളും

## മുസാഫിർ

കേന്ദ്ര മാനവവിഭവ ശേഷി സഹമന്ത്രി ശ്രീ സത്യപാൽ സിങ്ങ് ഡാർവിന്റെ പരിണാമ സിദ്ധാന്തം ശാസ്ത്രീയമായി തെറ്റാണെന്നും സ്കൂളുകളിലേയും കോളേജുകളിലേയും പാഠ്യപദ്ധതികളിൽ നിന്ന് ഇത് മാറ്റേണ്ടതുണ്ടെന്നും പ്രസ്താവിക്കുകയുണ്ടായി. ഭൂമിയിൽ മനുഷ്യനെ കാണാനാരംഭിച്ചത് മുതൽ അവൻ എപ്പോഴും മനുഷ്യനാണ്. നമ്മുടെ പൂർവികരടക്കം ആരും കുരങ്ങ് മനുഷ്യനായി പരിണമിച്ചെന്ന് എഴുതിവെക്കുകയോ വാമൊഴിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഒരു ഗ്രന്ഥത്തിലും ഇങ്ങനെ പറയുന്നില്ല. നമ്മുടെ മുത്തച്ഛനോ മുത്തശ്ശിയോ പറഞ്ഞു തന്ന കഥകളിലും ഇത്തരം പരാമർശങ്ങളില്ല. എന്നും ശ്രീ സത്യപാൽ സിങ്ങ് പറഞ്ഞു. (മാതൃഭൂമി, 21 ജനുവരി 2018) ഈ പ്രസ്താവനക്കെതിരെ ഇന്ത്യയിലെ ശാസ്ത്ര സമൂഹം വൻപ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി. ശ്രീ സിങ്ങിന്റെ പ്രസ്താവന 'ശാസ്ത്രീയമായി തെറ്റും അമിത ലളിതവത്ക്കരണവും യാതൊരു ശാസ്ത്രീയ അടിത്തറയുമില്ലാത്തവയും ആണെന്നും' അവർ പറഞ്ഞു. പരിണാമ സിദ്ധാന്തം ശാസ്ത്ര സമൂഹം തള്ളിക്കളഞ്ഞാണെന്ന മന്ത്രിയുടെ പ്രസ്താവന വസ്തുതാപരമായിതന്നെ തെറ്റാണെന്നും ശാസ്ത്ര സമൂഹത്തിന്റെ വക്താവ് അനികേത് സുലു പറഞ്ഞു. മുബൈയിലെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, പൂനെയിലെ നാഷണൽ സെന്റർ ഫോർ റേഡിയോ ആസ്ട്രോഫിസിക്സ്, ബാംഗ്ലൂരിലെ നാഷണൽ സെന്റർ ഫോർ ബയോളജിക്കൽ സയൻസസ്, ഐഐടി ബോംബെ, ഹൈദരാബാദിലെ സെന്റർ ഫോർ സെല്ലുല്ലാർ & മോളികൂളർ ബയോളജി എന്നീ ശാസ്ത്ര സ്ഥാപനങ്ങളിൽ നിന്നുള്ള രണ്ടായിരത്തോളം ശാസ്ത്രജ്ഞന്മാരുടെ ഒപ്പ് ശേഖരിച്ച് മന്ത്രിയുടെ പ്രസ്താവനക്കെതിരെ പ്രധാനമന്ത്രിക്ക് സമർപ്പിക്കുമെന്നും മന്ത്രിയോട് ആ പ്രസ്താവന പിൻവലിക്കാൻ ആവശ്യപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. (Indian Express January 22, 2018)

മനുഷ്യന്റെ ഉദ്ഭവത്തെ സംബന്ധിച്ച് മതവും ശാസ്ത്രവും അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഈ വിഷയം ദൈവശാസ്ത്രത്തിന്റെയും ജൈവശാസ്ത്രത്തിന്റെയും മണ്ഡലത്തിൽ ഒരുപോലെ പ്രാധാന്യമുള്ളതാണ്. പ്രപഞ്ച സ്രഷ്ടാവായ ദൈവത്തിൽ നിന്ന് ഉദ്ഭവിച്ച എല്ലാ മതങ്ങളും പ്രപഞ്ചോത്ഭവത്തെ പറ്റിയും മനുഷ്യോൽപത്തിയെ പറ്റിയും അഭിപ്രായം പറയുക സ്വാഭാവികമാണ്. അത്യന്തം സംഗ്രഹീതവും അർഥധ്വനികളുള്ളതും ഗൂഢാത്മകവുമായ ഭാഷയിൽ ആവിഷ്കൃതമാവുന്നതുമാണ് ദൈവ വചനങ്ങൾ. അതിൽ ഭൗതിക പ്രപഞ്ചത്തെ പറ്റി പരാമർശങ്ങളുണ്ടെങ്കിൽ അവതരണ കാലത്തെ ഭൗതിക ജ്ഞാനത്തിന്റെ നിലവാരമനുസരിച്ചാണ് അത് ഗ്രഹിക്കപ്പെടുക. മതങ്ങളുടെ ആത്യന്തിക ലക്ഷ്യം ആത്മീയവും ധാർമികവുമായ മോക്ഷമാണെന്നിരിക്കെ ദൈവവചനങ്ങളിലടങ്ങിയ ഭൗതിക വിജ്ഞാനങ്ങൾ അതിന് ഒഴിച്ചുകൂടാനാകാത്ത ഒരു ഘടകമല്ല. ഭൗതിക വിജ്ഞാനങ്ങൾ ആർജിച്ചിട്ടില്ലെങ്കിലും അത് മനുഷ്യന്റെ ആത്മീയ മോക്ഷത്തിന് വിഘാതം സൃഷ്ടിക്കുന്നില്ല. ദൈവികാരാധനയും ജീവിതവിശുദ്ധിയും സാത്വികതയുമാണ് ആത്മീയ മോക്ഷത്തിന് ആധാരം. പക്ഷേ ഭൗതിക വിജ്ഞാനങ്ങൾ അനിഷേധ്യമാം വിധം വെളിപ്പെടുത്തിയ സത്യങ്ങളുടെ അടിസ്ഥാനത്തിൽ മതഗ്രന്ഥങ്ങളിൽ പ്രതിപാദിച്ച ഭൗതിക കാര്യങ്ങൾ പുനർവായനക്കും പുനരാഖ്യാനത്തിനും വിധേയമാക്കാൻ മതവിശ്വാസികൾ തയ്യാറാകണം. ദൈവചനങ്ങൾ ആലങ്കാരികമോ പ്രതീകാത്മകമോ ആണെങ്കിൽ അത്തരം പരാമർശങ്ങൾ അക്ഷരാർഥത്തിലെടുക്കരുത്. പല കാര്യങ്ങളിലും മനുഷ്യന്റെ കാലികമായ വൈജ്ഞാനിക പരിമിതികളെ പറ്റിയും കണക്കിലെടുക്കണം. പരമാബദ്ധങ്ങളാണെങ്കിൽ അവ പിൽക്കാലത്ത് മതഗ്രന്ഥങ്ങളിൽ കടന്ന് കൂടിയ മാനുഷിക കൃതിപ്പുകളാണെന്ന് മനസ്സിലാക്കണം. വാസ്തവത്തിൽ ദിവ്യസൂക്തങ്ങൾ ദൈവത്തിന്റെ വചനവും ശാസ്ത്രം കണ്ടെത്തിയ പ്രകൃതി നിയമങ്ങളും പ്രതിഭാസങ്ങളും ദൈവത്തിന്റെ പ്രവർത്തിയുമാണ്. ദൈവ വചനങ്ങൾ മനസ്സിലാക്കുന്നതിലും അത് ആചരിക്കുന്നതിലുമുള്ള രീതിശാസ്ത്രവും ശാസ്ത്രത്തിന്റെ രീതിശാസ്ത്രവും തികച്ചും വ്യത്യസ്തങ്ങളാണ്. മതത്തിന്റേയും ശാസ്ത്രത്തിന്റേയും സാഹിത്യാവിഷ്ക്കാരങ്ങളിലും ഭാഷയിലും വ്യത്യാസമുണ്ട്. മതത്തിന്റെ ഭാഷ പലപ്പോഴും സംഗൃഹീതവും ദൈവബോധം ജനിപ്പിക്കുന്നതും വ്യാഖ്യാന

സാദ്ധ്യതയുള്ളതും ആലങ്കാരികവും പ്രതീകാത്മകവും രൂപകങ്ങൾ അടങ്ങിയതും സനാതനത്വമുള്ളതും വികാരസാന്ദ്രവും നൂറ്റാണ്ടുകളുടെ പരായണങ്ങൾക്ക് വിധേയമാവുന്നതുമാണ്. ശാസ്ത്ര ഭാഷ നിയതമായ യുക്തിഭാഷയിലുള്ളതും സൂത്രവാക്യങ്ങളടങ്ങിയ വിവരണങ്ങളുമാണ് നൽകുക. യഥാർഥ ദൈവ വചനവും യഥാർഥ ശാസ്ത്രവും തമ്മിൽ വൈരുദ്ധ്യങ്ങളുണ്ടാകാൻ പാടില്ല. വാക്കും പ്രവർത്തിയും ഒന്നായിരിക്കണം എന്ന സനാതന തത്ത്വം ഇവിടെയും ബാധകമാണ്.

നമ്മിൽ പലരുടെയും ഒരു തെറ്റിദ്ധാരണ ശാസ്ത്രം ഭൗതികജ്ഞരായ ശാസ്ത്ര ജ്ഞന്മാരുടെ സൃഷ്ടിയാണെന്നാണ്. ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ നിയമങ്ങൾ കണ്ടെത്തുകയാണ് ശാസ്ത്രം ചെയ്യുന്നത്. അതും തെറ്റിയും തിരുത്തിയുമാണ് ശാസ്ത്രം മുന്നേറുന്നത്. ശാസ്ത്രം ശാസ്ത്ര സത്യങ്ങളുടെ സ്രഷ്ടാവല്ല. ദ്രഷ്ടാക്കൾ മാത്രമാണ് അഥവാ കണ്ടുപിടുത്തക്കാർ മാത്രമാണ്. ഉദാഹരണത്തിന് ഭൂമി ഉരുണ്ടതാണെന്ന് ശാസ്ത്രജ്ഞന്മാരാണല്ലോ കണ്ടെത്തിയത്. അന്ന് മുതലല്ല ഭൂമി ഗോളാകാരം സ്വീകരിച്ചത്. പണ്ടേ ഉരുണ്ട ഭൂമിയെ തങ്ങൾ കണ്ടുപിടിച്ചു എന്നതിന് പകരം അത് സൃഷ്ടിച്ചത് ഞങ്ങളാണ് എന്ന ധാർഷ്ട്യ ഭാവത്തോടെയാണ് ഈ പ്രകൃതി സത്യം ശാസ്ത്രം അവതരിപ്പിക്കുന്നതെങ്കിൽ ആ അൽപ്പത്തരം നാം തിരിച്ചറിയണം. ദൈവം ഗോളാകൃതിയിൽ സൃഷ്ടിച്ച ഭൂമിയെ അത്രയും വികസിക്കാത്ത മനുഷ്യന്റെ ശാസ്ത്ര ബുദ്ധി കണ്ടെത്താൻ വൈകി എന്നതാണ് യഥാർഥ്യം. സ്രഷ്ടാവുമായുള്ള മത്സരത്തിൽ കേവലം സൃഷ്ടിയായ മനുഷ്യൻ ഏറെ പിന്നിലാണ്.

അതുപോലെ മതവിശ്വാസികൾക്ക് പറ്റിയ ഒരു ധാരണപ്പിശകാണ് ദൈവം മനുഷ്യനെ പെട്ടെന്ന് സൃഷ്ടിച്ചു എന്നത്. പരിണാമത്തിലൂടെയാണ് മനുഷ്യസൃഷ്ടി സംഭവിച്ചത് എന്നതിന് ആധുനിക ശാസ്ത്രം അനിഷേധ്യമായ തെളിവു നൽകുന്നു. മനുഷ്യന്റെ ഉദ്ഭവത്തെ സംബന്ധിച്ച് ബഹുഭൂരിപക്ഷം മതവിശ്വാസികളും കരുതുന്നത് ആദിമനുഷ്യനെ ദൈവം ഇന്ന് കാണുന്ന അതേ ആകൃതിയിൽ തുടക്കത്തിൽ തന്നെ സൃഷ്ടിച്ചു എന്നാണ്. മനുഷ്യോത്ഭവത്തെ പറ്റി സ്ഥിരീകരിക്കപ്പെട്ട ശാസ്ത്രീയ സത്യങ്ങളുടെ അടിസ്ഥാനത്തിൽ ഈ സങ്കൽപ്പം തെറ്റാണ്. അനിഷേധ്യമാം വിധം വെളിപ്പെട്ട ശാസ്ത്ര സത്യങ്ങളുടെ വെളിച്ചത്തിൽ മതഗ്രന്ഥങ്ങളെ പരിശോധിക്കുകയും പുനർവ്യാഖ്യാനിക്കുകയുമാണ് വേണ്ടത്. അതാണ് സത്യസന്ധമായ ദൈവിക മാർഗം. പുരാണങ്ങളിലും ഇതിഹാസങ്ങളിലും പറയാത്ത കാര്യം പാഠശാലകളിൽ പഠിപ്പിക്കരുത് എന്ന മന്ത്രിയുടെ പ്രസ്താവന നടപ്പിലാക്കിയാൽ അത് നമ്മുടെ ശാസ്ത്രീയ വിദ്യാഭ്യാസത്തെ എവിടെ കൊണ്ടെത്തിക്കും? ഇന്ത്യയിലെ പ്രബുദ്ധരായ അക്കാദമിക് സമൂഹത്തിന് നേതൃത്വം നൽകേണ്ട മന്ത്രി ഇത്തരം പുരാണകൽപ്പിതമായ സങ്കൽപ്പങ്ങളെ അടിസ്ഥാനമാക്കിയുള്ള കാര്യങ്ങളിൽ അഭിപ്രായം പറയാതിരിക്കുകയാണ് വേണ്ടത്. ഭാഗ്യവശാൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രി പ്രകാശ് ദാവേക്കർ തന്റെ സഹ മന്ത്രി സത്യപാൽ സിങ്ങിനെ താക്കീത് ചെയ്ത് കൊണ്ട് ഇത്തരം വിഷയങ്ങളിൽ മിണ്ടാതിരിക്കണമെന്ന് ശാസിക്കുകയുണ്ടായി. (വായടക്കാൻ സഹമന്ത്രിയോട് ജാവേദ്ക്കർ – മലയാള മനോരമ 24 ജനുവരി 2018)

മനുഷ്യ പരിണാമം എന്ന പ്രതിഭാസം സത്യവും ശാസ്ത്രീയവുമാണ്. എന്നാൽ ഡാർവിനിസ്റ്റ് പരിണാമ വാദത്തിലെ അയുക്തികമായ ഒരു സങ്കൽപ്പമാണ് പ്രകൃതി നിർദ്ധാരണവും (Natural Selection) ഉൽപരിവർത്തനവും (Mutation). ഈ സങ്കൽപങ്ങളെയാണ് നാം എതിർക്കുന്നത്. അതായത് മനുഷ്യനടക്കമുള്ള അതിസങ്കീർണവും ധൈഷണിക ബോധവുമായ ജൈവ രൂപ ങ്ങൾ ആകസ്മികമായി പരിണാമ ഗതിയിൽ താനെ സംഭവിച്ചതാണ്. ഇതിനെയാണ് പ്രകൃതിയുടെ സ്വയം തിരഞ്ഞെടുപ്പ് എന്ന് പറയുന്നത്. പ്രാഥമിക ജൈവകണം മുതൽ ആകസ്മികമായുണ്ടായ മാറ്റങ്ങൾ അടുത്ത തലമുറയിലേക്ക് മാറ്റപ്പെടുകയും രൂപഘടനയിൽ മാറ്റമുണ്ടായി ഒടുവിൽ മനുഷ്യ നായി തീരുകയും ചെയ്തു എന്നാണ് വാദം. അതായത് ഒരു ആസൂത്രണവുമില്ലാതെ ബോധശൂന്യമായ പ്രകൃതിയിൽ ആകസ്മികമായി സംഭവിച്ചതാണ് മനുഷ്യന്റെ ആവിർഭാവം.! മനുഷ്യ ശരീരത്തിലെ ഒരു സൂക്ഷ്മ കോശത്തിൽ പോലും മനുഷ്യബുദ്ധിയെ ആശ്ചര്യപ്പെടുത്തുന്ന അത്ഭുതാവഹമായ ക്രമവ്യവസ്ഥയും സംഘാടനവുമാണുള്ളത് എന്നോർക്കണം. ശാസ്ത്രമെന്ന പേരിൽ ഡാർവിസ്റ്റുകൾ അവതരിപ്പിക്കുന്ന ഈ അയുക്തിക കൽപ്പിത സങ്കൽപ്പമാണ് എതിർക്കപ്പെടേണ്ടത്. നാസ്തികന്മാരായ ഡാർവിനിസ്റ്റുകളുടെ ദൈവത്തെ ഒഴിവാക്കാനുള്ള ഒരു വൃഥാശ്രമമാണിത്. പക്ഷേ സർവജ്ഞാനിയായ ഒരു ധൈഷണിക ബോധത്തിന്റെ അനിവാര്യമായ സാന്നിദ്ധ്യമില്ലാതെ ഈ മഹാപ്രഹേളിക പൂരിപ്പിക്കാൻ സാധ്യമല്ല. ധിഷണാ ബോധവും സർഗശേഷിയുമില്ലാത്ത പ്രകൃതിക്ക് എങ്ങനെ പ്രകൃതിശക്തികളെ തന്നെ നിയന്ത്രിക്കാൻ കഴിയുന്ന മനുഷ്യനെ പോലെയുള്ള ജീവരൂപങ്ങളെ സൃഷ്ടിക്കാൻ കഴിയുക.? മനുഷ്യാനുഭവത്തിൽ ആസൂത്രകനില്ലാതെ അങ്ങനെ യാതൊരു സൃഷ്ടിയും നടക്കുക സാദ്ധ്യമല്ല. ജീവനില്ലാത്ത ജലം പോലും ആ രൂപത്തിൽ ഭൂമിയിൽ നിലനിൽക്കണമെങ്കിൽ വ്യവസ്ഥാപിതവും ക്രമം പാലിക്കുന്നതുമായ ഒരു ബ്രഹ്മാണ്ഡ രൂപകൽപ്പനയും ആസൂത്രണവും ആവശ്യമാണെന്നിരിക്കെ ബോധശൂന്യമായ പ്രകൃതിയാണ് അതെല്ലാം സൃഷ്ടിച്ചതെന്ന ഡാർവിനിസ്റ്റ്

പരികൽപ്പനകൾ സ്വീകരിക്കാൻ യുക്തി അനുവദിക്കുന്നില്ല. അത് നാസ്തികരുടെ ഒരു അന്ധവിശ്വാസം മാത്രമാണ്!

മനുഷ്യൻ അവന്റെ പൂർവഗാമിയിൽ നിന്നുതന്നെ പരിണമിച്ചുണ്ടായവനാണ്. അത് മനുഷ്യന്റെ തന്നെ സവിശേഷമായ ജനിതക പാരമ്പര്യ ശ്രേണിയിലൂടെ പരിണമിച്ചുണ്ടായതാണ്. ഡാർവിനിസ്റ്റ് മൗലിക വാദികൾ പറയുന്നത് പോലെ കുരങ്ങിൽ നിന്നും ഉണ്ടായവനല്ല. കുരങ്ങിനും മനുഷ്യനും കൂടി ഒരു പൂർവപിതാവ് ഉണ്ടായിരുന്നിട്ടുമില്ല. മനുഷ്യഭ്രൂണത്തിന്റെ പരിണാമഘട്ടങ്ങൾ നിരീക്ഷിച്ചാലും മറ്റുജീവികളുമായി ഇത്തരം സാമ്യങ്ങൾ കാണാം. പുരാതന മനുഷ്യന്റെ ഫോസിലുകളിൽ നിന്ന് ലഭിച്ച ശാരീരിക സവിശേഷതകൾക്ക് കുരങ്ങുമായി സാമ്യമുണ്ടായിരിക്കാം. എങ്കിൽ തന്നെ ജനിതകപരമായും മറ്റുമാനുഷിക പ്രത്യേകതകൾ കൊണ്ടും മനുഷ്യന്റെ പൂർവപിതാവ് വിഭിന്നനായിരിക്കും എന്നതാണ് യുക്തിചിന്ത നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്. മനുഷ്യൻ തന്റെ ജനിതക മുദ്രകളുള്ള പൂർവ ജീവരൂപത്തിൽ നിന്നാണ് പരിണമിച്ചു വന്നത്. ഇതാണ് ശാസ്ത്രീയ യുക്തി.

ഹിന്ദുമതം മാത്രമല്ല ക്രിസ്ത്യാനികളും ഭൂരിപക്ഷ മുസ്ലിംകളും വിശ്വസിക്കുന്നത് ദൈവം പൊടുന്നനെ ഒരുമാന്ത്രികനെ പോലെയോ കുശവനെപ്പോലെയോ മനുഷ്യസൃഷ്ടി നടത്തി എന്നാണ്. ഇതിനെയാണ് സൃഷ്ടിവാദം (Creationism) എന്ന് വിളിക്കുന്നത്. അതിന് വിപരീതമായി മനുഷ്യൻ പരിണമിച്ച് ക്രമപ്രവൃദ്ധമായിട്ടാണ് പ്രപഞ്ചത്തിൽ പ്രാദുർഭവിച്ചതെന്നാണ് പരിണാമ വാദം (Evolutionism) പറയുന്നത്. ഇസ്ലാം മതത്തിന്റെ മതഗ്രന്ഥമായ വിശുദ്ധ ഖുർആന്റെ സൂക്ഷ്മ വായനയിൽ പരിണാമത്തിലൂടെയാണ് മനുഷ്യൻ നിലവിൽ വന്നത് എന്ന് വ്യക്തമായും മനസ്സിലാവും. പൊടുന്നനെയല്ല ദൈവം ആദിമനുഷ്യനെ സൃഷ്ടിച്ചത് എന്നാണ് ഖുർആന്റെ പക്ഷം. അതായത് ആസ്തിക പരിണാമ (Theistic evolution) ത്തിലാണ് നാം വിശ്വസിക്കേണ്ടത്.

ഹിന്ദുമതത്തിൽ പ്രപഞ്ചത്തിന്റെയും ജീവന്റെയും ഉത്ഭവത്തെ പറ്റി വേദങ്ങളിലും ബ്രാഹ്മണ്യങ്ങളിലും ഉപനിഷത്തുകളിലും പുരാണങ്ങളിലുമായി പലവിധത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. അതിൽ ചില സങ്കൽപ്പങ്ങൾ ഗഹനാർഥങ്ങൾ ഉൾക്കൊള്ളുന്നതാണെന്നതിൽ സംശയമില്ല. ആധുനിക ശാസ്ത്ര സങ്കൽപ്പങ്ങളുമായി താരതമ്യം ചെയ്ത് അതിൽ പലതും വിശദീകരിക്കപ്പെട്ടിട്ടുമുണ്ട്. ദൈവം മനുഷ്യനെ പൊടുന്നനെ സൃഷ്ടിച്ചു എന്ന ശാസ്ത്ര വിരുദ്ധമായ സങ്കൽപ്പത്തിന്റെ പ്രാമാണിക മതരേഖ വിശുദ്ധ ബൈബിളിലാണുള്ളത്. അതിൽ പറയുന്നത്:

***'കർത്താവായ ദൈവം ഭൂമിയിലെ പൊടികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തി അയാളുടെ നാസാദ്വാരത്തിലേക്ക് ജീവശ്വാസം ഊതി. അങ്ങനെ മനുഷ്യന് ജീവൻ ഉണ്ടായി.'(ഉൽപ്പത്തി 2:7)***

മുസ്ലിംകളിൽ ബഹുഭൂരിപക്ഷവും ബൈബിൾ വിശ്വാസത്തിന് സമാനമായി ദൈവം പെട്ടെന്ന് ആദമിനെ സൃഷ്ടിച്ച് സ്വർഗത്തിലിട്ടു എന്ന് വിശ്വസിക്കുന്നവരാണ്. അങ്ങനെ സ്വർഗീയ ജീവിതത്തിനിടക്ക് ഒരു വിലക്ക് ലംഘിച്ചതിന്റെ ഫലമായി ആദിപിതാവായ ആദമിനെയും പത്നിയേയും ഭൂമിയിലേക്ക് നാടുകടത്തി എന്നാണ് മുസ്ലിം ക്രിസ്ത്യൻ ബഹുഭൂരിപക്ഷ വിശ്വാസികളുടെയും മനുഷ്യോത്ഭവ സങ്കൽപ്പം. എന്നാൽ ഖുർആൻ വ്യക്തമായും ഈ സങ്കൽപ്പത്തിനെതിരാണ്. ഇപ്രകാരം പൊടുന്നനെ മനുഷ്യ സൃഷ്ടി നടത്തുന്നത് ദൈവ മഹത്വത്തിന് എതിരാണെന്ന് കൂടി വിശുദ്ധ ഖുർആൻ പറയുന്നു:

***'നിങ്ങൾക്കെന്ത് പറ്റി? അല്ലാഹുവിന്റെ മഹത്വത്തെ നിങ്ങൾ വകവെച്ചുകൊടുക്കാൻ ആഗ്രഹിക്കുന്നില്ലേ? വാസ്തവത്തിൽ അവൻ നിങ്ങളെ വിവിധ രൂപങ്ങളിലും നിരന്തരം മാറിക്കൊണ്ടിരിക്കുന്ന അവസ്ഥകളിലും സൃഷ്ടിച്ചില്ലേ?'(വി. ഖുർആൻ 71:14,15) 'നിങ്ങൾ തീർച്ചയായും ഒരു ഘട്ടത്തിൽ നിന്ന് മറ്റൊരു ഘട്ടത്തിലേക്ക് പോയ്ക്കൊണ്ടിരിക്കും.' (വി.ഖുർആൻ 84:20)***

പ്രാഥമിക ജൈവകണത്തിൽ നിന്ന് ഉദ്ഭവിച്ച മനുഷ്യൻ കോടാനുകോടി വർഷം കൊണ്ട് വിവിധ പരിണാമഘട്ടങ്ങളിലൂടെ പുരോഗമിച്ചാണ് ഇപ്പോൾ സുഭഗമായ ആകൃതിയിലും പ്രകൃതിയിലും എത്തിച്ചേർന്നത്. എന്ന് മാത്രമല്ല പരിണാമത്തിലൂടെ ഇന്ന് കാണുന്ന മനുഷ്യന്റെ രൂപം ഭാവിയിൽ മറ്റൊരു രൂപത്തിലേക്ക് രൂപാന്തരപ്പെടുമെന്നും ഖുർആനിൽ സൂചനകളുണ്ട്. അതായത് പ്രകൃതിയുടെ സാഹചര്യവും പരിസ്ഥിതിയും മാറുകയും ജനിതക പരിവർത്തനം തുടരുകയും ചെയ്യുകയാണെങ്കിൽ തീർച്ചയായും മനുഷ്യ പരിണാമം ഇനിയും വിവിധ ഘട്ടങ്ങളിലൂടെ പുരോഗമിക്കുമെന്നുതന്നെയാണ് വിശുദ്ധ ഖുർആനിലെ സൂചന. മനുഷ്യ പരിണാമത്തിന്റെ ഭാവിയെ സംബന്ധിച്ച് അത്ഭുതകരവും അർഥവത്തായതുമായ ഒരു ഖുർആൻ പരാമർശമിതാണ്.

***'അല്ലാഹു ആകാശങ്ങളേയും ഭൂമിയേയും യാഥാർഥ്യത്തിന് നിരക്കുന്ന വിധത്തിൽ സൃഷ്ടിച്ചത് നീ കാണുന്നില്ലേ അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ നിങ്ങളെ അവൻ നശിപ്പിക്കുകയും നിങ്ങളുടെ സ്ഥാനത്ത് ഒരുപുതിയ സൃഷ്ടിയെ കൊണ്ടുവരികയും ചെയ്യുന്നതാണ്. അല്ലാഹുവിന് അത് പ്രയാസമുള്ള കാര്യമല്ല.' (വി. ഖുർആൻ 4: 20-21) 'അവരെ സൃഷ്ടിച്ചതും അവരുടെ ശരീരഘടനയെ ബലപ്പെടുത്തിയതും നാമാണ്. നാം ഉദ്ദേശിക്കുന്നതായാൽ അവരുടെ രൂപം തികച്ചും വ്യത്യസ്തമായ മറ്റൊരു***

# തിരുനബി കീർത്തനവും മതമൈത്രീ സംഗമവും

കോഴിക്കോട്: ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ വനിതാ വിഭാഗമായ ലജ്നാ ഇമായില്ലായുടെ ആഭിമുഖ്യത്തിൽ ജനുവരി 13 ന് ടൗൺ ഹാളിൽ 'തിരുനബി കീർത്തനവും മതമൈത്രീ സംഗമവും' വിവിധ പരിപാടികളോടെ അരങ്ങേറി. ഉച്ചക്ക് 2 മണിക്ക് നടന്ന നബി കീർത്തന യോഗം പ്രശസ്ത എഴുത്തുകാരി ഡോ. കെ.പി സുധീര ഉദ്ഘാടനം ചെയ്തു. ലജ്നാ ഇമായില്ലാ അഖിലേന്ത്യാ വൈസ് പ്രസിഡന്റ് നുസ്രത്ത് സാഹിബ ആധ്യക്ഷത വഹിച്ചു. യോഗത്തിൽ കോഴിക്കോട് പ്രസിഡന്റ് നസീറാ സാഹിബ, കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ ആയിശാ ബി സാഹിബ, സമീറാ സാഹിബ , റൗഫ് റൂമി സാഹിബ എന്നിവർ പ്രസംഗിച്ചു. ഖുർആൻ പാരായണം സുഹറാബി സാഹിബയും, പദ്യം നാസിയ സുൽത്താനാ സാഹിബയും പർവീൺ സാഹിബയും നിർവഹിച്ചു. തുടർന്ന് നസീറാ സാഹിബയുടെ അധ്യക്ഷതയിൽ നടന്ന മതമൈത്രീ സംഗമം നുസ്രത്ത് സാഹിബ ഉദ്ഘാടനം ചെയ്തു. വനിതാ കമ്മീഷൻ അംഗം ശ്രീമതി ടി. ദേവി, പ്രൊവിഡൻസ് ഹൈസ്കൂൾ പ്രിൻസിപ്പാൾ സിസ്റ്റർ ജസീന, രാമകൃഷ്ണ ശാരദാ മിഷൻ അംഗം സ്വാമിനി ശിവാനന്ദ് പുരി , ഐ. കെ സാജിത സാഹിബ, ഫെമിന സാഹിബ, എന്നിവർ പ്രഭാഷണം നടത്തി. ഖുർആൻ പരായണം സെമിയ്യ സാഹിബയും ഗാനം മുബശ്ശിറ സഹിബ, ശിഫ സാഹിബയും നന്ദി എ. പി സാലിഹാ സാഹിബയും നിർവഹിച്ചു.

# എം. പി. അബ്ദുറഹ്മാൻ സാഹിബ്



കോഴിക്കോട് ജമാഅത്തിലെ എം.പി. അബ്ദുറഹ്മാൻ സാഹിബ് (68) 08.12.2017 ന് വഫാത്തായി, ഇന്നാലില്ലാഹ്.... ഭാര്യ സുഹറാബി സാഹിബ. മക്കൾ ജംശീന, സനീറ, ഹൈറുന്നീസ, താഹിർ അഹ്മദ്. മരുമക്കൾ കെ.വി. വസീം അഹ്മദ്, കെ.എസ്സ്. മുനവ്വർ അഹ്മദ്, പി.ടി. സർജാസ്, മുഹ്സിന. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

---

പേജ് 34 ൽ നിന്ന് തുടർച്ച


***രൂപത്തിൽ നാം മാറ്റിക്കളയുന്നതാണ്.' (വി. ഖുർആൻ 70: 41) 'അല്ല കിഴക്കിന്റേയും പടിഞ്ഞാറിന്റേയും നാഥനെ കൊണ്ട് സത്യം ചെയ്യുന്നു. തീർച്ചയായും നാം അവരുടെ സ്ഥാനത്ത് അവർക്ക് പകരം അവരേക്കാൾ ഗുണമേന്മയുള്ളവരെ പകരം കൊണ്ടുവരുവാൻ കഴിവുള്ളവനാണ്. നാം (നമ്മുടെ) പദ്ധതിയെ വ്യർഥമാവിലാക്കുന്നവനല്ല.' (വി. ഖുർആൻ 70:41-42)***

ചുരുക്കത്തിൽ മനുഷ്യ പരിണാമം എന്നത് അനിഷേധ്യമായൊരു യാഥാർഥ്യമാണ്. മതവിശ്വാസികൾ ഈ പ്രകൃതി സത്യത്തെ അംഗീകരിക്കേണ്ടിയിരിക്കുന്നു. മതങ്ങളെ സൃഷ്ടിച്ച ദൈവം തന്നെയാണ് ഈ പ്രകൃതിയും പ്രകൃതിപ്രതിഭാസങ്ങളും സൃഷ്ടിച്ചത്. അത്കൊണ്ട് ശാസ്ത്രം കണ്ടെത്തിയ അനിഷേധ്യമായ പ്രകൃതി സത്യങ്ങളെ മതത്തിന്റെ പേരിൽ എതിർക്കുന്നത് ശരിയല്ല.

നോക്കുക, ഹദ്റത്ത് ഈസാ നബി(അ)ക്ക് ജിബ്രീലിന്റെ അനുഗ്രഹാശ്ശിസുകൾ പ്രാവിന്റെ രൂപത്തിലാണ് ദർശനത്തിൽ കാണിക്കപ്പെട്ടത്. എന്നാൽ ഈ അനുഗ്രഹം നബി (സ) അടുക്കൽ വന്നത് ഉന്നതവും പരിപൂർണവുമായ മനുഷ്യരൂപത്തിലാണ്. അനുഗ്രഹങ്ങളുടെ നിലവാരത്തിനും വ്യത്യാസമുണ്ട്. ഈ നിലവാര വ്യത്യാസം കാരണത്താലാണ് ജിബ്രീലിന് റൂഹുൽ ഖുദുസ്, റൂഹുൽ അമീൻ എന്നീ പല പേരുകളുള്ളത്. ജിബ്രീലിന് റൂഹുൽ ഖുദുസ് എന്ന് പേരുള്ളത് പരിശുദ്ധ വചനങ്ങൾ ഇറക്കുന്നതുകൊണ്ടാണ്. റൂഹുൽ അമീൻ എന്ന പേരിന് കാരണം പരിശുദ്ധ വചനങ്ങൾ ഇറക്കുന്നതിനാൽ അതിനെ എപ്പോഴും സംരക്ഷിക്കുകയും എല്ലാ വിധത്തിലുള്ള ന്യൂനതകളിൽ നിന്നും സുരക്ഷിതമാക്കിവെക്കുകയും ചെയ്യേണ്ട ചുമതല ഉള്ളത് കൊണ്ടാണ്. നബി (സ) തിരുമേനിക്ക് ഈ അനുഗ്രഹം ലഭിച്ചതുകൊണ്ടാണ് ജിബ്രീലി(അ)ന് ഈ പേര് ലഭിച്ചത്. തിരുനബി(സ) കാരണം ഒരു വിശേഷ നാമം കൂടി ജിബ്രീലി (അ)ന് ലഭിച്ചതിനാൽ ജിബ്രീൽ തിരുമേനിയോട് കടപ്പെട്ടിരിക്കുന്നു എന്നുപറയാം.

ചുരുക്കത്തിൽ, ജിബ്രീലിന്റെ ഛായ മറ്റ് നബിമാരുടെ മേൽ പരിശുദ്ധാത്മാവിന്റെ രൂപത്തിലാണ് പതിഞ്ഞതെങ്കിൽ നബി (സ) തിരുമേനിയുടെ മേൽ റൂഹുൽ അമീന്റെ രൂപത്തിലാണ് പതിഞ്ഞത്. പരിശുദ്ധി സംജാതമാക്കുക എന്നതുമാത്രമല്ല ജിബ്രീൽ ചെയ്യുന്നത്. മറിച്ച്, പരിശുദ്ധിയെ എന്നന്നേക്കുമായി നിലനിർത്തുകയും ചെയ്യുന്നു. റൂഹുൽ അമീനിൽ പരിശുദ്ധിയോടൊപ്പം ശാശ്വതത്വവും കാണപ്പെടുന്നതിനാൽ പരിശുദ്ധാത്മാവിനെ (റൂഹുൽ ഖുദുസ്) അപേക്ഷിച്ച് ഈ നാമം ഉന്നതമാണ്.(തുടരും)

# മിർസാ ഖുർശിദ് അഹ്മദ് സാഹിബ് നിര്യാതനായി




അഹ്മദിയ്യാ ജമാഅത്തിന്റെ ദീർഘകാല സേവകനും ഹദ്റത്ത് അഹ്മദ്(അ)ന്റെ സന്തതി പരമ്പരയിലെ അംഗവുമായിരുന്ന സാഹിബ് സാദാ മിർസാ ഖുർശിദ് അഹ്മദ് സാഹിബ് ജനുവരി 17ന് പാകിസ്താനിലെ അഹ്മദിയ്യാ കേന്ദ്രമായ റബ്വയിൽ വെച്ച് നിര്യാതനായി. നാസിർ അഅ്‌ലാ ആയി സേവനമനുഷ്ഠിച്ചു വരികയായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ

ഹദ്റത്ത് മസീഹ് മൗഊദി (അ)ന്റെ മൂത്ത പുത്രനായ സാഹിബ്സാദാ മിർസാ സുൽതാൻ അഹ്മദ് സാഹിബിന്റെ(റ) പൗത്രനും ഹദ്റത്ത് മിർസാ അസീസ് അഹ്മദ് സാഹിബിന്റെ മകനുമായിരുന്നു പരേതൻ. തന്റെ പിതാവിനേക്കാൾ മുമ്പ് ഹദ്റത്ത് മസീഹ് മൗഊദി (അ)ന് ബൈഅത്ത് ചെയ്തിരുന്ന പൗത്രനായിരുന്നു ഹദ്റത്ത് മിർസാ അസീസ് അഹ്മദ് സാഹിബ്.

1932 സെപ്റ്റമ്പർ 12 ന് ലാഹോറിലാണ് അദ്ദേഹം ജനിച്ചത്. പന്ത്രണ്ട് വയസ്സുള്ളപ്പോൾ തന്റെ ജീവിതം ഇസ്‌ലാമിക പ്രവർത്തനങ്ങൾക്ക് വേണ്ടി വഖ്ഫ് ചെയ്ത ത്യാഗിവര്യനായിരുന്നു മിർസാ ഖുർശിദ് അഹ്മദ് സാഹിബ്. അപ്പോൾ അദ്ദേഹം ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർഥിയായിരുന്നു. പിന്നീട് മെട്രിക് പൂർത്തിയാക്കിയത് ഖാദിയാനിലെ ഹൈസ്കൂളിൽ നിന്നായിരുന്നു. അതു കഴിഞ്ഞ് ടി.ഐ. കോളേജിൽ നിന്ന് വിദ്യാഭ്യാസം നേടി. പിന്നീട് ലാഹോർ ഗവൺമെന്റ് കോളെജിൽ നിന്ന് ഇംഗ്ലീഷിൽ എം. എ. കരസ്ഥമാക്കി. 1956 മുതൽ 1973 വരെ റബ്വ ടി. ഐ കോളേജിൽ ഇംഗ്ലീഷ് അധ്യാപകനായി സേവനമനുഷ്ഠിച്ചു.

നാസിർ ഖിദ്മത്തെ ദർവേശാൻ, അഡീഷനൽ നാസിർ അഅ്‌ലാ, നാസിർ ഉമൂറെആമാ, നാസിർ അഅ്‌ലാ എന്നിങ്ങനെ നിരവധി തസ്തികകളിൽ ദീനീ സേവനം അനുഷ്ഠിക്കാൻ പരേതന് സൗഭാഗ്യം ലഭിച്ചിട്ടുണ്ട്.

1955 വിവാഹിതനായ മിർസാ ഖുർശിദ് അഹ്മദ് സാഹിബിന് ആറ് ആൺ മക്കളായിരുന്നു. അതിൽ നാലുപേരും ജീവിതം വഖ്ഫ് ചെയ്തവരാണ്. രണ്ടു പേർ ഡോക്ടർമാരാണ്. കഴിഞ്ഞ വർഷമാണ് അദ്ദേഹത്തിന്റെ പത്നി ദിവംഗതയായത്. ഭാര്യയുടെ വേർപാടിനു ശേഷം അദ്ദേഹത്തിന്റെ ആരോഗ്യനില മോശമായി. ഹൃദ്രോഗം ആദ്യം മുതലേ ഉണ്ടായിരുന്നു.

സ്തുത്യർഹമായ ഓർമശക്തിക്ക് ഉടമയായിരുന്നു പരേതൻ. നാസിർ അഅ്‌ലാ സ്ഥാനം വഹിക്കുന്നതിനാൽ നൂറുകണക്കിന് കത്തുകളും പരാതികളും ദിനേന വായിക്കേണ്ടി വരുമായിരുന്നു. പലപ്പോഴും മാസങ്ങൾക്കുമുമ്പേ ഫയലിൽ ആക്കിക്കഴിഞ്ഞിട്ടുണ്ടായിരുന്ന കാര്യങ്ങൾ അതിനെക്കുറിച്ച് എന്ത് നടപടിയാണ് എടുത്തത്, അത് എവിടെ ഫയൽ ചെയ്തു എന്നീ കാര്യങ്ങൾ അദ്ദേഹത്തിന് ഓർമയുണ്ടാകുമായിരുന്നു.

നമസ്കാരത്തിന്റെ കാര്യത്തിൽ, വിശേഷിച്ച് ജമാഅത്തായുള്ള നമസ്കാരത്തിന്റെ കാര്യത്തിൽ വളരെ കൃത്യനിഷ്ഠ പുലർത്തിയിരുന്നു. വളരെ അത്യാവശ്യ ഘട്ടങ്ങളിൽ മാത്രമേ അദ്ദേഹം നമസ്കാരം ജം ആക്കാറുണ്ടായിരുന്നുള്ളൂ. അസുഖം ബാധിച്ച് കിടക്കുന്ന അവസത്തിൽ പോലും ഇക്കാര്യങ്ങളിൽ സവിശേഷ ശ്രദ്ധ പുലർത്തിയിരുന്നു.

ഖിലാഫത്തുമായി അഭേദ്യമായ ബന്ധം പുലർത്തിയിരുന്ന ഖുർശിദ് അഹ്മദ് സാഹിബ് ജീവിതം മുഴുവൻ ഖിലാഫത്തിന് കീഴിൽ വിനയാന്വിതനായി സേവനമനുഷ്ഠിച്ചു. കഴിഞ്ഞ വർഷവും ഖലീഫത്തുൽ മസീഹിന്റെ നിർദേശമനുസരിച്ച് അനാരോഗ്യാവസ്ഥയെ അവഗണിച്ചുകൊണ്ട് ജൽസസാലാനയിൽ പങ്കെടുക്കാൻ ലണ്ടനിൽ എത്തിയിരുന്നു.

അല്ലാഹു പരലോകത്ത് പരേതന്റെ പദവി ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ സേവനങ്ങൾ സ്വീകരിക്കുമാറാകട്ടെ.

*പി. എം സലീം, കുവൈറ്റ്*

Published on 7.02.2018 Pages 44 Vol: 90 Issue. 2
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly


## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com